[illegible]

1441

# വിശ്വവ്യാപകമായ അനീതി

KOTTAYAM PUBLIC LIBRARY
KOTTAYAM

36

NATIONAL BOOK STALL
SPCS
LTD.
KOTTAYAM

(Malayalam)

**VISWA VYAPAKAMAYA ANEETHY**

TOLSTOY

First Impression

OCTOBER 1969

Copies :- 1000

Translated & Published by

**N. P. Sukumaran**

Gandhi Peace Foundation Chittoor Road,

Ernakulam, Cochin-16

Printed at

HINDI PRACHAR PRESS, COCHIN-16

**Price Rs. 2**

Mb7
Tol-V

# വിശ്വവ്യാപകമായ അനീതി

KOTTAYAM PUBLIC LIBRARY
45280
KOTTAYAM

## ടോൾസ്റ്റോയി

പരിഭാഷകൻ :

എൻ. പി. സുകുമാരൻ

വില: 2 രൂപ

KOTTAYAM PUBLIC LIBRARY
KOTTAYAM

# അവതാരിക

വിശ്വവന്ദ്യനായ ടോൾസ്റ്റോയിയെയും അദ്ദേഹത്തിന്റെ നിത്യനൂതനങ്ങളും ചിന്താബന്ധുരങ്ങളുമായ ഗ്രന്ഥങ്ങളെയും പററി ആരെയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. അദ്ദേഹത്തിന്റെ മഹത്തായ ചില ആശയങ്ങളാണ് ഈ ഗ്രന്ഥത്തിലുള്ളതു്. സത്യ-സമത്വ-സ്നേഹങ്ങളിൽ അടിയുറപ്പിച്ചുകൊണ്ടുള്ള സമൂഹത്തിലേയ്ക്കു വിരൽ ചൂണ്ടിയ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഗാന്ധിജിയുടെ ആശയങ്ങൾക്കു രൂപം നൽകാൻ വളരെ സഹായിച്ചിട്ടുണ്ടെന്നുള്ളതു് പ്രസിദ്ധമാണ്. ഇപ്രകാരമൊരു ഗ്രന്ഥം ഗാന്ധിജന്മശതാബ്ദി പ്രമാണിച്ച് മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്യാൻ മുമ്പോട്ടു വന്ന എന്റെ ജ്യേഷ്ഠസഹോദരനായ ശ്രീ. എൻ. പി. സുകുമാരനെ ഞാൻ അഭിനന്ദിക്കുന്നു. അഴകും ഒഴുക്കുമുള്ള ശൈലിയിൽ ഇതു മലയാളത്തിലാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു്.

ഗാന്ധിജിയും ടോൾസ്റ്റോയിയുമായിട്ടുള്ള ആശയപ്പൊരുത്തവും അവരുടെ ചിന്താഗതിക്കുണ്ടായിരുന്ന ഏകഭാവവും ബോദ്ധ്യപ്പെടുത്തുന്ന ഈ വിശിഷ്ട ഗ്രന്ഥത്തിനു് മലയാളത്തിൽ വമ്പിച്ചൊരു സ്വാഗതം ലഭിക്കുമെന്നു പ്രത്യാശിച്ചുകൊണ്ടു് ഈ ഉദ്യമത്തിനു ഞാൻ വിജയമാശംസിച്ചുകൊള്ളുന്നു.

മഹാത്മാഗാന്ധി കോളേജ്,
തിരുവനന്തപുരം
29-9-1969

എം. പി. മന്മഥൻ

# വിവർത്തകൻെറ കുറിപ്പ്

ലോകത്തെങ്ങുമുള്ള മനുഷ്യസ്നേഹികളായ ചിന്തകന്മാരുടെയൊക്കെ തീക്ഷ്ണമായ ചിന്തക്ക് വിഷയമായിട്ടുണ്ട് ഭൂമിയുടെ പ്രശ്നം. പല രാജ്യങ്ങളും അവക്ക് ഹിതമായ മാർഗത്തിലൂടെ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ട്, ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നുമുണ്ട്. ചില രാജ്യങ്ങൾ അതു് പരിഹരിച്ചുവെന്ന് അവകാശപ്പെടുന്നുമുണ്ട്.

ഭാരതത്തിൽ ഭൂപ്രശ്നം അതിൻെറ ഗുരുതരാവസ്ഥയിലാണ്. കേരളത്തിൽ ആ ഘട്ടവും കഴിഞ്ഞിട്ടുണ്ട്. സ്വതന്ത്രഭാരതത്തിലെ രണ്ടു് പതിററാണ്ടുകാലത്തെ ഭരണ സംവിധാനവും പ്രക്രിയകളും ധനവാനെ കൂടുതൽ ധനവാനാക്കി ഉയർത്തുകയും ദരിദ്രനെ വീണ്ടും ദരിദ്രനാക്കി തറപററിക്കുകയുമായിരുന്നുവെന്ന് ഉന്നതന്മാരായ ദേശീയനേതാക്കന്മാർപോലും സമ്മതിക്കുന്നുണ്ട്.

ഭൂമിയും സമ്പത്തും പൊതു ഉടമയിലേക്ക് മാറേണ്ട കാലം ആസന്നമല്ല, അതിക്രാന്തമായിരിക്കുകയാണ്. അതെത്രവേഗം സാധിക്കുമോ അത്രയും നന്ന്. ഭൂവുടമകളും സമ്പന്നന്മാരും കാലഘട്ടത്തിൻെറ ആഹ്വാ

നം ശ്രവിക്കുകയും അതനുസരിച്ച് ഏററവും വേഗം പ്രവൎത്തിക്കുകയും ചെയ്താൽ അവൎക്കും സമൂഹത്തിനും അതു് നന്മയേ ചെയ്യൂ. അതിനവൎക്ക് അവസരം നൽകുന്ന മഹാ പ്രസ്ഥാനമാണു് ആചാര്യവിനോബാ ഭാവേയും ജയപ്രകാശ് നാരായണനും നേതൃത്വം നൽകുന്ന ഗ്രാമദാന പ്രസ്ഥാനം. ഗ്രാമദാനം എന്ന പദമുൾക്കൊള്ളുന്ന അൎത്ഥ സങ്കല്പത്തിൻെറ പരിധിയെക്കുറിച്ച് ഇനിയും വേണ്ടത്ര അറിവു് ബഹുജനങ്ങൾക്കു് ലഭിച്ചിട്ടുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഒരു കാൎയ്യം തീൎച്ചയാണു്. ക്രിയാത്മകമായി ഗ്രാമദാന പ്രസ്ഥാനവുമായി സഹകരിക്കുന്നതിനു് മാനസികമായ ഒരു തയാറെടുപ്പു് ആവശ്യമാണു്. ആ തയാറെടുപ്പിനു് ഈ പുസ്തകം സഹായകമാകുമെന്നു് ഞാനാശിക്കുന്നു.

ജോലിത്തെരക്കുകൾക്കിടയിൽ ഇത്ര ഭംഗിയായി ഈ പുസ്തകം അച്ചടിച്ചുതന്ന ഹിന്ദി പ്രചാര പ്രസ്സിലെ പ്രവൎത്തകരോടു് എനിക്കുള്ള നന്ദി രേഖപ്പെടുത്തട്ടെ. ഇതിനു പിന്നിൽ പ്രവൎത്തിച്ചിട്ടുള്ള പല കരങ്ങളുമുണ്ടു്. എല്ലാവൎക്കും നന്ദി.

എൻ. പി. സുകുമാരൻ

# പ്രസ്താവന

അക്കാലത്തു് സ്വന്തം പാപപ്രവൃത്തികളെക്കുറിച്ചു മനസ്സിലാക്കിയ ഉടമകൾ അടിമകളെ മോചിപ്പിക്കാതെതന്നെ കാര്യം സാധിക്കാൻ പല വിധത്തിലും പരിശ്രമിച്ചു വന്നു. നിർബന്ധപൂർവ്വമായ ദാസ്യവേലയിൽ നിന്നും മോചനം നേടുന്നതിനു് ഉടമകൾക്കു് പ്രതിഫലം നൽകേണ്ടതുണ്ടു് എന്നു് അവർ അടിമകളോടു പറഞ്ഞു. അവരുടെ അദ്ധ്വാന സമയം കുറച്ചു കൊടുത്തു. പക്ഷേ അതൊക്കെ, നിഷ്പ്രയോജനമായി. ഇതുപോലെ സ്വന്തം അപരാധം ബോദ്ധ്യമുള്ള ഭാവനാസമ്പന്നരായ കുറേ ജന്മിമാർ ഇന്നുമുണ്ടു്: അതിനാൽ സ്വന്തം രക്ഷക്കുവേണ്ടി അവർ ലഘുവായ നിബന്ധനകളിൽ കുടികിടപ്പുകാർക്കു് ഭൂമി നൽകാൻ തയാറാവുന്നു. ഭൂമി ബാങ്കുകൾവഴി അതു് വില്ക്കാൻകൂടി അവർക്കാഗ്രഹമുണ്ടു്. ജനങ്ങൾക്കുവേണ്ടി സ്കൂളുകളും കോളേജുകളും വിനോദമന്ദിരങ്ങളും സിനിമാ തിയേററുകളും നാടകശാലകളും വരെ നിർമ്മിച്ചു കൊടുക്കുവാൻ അവർ തയ്യാറാവും.

ഇനി മറുവശത്തു് സർക്കാരിന്റെ ഉദാസീനത നോക്കൂ. അതും അന്നത്തെപ്പോലെതന്നെ ഇന്നും തുടരുന്നു. എന്നാൽ അന്നും അടിമകളുടെ സ്ഥിതിവിശേഷം മെച്ചപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും നാനാപ്രകാരത്തിലുള്ള അസാധാരണവും ഉപരിപ്ലവവുമായ

ഉപായങ്ങൾ അന്വേഷിച്ചു കണ്ടെത്താൻ ശ്രമിച്ചിരുന്നവർ അടിമകളുടെ പ്രശ്നം പരിഹരിച്ചില്ല. അതൊക്കെ പരിഹരിക്കപ്പെടേണ്ടവയാണെന്ന് അടിയുറച്ചു വിശ്വസിക്കുകയും കേവലമായ ഒഴികഴിവുകൊണ്ടു് തൃപ്തിപ്പെടാൻ കൂട്ടാക്കാതിരിക്കുകയും ചെയ്തവരാണു് അതു് പരിഹരിച്ചതു്. ചില പ്രത്യേക ബുദ്ധിമുട്ടുകൾ നേരിടേണ്ടതായി വന്നേക്കുമെന്ന വിചാരം അവരെ പിൻതിരിപ്പിച്ചില്ല, പ്രശ്നങ്ങളെ ഉപേക്ഷിക്കാൻ പ്രേരിപ്പിച്ചതുമില്ല. മറിച്ചു് ഈ തിന്മ ഇപ്പോൾ, ഉടൻ അവസാനിക്കണം എന്നവർ പ്രഖ്യാപിക്കുകയായിരുന്നു. അംഗീകൃതമായ ഒരന്യായം തുടന്നു് നിലനില്ക്കാനുള്ള സാഹചര്യം ഉണ്ടായേക്കാൻ മതി എന്നു് ചിന്തിക്കാനുള്ള സാദ്ധ്യതപോലും അവർ ഊഹിച്ചില്ല. അന്നത്തെ സാഹചര്യത്തിൽ ഏററവും ഉചിതമെന്നു തോന്നിയ ഒരു നടപടിയാണവർ സ്വീകരിച്ചതു്. ഭൂപ്രശ്നം സംബന്ധിച്ചും ഇതുതന്നെ സംഭവിക്കേണ്ടിയിരിക്കുന്നു.

ഈ പ്രശ്നം ആരു് പരിഹരിക്കാൻ ? തിന്മയെ പൂഴ്ത്തിവെയ്ക്കുന്നവക്കും, ജനങ്ങളുടെ ആശ്വാസത്തിനു് മാർഗ്ഗം അന്വേഷിക്കുകയോ പ്രവൃത്തി പിന്നേയ്ക്കു് മാററി മാററി നീട്ടിക്കൊണ്ടുപോകുകയോ ചെയ്യുന്നവക്കും അതു് സാദ്ധ്യമല്ല. തിന്മ എത്രയൊക്കെ പൂഴ്ത്തിവെച്ചാലും അതു് തിന്മതന്നെയെന്നു് വിശ്വസിക്കുന്നവക്കേ അതു് പരിഹരിക്കാനാവൂ. ഒരുവശത്തുകൂടി ഉപദ്രവിക്കുകയും മറുവശത്തുകൂടി ചില സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ ശ്രമിക്കുകയും ചെയ്യുക നിരത്ഥകമാണെന്നു് മനസ്സിലാക്കുന്നവക്കേ അതു് പരിഹരിക്കാനാവൂ. ജനങ്ങൾ വേദനയും കടിച്ചിറക്കി കഴിയുന്നവ

AYAM PUBLIC LIB
KOTTAYAM

രാണെങ്കിൽ അവരുടെ വേദനയകററാനുള്ള ഏററവും മെച്ചമായ മാൎഗ്ഗം ഏററവും വേഗം സ്വീകരിക്കേണ്ടതാണ്, കാലവിളംബം ആവശ്യമില്ല എന്ന് വിശ്വസിക്കുന്നവൎക്കേ അതു് പരിഹരിക്കാനാവൂ.

വളരെ എളുപ്പമാണ് ആ ജോലി. അതിനുള്ള മാൎഗ്ഗം ഹെൻറി ജോർജ്ജ് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. അതു് പൂൎണ്ണവും പ്രായോഗികവുമാണ്. സൎക്കാരിൻെറ നിലവിലുള്ള ഭരണക്രമങ്ങളിലോ അനിവാര്യമായ നികുതി സമ്പ്രദായങ്ങളിലോ ഇതിനേക്കാളും പ്രായോഗികവും ന്യായയുക്തവും സമാധാനപൂൎണ്ണവുമായ പരിഹാരം കണ്ടെത്തുക സാദ്ധ്യവുമല്ല.

ഹെൻറി ജോൎജ്ജ് പറയുന്നു :—

"ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച സത്യം നിരാകരിക്കുന്നതിനോ പൂൎത്തീകരിക്കുന്നതിനോ സ്വാൎത്ഥത തീൎച്ചയായും അജ്ഞതയുടെ സഹായം തേടും. എന്നാൽ സത്യത്തിൻെറ ജീവൻ ബീജരൂപത്തിൽ അതിലന്തൎല്ലീനമാണ്. കാലം അനുകൂലവുമാണ്.

ഭൂമി പാകമാണ്. ഉഴുതുമറിച്ചിട്ടിരിക്കുകയാണ്. വിത്തും വിതച്ചു കഴിഞ്ഞിട്ടുണ്ട്. മുള പൊട്ടും. വൃക്ഷം വളരും. ഇന്നതു് കാണപ്പെടുന്നില്ല. എന്നാൽ ഭക്തിഭാവം വഴിതുമ്പി നില്ക്കുന്ന കണ്ണുകൾക്കതു് കാണാൻ കഴിയും." സ്വകാര്യ ഭൂവുടമാവകാശമെന്ന പാപത്തിൻെറ അന്ത്യം ആസന്നമാണെന്ന ഹെൻറി ജോൎജ്ജിൻെറ അഭിപ്രായം ഞാൻ അംഗീകരിക്കുന്നു. അവസാന പേററുനോവായിരുന്നു അദ്ദേഹം രൂപം കൊടുത്ത പ്രസ്ഥാനം. ഇനി ജന്മമെടുക്കാൻ ഏറെ താമസമൊന്നും വേണ്ട. ദീൎഘകാലമായി ജനങ്ങൾ സഹിച്ചുവന്നിരുന്ന വേദനകൾക്കും യാതനകൾക്കും അന്ത്യമുണ്ടാവും.

ബൃഹത്തും വിശ്വവ്യാപകവുമായ ഈ പാപം നമ്മു ടെ റഷ്യാക്കാരുടെയിടയിൽനിന്നും തിരോധാനം ചെയ്യും. ആദ്ധ്യാത്മികവും സാമ്പത്തികവുമായ സ്വന്തം പ്രത്യേക കാരണങ്ങളാൽ ജഗന്നിയന്താവ് വിശ്വവ്യാപകമായ ഈ പ്രവൃത്തിക്ക് റഷ്യയെതയ്യാറാക്കിയിട്ടുണ്ട്. ഇതിൻെറ അന്ത്യം മനുഷ്യത്വത്തിൻെറ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായത്തിൻെറ ആരംഭം കുറിക്കും. എത്രചെറിയ തോതിലായാലുംശരി, അതിൽ എൻെറ എളിയ പങ്കും ഉണ്ടവും. യൂറോപ്യന്മാരും അമേരിക്കക്കാരും നോക്കിക്കൊണ്ടിരിക്കെ അവരെപ്പോലെ റഷ്യക്കാരെയും വെറും തൊഴിലാളികളാക്കി (Proletariot) മാററരുതെന്ന് ഞാൻ കരുതുന്നു. മറിച്ച് സ്വന്തം വീട്ടിൽ, സ്വകാര്യഭ്രവുടമാവകാശം അവസാനിപ്പിച്ച് ഭൂപ്രശ്നം പരിഹരിക്കട്ടെ. തൊഴിൽ ഫാക്ററിറികളോ മുതലാളിത്തത്തിൻെറ ഹിംസയോ, അടിമത്തമോ തൊട്ടുതീണ്ടാതെ സ്വതന്ത്ര്യവും സുഖകരവുമായ ജീവിതമാർഗ്ഗം എങ്ങനെ നേടിയെടുക്കാമെന്ന് റഷ്യ ബുദ്ധിപൂർവ്വം ലോകജനതയെ ബോദ്ധ്യപ്പെടുത്തട്ടെ. റഷ്യയുടെ മഹത്തായ ചരിത്രപരമായ കടമയതാണ്.

റഷ്യയിൽ പരോപജീവികളായ നമ്മെപ്പോലുള്ളവർ സാധാരണ ജനങ്ങളുടെ അദ്ധ്വാനത്തിൽക്കൂടി വളർന്നുവന്നവരാണ്. സാധാരണക്കാരുടെ അദ്ധ്വാനത്തിലൂടെയാണ് തലച്ചോറുകൊണ്ട് പണിയെടുക്കാനവർക്ക് അവസരം ലഭിച്ചതു്. അവർ സ്വന്തം പാപം മനസ്സിലാക്കട്ടെ. വ്യക്തിപരമായ ലാഭചിന്ത കണക്കിലെടുക്കാതെ ഈ പാപത്തിനന്ത്യം കുറിക്കാൻ അദ്ധ്വാനിക്കട്ടെ. നമ്മെ നിന്ദിച്ച് ഒരു വെല്ലുവിളിയായി നിലകൊള്ളുന്ന ആ സത്യത്തിൻെറ ആഹ്വാനമനുസരിച്ചുകൊണ്ട് നമുക്ക് അദ്ധ്വാനിക്കാം. ★

# വിശ്വവ്യാപകമായ അനീതിയും എൻെറ ശബ്ദവും

നമ്മുടെ നാട്ട് ഒരു പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോവുകയാണു്. അതിൻെറ അനിവാര്യമായ അനന്തരഫലം ഉണ്ടാവുകതന്നെചെയ്യും.

വിപ്ലവം വളരെ ആസന്നമാണെന്നും അതു് സംഭവിക്കുകതന്നെ ചെയ്യുമെന്നും തോന്നുന്നു. ആർക്കാണങ്ങനെ അധികം തോന്നുന്നതു്? കായികാദ്ധ്വാനം ചെയ്യുന്നതിനു് സമയവും ശക്തിയും ഉപയോഗപ്പെടുത്തേണ്ടാത്തതിനാൽ രാഷ്ട്രീയത്തിൽ താല്പര്യമെടുക്കുന്ന ഒരു വിഭാഗമുണ്ടല്ലോ, അവർക്കാണു് സാധാരണയായി അങ്ങനെ തോന്നുന്നതു്. വ്യാപാരികൾ, സർക്കാരുദ്യോഗസ്ഥന്മാർ, ഡോക്ടർമാർ, എൻജിനീയർമാർ, തൊഴിലാളികൾ, പ്രൊഫസർമാർ, അദ്ധ്യാപകർ കലാകാരന്മാർ, വിദ്യാർത്ഥികൾ, വക്കീലന്മാർ എന്നിവരാണു് നമ്മുടെ നാട്ടിലെ വിപ്ലവപ്രസ്ഥാനങ്ങളുടെ പ്രയോക്താക്കൾ. ഇവരിലധികപങ്കും നഗരങ്ങളിലധിവസിക്കുന്ന

വരും ബുദ്ധിജീവികളെന്നു് അറിയപ്പെട്ടുന്നവരുമാണു്. ഇന്നു നിലവിലിരിക്കുന്ന ഭരണക്രമം മാററിമറിച്ചു് നാട്ടിലെ ജനങ്ങൾക്കു് സ്വാതന്ത്ര്യവും നന്മയും കൈവരുത്തുന്നതിനു് ഏററവും ഉചിതമെന്നും അനുയോജ്യമെന്നും അവരോ അവരുടെ പാർട്ടികളോ വിശ്വസിക്കുന്ന ആ ഭരണക്രമം ഏർപ്പെടുത്തുകയാണു് അവരുടെ ലക്ഷ്യം.

സർക്കാരിൻെറ തോന്ന്യാസപൂർണ്ണമായ നാടുകടത്തലുകൾ, തടങ്ങലിൽ വെയ്പ്, സമ്മേളനങ്ങളുടെ നിരോധനം, പുസ്തകങ്ങളുടെയും പത്രങ്ങളുടെയും നിരോധനം, ഹർത്താലും ട്രെയിഡുയൂണിയനും സംബന്ധിച്ച നിയമബന്ധനങ്ങൾ, പൗരസ്വാതന്ത്ര്യങ്ങളിലുള്ള നിയന്ത്രണങ്ങൾ എന്നിവ തുടർച്ചയായി സഹിച്ചുപോന്നിട്ടുള്ള ജനങ്ങളാണവർ. പക്ഷേ അതേസമയം റഷ്യയിലെ ഭൂരിപക്ഷം കർഷകരുടേതുമായി യാതൊരു ബന്ധവുമില്ലാത്തവിധമുള്ള ജീവിതമാണവർ നയിച്ചു വരുന്നതു്. തങ്ങളിൽ ചുമത്തിയിട്ടുള്ള ബന്ധനങ്ങളാണു് നാട്ടിലെ പ്രമുഖ തിന്മയെന്നു് സ്വഭാവികമായും അവർ വിചാരിക്കുന്നുമുണ്ടു്. അതിനാൽ അവയിൽനിന്നും മുക്തമാവുക അടിയന്തിരാവശ്യമാണെന്നു് അവർ ധരിച്ചു വശായിരിക്കുന്നു.

മിതവാദികളുടെയും സോഷ്യലിസ്റ്റു ജനാധിപത്യവാദികളുടെയും വിചാരമാണു് മുകളിലുദ്ധരിച്ചതു്. ജനകീയപ്രസ്ഥാനങ്ങൾവഴി സമരം നടത്തി ജനപ്രതിനിധികളായി മാറി, രാഷ്ട്രീയാധികാരം കയ്യേല്ക്കുമ്പോഴും,

സ്വന്തം സിദ്ധാന്തങ്ങൾക്കനുസൃതമായ ഒരു സാമൂഹ്യ വ്യവസ്ഥിതി പടുത്തുയർത്തുന്നതിനുള്ള ശക്തി തങ്ങളിൽ വന്നുചേരും എന്നവർ വിശ്വസിക്കുന്നുണ്ട്.

ജനസഞ്ചയത്തിന് ഏററവുമധികം സ്വാതന്ത്ര്യവും സുഖവും സമാധാനവും ലഭ്യമാകുന്നതിന്, ഇന്നത്തെ സക്കാരിൻെറ സ്ഥാനത്ത് പുതിയ സക്കാർ രൂപീകരിച്ച് അനുയോജ്യമായ നിയമങ്ങൾ സൃഷ്ടിക്കണമെന്ന് ആഗ്രഹിക്കുന്നത് വിപ്ലവകാരികളാണ്.

യൂറോപ്പിലും അമേരിക്കയിലും പ്രയോഗത്തിലിരിക്കുന്ന ഭരണക്രമത്തിൻെറ മാതൃക—അത് അവിടങ്ങളിലെ ജനസഞ്ചയത്തിൻെറ സ്വാതന്ത്ര്യത്തിനും നന്മക്കുമുള്ള രക്ഷാകവചമാണെന്ന് വാഴ്ത്തപ്പെടുന്നു—റഷ്യയിലേക്കും പകത്തുകയെന്നതാണ് രാജ്യത്തിൻെറ മുമ്പിൽ ഇന്നുള്ള പ്രധാന കത്തവ്യമെന്ന് അഭ്യസ്തവിദ്യരായ നമ്മുടെ ആളുകളിൽ ഒരു വിശ്വാസം ദൃഢരൂഢമായിട്ടുണ്ട്. അല്പസമയത്തേക്കു നമ്മുടെ ഉള്ളിൽ നിന്നും ഈ വിചാരം നീക്കിനിത്തിയിട്ട് നമ്മുടെ ജീവിതത്തിലെ സദാചാരപരമായ ദോഷം എന്തെന്ന് ചിന്തിക്കുമെങ്കിൽ നമുക്കു വ്യക്തമായി മനസ്സിലാവും, റഷ്യയിലെ ജനങ്ങളെ ഏറെക്കാലമായി ബുദ്ധിമുട്ടിച്ചുവരുന്ന പ്രശ്നം തികച്ചും മറെറാന്നാണെന്ന്. ആ പ്രശ്നം വളരെയധികം അവക്ക് ഭാവനയിൽ കാണാനും കഴിയുന്നുണ്ട്.

രാഷ്ട്രീയമായ പരിഷ്ക്കാരങ്ങൾകൊണ്ടൊന്നും ദൂരീകരിക്കാവുന്ന ഒരു ബുദ്ധിമുട്ടല്ല അത്. യൂറോപ്പിലോ

അമേരിക്കയിലോ ഇതുവരേ ആ ബുദ്ധിമുട്ടു് ദൂരീകരിക്കാനൊട്ടു് കഴിഞ്ഞിട്ടുമില്ല. അടിസ്ഥാനപരമായ ആ ബുദ്ധിമുട്ടു്, റഷ്യക്കാരെ മാത്രമല്ല; എല്ലാ യൂറോപ്യന്മാരെയും എല്ലാ അമേരിക്കക്കാരെയും ബാധിച്ചിട്ടുണ്ടു്. ഇനി എന്താണാവോ ആ ബുദ്ധിമുട്ടു്? ഇതുതന്നെ, ബഹുഭൂരിപക്ഷം ജനങ്ങൾ അടിസ്ഥാനപരവും പ്രകൃതിദത്തവുമായ അവകാശാധികാരങ്ങളിൽനിന്നും വഞ്ചിക്കപ്പെട്ടിരിക്കുന്നു. എന്താണാ അവകാശാധികാരങ്ങൾ? അതു മററൊന്നുമല്ല, ഓരോരുത്തർക്കും അവർ ജനിച്ച ഭൂമിയുടെ ചെറിയൊരംശം ലഭിച്ചേ തീരൂ. മനുഷ്യനെ ഭൂമിയിൽനിന്നും അകററിനിർത്തുക നിശ്ചയമായും അന്യായവും തെമ്മാടിത്തരവുമാണു്. ഭൂവുടമകൾ കാലങ്ങളായി പിൻതുടൎന്നുവരുന്ന ഈ അനീതി തുടച്ചുമാററാത്ത കാലത്തോളം രാഷ്ട്രീയമായ പരിഷ്ക്കരണങ്ങൾകൊണ്ടു് ജനങ്ങൾക്കു് സ്വാതന്ത്ര്യവും സുഖവും സമാധാനവും നൽകാൻ കഴിയുകയില്ല എന്നു് ഇതേക്കുറിച്ചു് ആഴത്തിൽ ചിന്തിച്ചാൽ മനസ്സിലാകും. ഭൂപരമായ അടിമത്തത്തിനു ഇരയായിട്ടുള്ള ലക്ഷക്കണക്കായോ കോടിക്കണക്കായോ ജനങ്ങൾ, അതിൽനിന്നും മുക്തരാവുകയാണെങ്കിൽ, രാഷ്ട്രീയമായ പരിഷ്ക്കരണ പ്രവൃത്തികൾ ജനങ്ങളുടെ ഭാവനകളുടെ യഥാൎത്ഥ പ്രതീകമാകാൻ കഴിയുമെന്നുള്ളതു് നേരാണു്. അവർ മുക്തരാവുന്നി

ല്ലെങ്കിൽ, ഇതെല്ലാം രാഷ്ട്രീയക്കാരുടെ വിനോദവ്യം പാവകളിയും ചൂതാട്ടവുമായി അവശേഷിക്കുകയും ചെയ്യും.

നാടിൻെറ ഇന്നത്തെ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ സ്വന്തം സ്വാത്ഥലാഭങ്ങൾ നേടിയെടുക്കുന്നതിനു പകരം ജനങ്ങളുടെ യഥാത്ഥ നന്മ ആഗ്രഹിക്കുന്നവരെയാണു് ഞാൻ ഉദ്ദേശിക്കുന്നതു്.

★

# ഒരേ ദുഃഖം, ഒരേ ആഗ്രഹം

കുറെ ദിവസങ്ങൾക്കു മുമ്പാണതു്. ഒരു ശനിയാഴ്ച. അന്നു ഞാൻ റോഡിൽക്കൂടി നടക്കുകയായിരുന്നു. വണ്ടികളും തള്ളി കുറെ കൃഷിക്കാർ അങ്ങാടിയെ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. കന്നുകുട്ടികൾ, കോഴികൾ, കുതിരകൾ, പശുക്കൾ-എല്ലാമുണ്ടായിരുന്നു അവരുടെ കൂടെ. ചില പശുക്കൾ, വണ്ടിയിൽവെച്ചു തള്ളിക്കൊണ്ടു പോകത്തക്കവിധം അത്രയധികം ക്ഷീണിച്ചു വിവശമാണു്. മുഖത്തു ചുളിവുകളും ചാലുകളും വീണ ഒരു സ്ത്രീ, എല്ലുന്തി ഒന്നിനും കൊള്ളാത്ത ഒരു പശുവിനെയുംകൊണ്ടു പോവുകയായിരുന്നു. ഞാനവരെ തിരിച്ചറിഞ്ഞു. 'എന്തിനീ പശുവിനെ അങ്ങാടിയിലേക്കുകൊണ്ടു പോകുന്നു?' ഞാൻ ചോദിച്ചു.

'പശുവിനു പാലില്ല'—ആ സ്ത്രീ പറഞ്ഞു—'അതിനാൽ ഇതിനെ വിററിട്ടു മറെറാന്നിനെ വാങ്ങണം. പത്തുറപ്പികകൂടി കൊടുക്കേണ്ടിവരുമെന്നു എനിക്കറിയാം. പക്ഷേ എൻെറ കൈയിൽ അഞ്ചുറപ്പികയേയുള്ളു. ബാക്കിയുടെ കാര്യം ഒരു കുഴഞ്ഞ പ്രശ്ന

മാണ്. ശീതകാലത്തു ഉപ്പു്, എണ്ണ, ധാന്യങ്ങൾ മുതലായവയ്ക്കു് പതിനെട്ടുരപ്പിക ചെലവായിപ്പോയി. വീട്ടിൽ സമ്പാദിക്കാനാണെങ്കിൽ ഒററൊരുത്തനുണ്ടു്. തിന്നാനോ, ഏഴുപേരും, മക്കളും, പേരക്കിടാങ്ങളും, ഞാനുംകൂടി. എൻെറ മോൻ പട്ടണത്തിൽ കൂലി വേലയ്ക്കു പോകും.'

'മോൻ എന്താ വീട്ടിൽ താമസിക്കാത്തതു്?'—ഞാൻ ചോദിച്ചു.

'വീട്ടിലിരുന്നിട്ടു ആരെ പിടിച്ചു തിന്നാൻ? ഈച്ച പിടിക്കുമോ? ഞങ്ങൾക്കതിനുമാത്രം ഭൂമിയുണ്ടോ? എള്ളു വിതയ്ക്കാൻ കൂടി തികയത്തില്ല.'

ചടച്ചു മെലിഞ്ഞു മദ്ധ്യവയസ്കനായ ഒരു കൃഷിക്കാരനെക്കണ്ടു. വെളുത്തുവിളറിയ മുഖം. ചെളിവെള്ളം തെറിച്ചു പാടുകൾ നിറഞ്ഞ പൈജാമയാണയാൾ ധരിച്ചിട്ടുള്ളതു്. ഏതോ ഒരു ഖനിയിൽ പണിചെയ്തു മടങ്ങുകയാണയാൾ.

'നിങ്ങൾ എവിടെപോകുന്നു?'—ഞാൻ ചോദിച്ചു.

'എനിക്കൊരു കുതിരയെ വാങ്ങണം, ജൂലൈ മാസം അടുത്തു. എനിക്കൊരു കുതിരയില്ല. കുതിരയ്ക്കു വില ഏറിയേറി വരുന്നുവെന്നാണു ഞാൻ കേട്ടതു്.'

'കുതിരക്കുവേണ്ടി എന്തു ചെലവാക്കാം?'

'എൻെറ കയ്യിലുള്ളതത്രയും.'

'എത്രയുണ്ടു്?'

'വളരെ ബുദ്ധിമുട്ടി പതിനഞ്ചുറപ്പിക മിച്ചം പിടിച്ചിട്ടുണ്ടു്.'

ഇതു കേട്ടു കടന്നുവന്ന മറെറാരു കൃഷിക്കാരൻ ചോദിക്കുകയാണു് - 'ഇക്കാലത്തു് പതിനഞ്ചുറപ്പികയ്ക്കു നിനക്കെന്തു കിട്ടാൻ? രണ്ടു കുതിരയുടെ തൊലി കിട്ടുമായിരിക്കും....'

ആദ്യത്തെ കൃഷിക്കാരൻെറ പൈജാമാ മുട്ടിൻെറ ഭാഗത്തു കീറിയതും ചെളിവെള്ളം നിറഞ്ഞതുമാണു്. രണ്ടാമതു വന്ന കൃഷിക്കാരൻ ആയാളോടു ചോദിച്ചു— 'താൻ ആരുടെ ഖനിയിലാ പണി ചെയ്യുന്നതു്?'

'കോമാറോബിൻെറ'

'പിന്നെന്താ തനിക്കു പണത്തിനിത്ര പ്രയാസം?'

'പകുതി പകുതിയാണു്. അതിനാൽ നേർപകുതി അദ്ദേഹത്തിനു കൊടുക്കണം. അതദ്ദേഹം എടുത്തു.'

'നിനക്കെന്തു കൂലികിട്ടി?' ഞാൻ ചോദിച്ചു.

'എനിക്കു ആഴ്ചയിൽ രണ്ടുരൂപ. ചിലപ്പോൾ അതിലും കുറഞ്ഞു പോകും. എന്തുചെയ്യാൻ? ക്രിസ്തുമസ്സ്‌വരെ തള്ളിക്കൊണ്ടു പോകാനുള്ള ധാന്യങ്ങൾ ഞങ്ങൾക്കുണ്ടായിരുന്നില്ല. എണ്ണ വാങ്ങാൻകൂടി പൈസ ശേഷിച്ചില്ല.'

* * *

അല്പം മുമ്പോട്ടു പോയപ്പോൾ മറെറാരു കൃഷിക്കാരനെക്കണ്ടു. അയാൾ യുവാവാണു്. തടിച്ചു കൊഴുത്ത ഒരു കുതിരയെയുംകൊണ്ടു പോവുകയാണയാൾ, വില്പനയ്ക്കു്.

45280

'കുതിര കൊള്ളാമല്ലോ'? ഞാൻ പറഞ്ഞു. ഞാനതിനെ വാങ്ങാൻ ചെന്നായാളാണെന്നു് ധരിച്ചു, അയാറം.

'നിങ്ങറം എവിടെല്ലാംഎത്രയൊക്കെ അന്വേഷിച്ചാലും ഇതിലും മെച്ചമായൊരു കുതിരയെ കിട്ടാൻ പോകുന്നില്ല. കൃഷിക്കും സവാരിക്കും ഒരുപോലെ യോഗ്യമാണിതു്.'

'പിന്നെന്തിനതിനെ വില്ക്കുന്നു?'

'എനിക്കിതിന്റെ ആവശ്യമില്ല. വെറും രണ്ടേക്കർ നിലമേയുള്ളു. അതിനു ഒരെണ്ണമേ വേണ്ടു. ശീതകാലത്തു രണ്ടു കുതിരകളെ കെട്ടി സൂക്ഷിക്കാൻ ഞാൻ പെട്ട പാടു്! അവററക്കു തീററ കൊടുക്കാൻതന്നെ കയ്യിലുണ്ടായിരുന്നതൊക്കെ ചെലവായി. പിന്നെ ഇപ്പോറം കരം കൂടി കെട്ടേണ്ടതായി വന്നിരിക്കുന്നു.'

ജന്മിയുടെ പേരെന്താണു്?'

'മാറിയാ ഇവാനോവന—നല്ല ദയവുള്ള മനുഷ്യൻ. അദ്ദേഹം ഞങ്ങറംക്കു കുറേ ഭൂമി വിട്ടുതന്നു. ഇല്ലെങ്കിൽ പട്ടിണി കിടന്നേനേ.'

'അദ്ദേഹത്തിനു നിങ്ങറം എന്തു കരംകൊടുക്കുന്നു?'

'പതിന്നാലുറുപ. എന്തു ചെയ്യാൻ? കൊടുക്കാനൊരു കഴിവുമില്ല. എവിടെന്നെങ്കിലും ഉണ്ടാക്കി കൊടുക്കുകതന്നെ വേണം.'

*          *          *

തന്റെ കൊച്ചുകുട്ടിയെയുംകൊണ്ടു കുതിരപ്പുറത്തു കയറിപ്പോകുന്ന ഒരു സ്ത്രീയെക്കണ്ടു. കുട്ടിയുടെ തലയിൽ തൊപ്പിയുണ്ടു്. ആ സ്ത്രീക്കു എന്നെ അറിയാം. എന്നെക്കണ്ടു് അവൾ കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി. 'ഈ കുട്ടിക്കു എന്തെങ്കിലും ജോലിയുണ്ടാക്കിക്കൊടുക്കാമോ?' അവൾ ചോദിച്ചു. കുട്ടി എന്നു പറഞ്ഞാൽ തിളങ്ങുന്ന കണ്ണുകളുള്ള ഒരു കൊച്ചുപയ്യൻ. 'ഇവൻ കാഴ്ചയിൽ ചെറുതാണെങ്കിലും എല്ലാ ജോലിയും ചെയ്യും.'

'ഇത്ര ചെറുപ്പത്തിലേ എന്തിനിവനെക്കൊണ്ടു നീ കൂലിവേല ചെയ്യിക്കുന്നു?'

'അതുകൊണ്ടെന്താ ദോഷം? കുടുംബത്തിൽ തിന്നാനുള്ളവരുടെ എണ്ണം ഒന്നെങ്കിലും കുറയുമല്ലോ? വീട്ടിൽ എന്നെ കൂടാതെ നാലുപേരുണ്ടു്. ഭൂമി ഒരേക്കറം. ഞങ്ങൾ എങ്ങനെ തിന്നും കുടിച്ചും കഴിയുന്നുവെന്നു ഈശ്വരനുമാത്രമറിയാം. ഈ കുഞ്ഞുങ്ങൾ കരയുമ്പോൾ കൊടുക്കാൻ എന്റെ കയ്യിലൊന്നുമില്ല.'

*          *          *

നിങ്ങൾ ആരോടുവേണമെങ്കിലും സംസാരിച്ചുകൊള്ളു. ഒരേ ഒരു പരാതിമാത്രം കേൾക്കാം-വയറുനിറച്ചു ആഹാരം കിട്ടുന്നില്ല. അങ്ങുമിങ്ങും അലഞ്ഞു നടന്നു എല്ലാവരും പറയുന്നതു് ഒരേ കാര്യം-ആഹാരം കിട്ടുന്നില്ല. അതിനു കാരണം അവരുടെ കയ്യിൽ ഭൂമിയുടെ കുറവും.

KOTTAYAM PUBLIC LIBRARY KOTTAYAM

റോഡിൽക്കണ്ടവരെക്കുറിച്ചാണ് ഞാൻ മുകളിൽ സൂചിപ്പിച്ചതു്. ഇനി നമ്മുടെ രാജ്യത്തു് എവിടെയെങ്കിലുമുള്ള കൃഷിക്കാരുടെ ഇടയിലേക്കു ഒന്നിറങ്ങിച്ചെന്നു നോക്കണം. പട്ടിണിയും പരിവട്ടവുംകൊണ്ടു ക്ലേശിക്കുന്നവരെയാണ് അവിടെയൊക്കെ നിങ്ങൾക്കു കാണാൻ കിട്ടുക. ആ ക്ലേശങ്ങൾക്കൊക്കെ മൂലകാരണം ഒന്നേയുള്ളു.-അവരുടെ കയ്യിൽ ഭൂമിയില്ല. നമ്മുടെ നാട്ടിലെ പകുതിയിലധികം കൃഷിക്കാരെയും അലട്ടുന്ന പ്രശ്നം സ്വന്തം നിലവാരം എങ്ങനെ ഉയർത്താം എന്നതല്ല; പ്രത്യുത, തങ്ങളുടെ കുഞ്ഞുങ്ങളുടെ ജീവൻ ഏതുവിധം നിലനിർത്താം എന്നതാണ്. ഈ നാശത്തിനുള്ള കാരണം അവരുടെ കയ്യിൽ ഭൂമിയില്ല എന്നുള്ളതുതന്നെ.

റഷ്യയുടെ ഒരററം മുതൽ മറേറ അററംവരെ നിങ്ങളൊന്നു സഞ്ചരിച്ചുനോക്കു. പണി ചെയ്യുന്നയാളുകളോടൊന്നു ചോദിച്ചു നോക്കു. .നിങ്ങൾക്കെന്താണ് ദുഃഖം, നിങ്ങൾക്കെന്താണു വേണ്ടതു് എന്നു്. എല്ലാവരുടെയും മുഖത്തുനിന്നു ഒരേയൊരു മറുപടി ലഭിക്കും. എല്ലാവക്കും ഒരേയൊരാഗ്രഹമേയുള്ളു. എന്നു മുതൽ ആ പ്രതീക്ഷയിൽ കഴിയുന്നു? എപ്പോഴും അവർക്കീ ചിന്തയേയുള്ളു. എപ്പോഴും അവക്കിതേ ആഗ്രഹമുള്ളു.

എന്താണവരങ്ങനെ ചിന്തിക്കുന്നതും ആഗ്രഹിക്കുന്നതും? മറെറാരു രക്ഷയും അവക്കില്ല എന്നുള്ളതാണ് സത്യം. ജീവിത നിർവ്വഹണത്തിനാവശ്യമുള്ള ഭൂമി അവരുടെ കൈവശമില്ല. അല്പം വല്ലതുമുണ്ടെങ്കിൽ അവിടെ ഒരു കുടിലും വെച്ചുകെട്ടി കഴിയാൻ മാത്രമേ

അതു് മതിയാകും എന്നുള്ളതാണു പ്രഥമവും പ്രധാനവുമായ സംഗതി. അവരുടെ നാലുചുററും അവരെ പീഡിപ്പിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്ന ജന്മിമാരുടെയും വ്യാപാരികളുടെയും മററു വലിയ ആളുകളുടെയും വയലുകളാണു്. ഈ അടിമത്തം ഓരോ നിമിഷത്തിലും അവരെ എങ്ങനെ വേദനിപ്പിക്കാതിരിക്കും?

എന്നും എപ്പോഴും ഇതേ വിചാരം, ഇതേ പരിഭ്രമം, അവക്കല്പവും സമാധാനമില്ല. എന്നും അവക്കു പിഴ, ശിക്ഷ, അവമാനം സഹിക്കേണ്ടിവരിക ഇതാണനുഭവം. ചിലപ്പോഠം ഒരു കെട്ടു പുല്ലെടുത്തു എന്നതായിരിക്കും കുററം. ചിലപ്പോഠം കുറച്ചു വിറകു്—അതവക്കു് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണു്—എടുത്തുവെന്നതായിരിക്കും അപരാധം. ഇതൊന്നുമല്ലെങ്കിൽ അവരുടെ കുതിര ഏതെങ്കിലും വയലിലിറങ്ങിയെന്നതാവും കാര്യം.

ഒരിക്കൽ അന്ധനായ ഒരു പിച്ചക്കാരനുമായി റോഡിൽവെച്ചു സംസാരിക്കാൻ ഇടയായി. എൻെറ വാക്കുകളിൽനിന്നും, വത്തമാനപ്പത്രം വായിക്കാറുള്ള വിദ്യാഭ്യാസ സമ്പന്നനാണു് ഞാനെന്നു അയാഠം ഊഹിച്ചു. എന്നാൽ ഞാനൊരു മാന്യനാണെന്നു് അയാഠം ധരിച്ചില്ല. പെട്ടെന്നു നിന്നു. എന്നിട്ടു് സഗൗരവം എന്നോടു ചോദിക്കുകയാണു്—'പുതിയ വാത്തകഠംവല്ലതും കേട്ടോ.'

'ഇല്ലല്ലോ? എന്തിനെക്കുറിച്ചു്'-ഞാൻ.

'വലിയ ആളുകളുടെ ഭൂമിയെക്കുറിച്ചു്'—അയാഠം.

ഞാനൊന്നും കേട്ടില്ലെന്നു പറഞ്ഞപ്പോഠം തലയും കുലുക്കി അയാഠം നടന്നുകന്നു.

*　　　*　　　*

കുറച്ചു ദിവസങ്ങഠംക്കുമുമ്പു് ഒരു പഴയ ശിഷ്യനുമായി ഞാൻ കണ്ടുമുട്ടി. സമ്പന്നനും, സമത്ഥനും മിടുക്കനുമായ അഭ്യസ്ത വിദ്യനായ ഒരു യുവാവായിരുന്നു അയാഠം. ഞാൻ ചോദിച്ചു.-'ഭൂമിയെക്കുറിച്ചു വലിയ ചർച്ചകഠം നടന്നുകൊണ്ടിരിക്കുകയാണോ പറയൂ.'

—'തന്നെ,' ജനങ്ങളുടെയിടക്കു് ചൂടുപിടിച്ച സംസാരം നടക്കുന്നുണ്ടു്.'

'അതേക്കുറിച്ചു നിൻെറ അഭിപ്രായമെന്താ?'

'ഇനിയിപ്പോഠം നമുക്കൊക്കെ ഭൂമി കിട്ടാൻപോവുകയാണു്.'

പലതും സംഭവിച്ചുകൊണ്ടിരിക്കുന്നു. അതിലൊക്കെ മഹത്വമേറിയ കാര്യം ഒന്നുമാത്രമാണു്. അതിലെല്ലാക്കും താല്പര്യവുമുണ്ടു്. അതിലവക്കു വിശ്വാസവുമുണ്ടു്—അവക്കു വിശ്വസിക്കാതെ കഴിയില്ലതാനും—'ഭൂമി നമുക്കു് ലഭിക്കുകതന്നെ ചെയ്യും.'

★

## ഭൂവുടമയെക്കുറിച്ച്
## ഹെൻറി ജോർജ്ജ്

എന്താണ് മനുഷ്യൻ? ഒരു പ്രസംഗത്തിൽ ഹെൻറി ജോർജ്ജ് ചോദിച്ച ചോദ്യമാണതു്. അദ്ദേഹംതന്നെ അതിനു സമാധാനവും നൽകി.

ഒന്നാമതായി മനുഷ്യൻ ഭൂമിയിലധിവസിക്കുന്ന, ഭൂമിയില്ലാതെ ജീവിക്കാൻവയ്യാത്ത ഒരു ജീവിയാണ്. അവൻ ഉല്പാദിപ്പിക്കുന്നതൊക്കെ ഭൂമിയിൽനിന്നാണ്. ഉല്പാദകൻെറ ഈ അദ്ധ്വാനം മുഴുവൻ എന്താണ്? ഭൂമിയിലോ ഭൂമിയിൽനിന്നുളവായിട്ടുള്ള വസ്തുക്കളിലോ പണിചെയ്തു്, മനുഷ്യൻെറ ആവശ്യങ്ങളും ആഗ്രഹങ്ങളും സഫലമാക്കാൻ കഴിയുക എന്നതാണ് 'ഉല്പാദകൻെറ അദ്ധ്വാനം' കൊണ്ടുദ്ദേശിക്കുന്നതെന്നു് അന്തിമ വിശകലനത്തിൽ മനസ്സിലാകും. ഇതു മാത്രവുമല്ല, മനുഷ്യശരീരംകൂടി ഭൂമിയിൽനിന്നുതന്നെ എടുക്കപ്പെട്ടിട്ടുള്ളതാണ്. ഭൂമി പിതാവിൻെറ* സന്തതി

---

*റഷ്യയിൽ ഭൂമി പിതാവാണ്. നമ്മുടേതുപോലെ മാതാവല്ല. വിവ.

കളാണ് നാമൊക്കെ. ഭൂമിയിൽനിന്നാണ് നമ്മുടെ ഉത്ഭവം. ഭൂമിയിലേയ്ക്കുതന്നെ നാം ലയിച്ചുചേരുകയും ചെയ്യും. ഭൂമിയിലെ ഓരോ വസ്തുക്കളും മനുഷ്യനിൽ നിന്നു് പിടിച്ചെടുത്താൽ പിന്നെന്തായിരിക്കും ശേഷിക്കുക?

**ആത്മാവില്ലാത്ത ശരീരംമാത്രം!**

അതിനാൽ, നിങ്ങളുടെ കൈവശം ഭൂമിയുണ്ടെങ്കിൽ, മറെറാരുത്തനു് ജീവിക്കാൻ അതിൻെറ സഹായം ആവശ്യമെങ്കിൽ, നിങ്ങൾ അയാളുടെ ഉടമയായി മാറും, അയാൾ നിങ്ങളുടെ അടിമയായും. എനിക്കധിവസിക്കേണ്ട ഭൂമി നിങ്ങളുടെ അധീനതയിലാണെങ്കിൽ, നിങ്ങൾ എൻെറ ജീവിതത്തിനും മരണത്തിനും വ്യക്തമായും പൂർണ്ണമായും ഉത്തരവാദിയായി മാറുന്നു. അടിമത്തം അവസാനിപ്പിക്കുന്നതിനെക്കുറിച്ചും നാം ഒത്തിരിയൊക്കെ ഉൽഘോഷിക്കാറുണ്ടു്. എന്നാൽ അടിമത്തം അവസാനിപ്പിക്കാൻ നമുക്കു് എവിടെ സാധിച്ചിട്ടുണ്ടു്? അതിൻെറ വൃത്തികെട്ടൊരു രൂപംമാത്രം മാറിയിട്ടുണ്ടു്. ബൃഹത്തും അവ്യക്തവുമായ രൂപം ഇന്നും വിരാജിക്കുകയാണു്. ആ ദുഷിച്ച രൂപംകൂടി ഇല്ലാതാക്കുക ഇനിയും ബാക്കികിടക്കുന്നതേയുള്ളൂ. ഇന്നു് നിലവിലിരിക്കുന്ന വ്യവസായികാടിമത്തമുണ്ടല്ലോ, അതിൽ മനുഷ്യർ നൂറു ശതമാനവും അടിമയായി മാറുകയാണു്. എന്നാലവിടെ അവൻ സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നതായി നടിക്കുന്നുവെന്നുള്ളതു് കൗതുകമുളവാക്കുന്ന കാര്യമല്ലേ? സ്വാതന്ത്ര്യത്തിൻെറ പേരിൽ

അവനെ കളിയാക്കുകയും അവഹേളിക്കുകയുമാണു്, വാസ്തവത്തിൽ.

ഏററവുമധികം വിയപ്പൊഴുക്കുന്നവരാണു് ലോകത്തെവിടെയും ഏററവുമധികം വേദന തിന്നുന്നതെന്ന ദുഃഖസത്യത്തെക്കുറിച്ചു് എപ്പോഴെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ എന്നദ്ദേഹം ചോദിക്കുന്നു. എത്രയേറെ ദുഃഖവും ദാരിദ്ര്യവുമാണവക്കു് അനുഭവിക്കേണ്ടിവരിക. അവർ ഏററവും താഴ്ന്നവരെന്നു് കണക്കാക്കപ്പെടുകയും ചെയ്യുന്നു. ഈ ഭൂമിയെ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത തക്ബുദ്ധിയായൊരു മനുഷ്യൻ ഇവിടെ വന്നുവെന്നു് വിചാരിക്കുക. ഈ ഭൂമിയിൽ ജനങ്ങൾ എങ്ങനെയാണധിവസിക്കുന്നതെന്നും ആഹാരം, വസ്ത്രം, വീടു് എന്നീ അത്യാവശ്യസാധനങ്ങൾ സ്വന്തംഅദ്ധ്വാനത്തിലൂടെ അവരെങ്ങനെ സമ്പാദിക്കുന്നുവെന്നും നിങ്ങൾ അയാളെ ധരിപ്പിച്ചിരുന്നുവെന്നും കരുതുക. അയാൾ ഇവിടെ വന്നാൽ പ്രഥമ വീക്ഷണത്തിൽ എന്തായിരിക്കും ധരിക്കുക. ഏററവുമധികം അദ്ധ്വാനശീലരായ ജനങ്ങൾ ഏററവും നല്ല കെട്ടിടങ്ങളിൽ ഏററവുമധികം സുഖവും സന്തോഷവും അനുഭവിച്ചു ജീവിക്കുന്നു എന്നായിരിക്കില്ലേ? അദ്ധ്വാനംകൊണ്ടു് ലഭിക്കാവുന്ന എല്ലാസുഖസൗകര്യങ്ങളും അവക്കു് പ്രാപ്തമാണു് എന്നുമയാൾ ധരിക്കുകയില്ലേ? എന്നാൽ യാഥാർത്ഥ്യമെന്താണു്? അയാളെ നിങ്ങൾ ലണ്ടനിലേയ്ക്കു് കൂട്ടിക്കൊണ്ടുപോകൂ, അല്ലെങ്കിൽ പാരീസിലോ ന്യൂയോർക്കിലോ കൊണ്ടുപോകൂ, എന്തായിരിക്കും അയാളവിടെ

കാണുക—അദ്ധ്വാനിക്കുന്നവർ, രക്തം വെള്ളമാക്കി അദ്ധ്വാനിക്കുന്നവർ ഏററവും വലിയ ദരിദ്രരാണ്. ഇടിഞ്ഞു തകന്ന ചെററക്കുടിലുകളാണവരുടെ ആവാസകേന്ദ്രം!

ഇതുതന്നെയാണ് നമ്മുടെ നാട്ടിലും കുറേക്കൂടി വ്യാപകമായ തോതിൽ നിലവിലിരിക്കുന്ന സ്ഥിതി. അലസന്മാരായ ഒരു കൂട്ടമാളുകൾ എല്ലാ സുഖസൗകര്യങ്ങളുമുള്ള ഉയന്ന ബംഗ്ളാവുകളിൽ കഴിയുന്നു. അദ്ധ്വാനിക്കുന്ന ജനവിഭാഗം ഇരുളടഞ്ഞ അഴുക്കേറിയ ഇട്ടുങ്ങിയ മുറികളിൽ ഞെങ്ങിഞെരുങ്ങി തകന്നുകൊണ്ടിരിക്കുന്നു.

ഒന്നാലോചിച്ചു നോക്കൂ. എത്ര കൃത്രിമമാണ് ഈ സ്ഥിതിയെന്ന്. സ്വാഭാവികമായും ദാരിദ്ര്യത്തെ വെറുക്കുന്നവരാണ് നാമൊക്കെ. അതു് ഉചിതവുമാണു........പ്രകൃതിയിൽ നിന്നു് ലഭിക്കുന്നതെന്തും അദ്ധ്വാനം കൊണ്ടുമാത്രം ലഭിക്കുന്നവയാണ്. അദ്ധ്വാനിക്കാതെ യാതൊന്നും ലഭിക്കില്ല. സമ്പത്തായാലും കൊള്ളാം മറെറന്തായാലും കൊള്ളാം, അദ്ധ്വാനിച്ചെങ്കിൽ മാത്രമേ ലഭ്യമാകാൻ പോകുന്നുള്ളു. സത്യസന്ധമായി കഠിനമായി അദ്ധ്വാനിക്കുന്നവൻ ധനികനായി മാറുകയാണ് സ്വാഭാവികമായി വേണ്ടതും. അദ്ധ്വാനിക്കാത്തവൻ ദരിദ്രനായും. എന്നാൽ ഇന്നു്, പ്രകൃതിനിയമത്തിനു് തികച്ചും വിരുദ്ധമായി അദ്ധ്വാനിക്കുന്നവൻ ദരിദ്രനായേ മാറൂ എന്നു വിശ്വസിക്കുന്ന സ്വഭാവം നാം വളത്തിയെടുക്കുകയാണു്. അതിനു് അടിസ്ഥാനപരമായ കാരണം അദ്ധ്വാനിക്കുന്നവക്കു് അദ്ധ്വാനിക്കു

ന്നതിൻെറ വിലയായി മററുള്ളവരെന്തെങ്കിലും നൽകി യേ തീരു എന്നു് നാം നിർബന്ധിച്ചു വെച്ചിട്ടുണ്ടു് എന്നതു തന്നെ. നിങ്ങൾ ഒരു കോട്ടോ കുതിരയോ കെട്ടിടമോ വാങ്ങിയെന്നു വിചാരിക്കുക, അതിനു നിങ്ങൾ കൊടുക്കുന്ന വില അതിനുവേണ്ടി ചെലവായി ട്ടുള്ള അദ്ധ്വാനത്തിനു് പകരമാണു്. ആരെങ്കിലും എന്തെങ്കിലും ഉല്പാദിപ്പിച്ചു, അതിൻെറ വില നിങ്ങൾ കൊടുത്തു തീക്കുന്നു. അഥവാ ആ സാധനം നിമ്മിച്ച തിനു്, അതു വാങ്ങുന്നയാൾ പ്രതിഫലം കൊടുക്കുന്നു. എന്നാൽ നിങ്ങൾ മറെറാരാൾക്കു് ഭൂമിയുടെ വില നൽ കുമ്പോൾ, അവിടെ എന്തദ്ധ്വാനത്തിനാണു് നിങ്ങൾ അതു് ചെയ്യുന്നതു്. ഏതെങ്കിലും മനുഷ്യൻ ഉല്പാദി പ്പിച്ച വസ്തുവിനാണോ നിങ്ങൾ ആ വില നൽകുന്നതു്. മനുഷ്യൻ പിറവിയെടുക്കുന്നതിനും എത്രയോ മുമ്പു മുതൽ ഈ ലോകത്തുള്ള ഒരു വസ്തുവിനാണു് നിങ്ങൾ വില നൽകുന്നതു്? ആ ഭൂമിയിൽ നിന്നും ഉൽപ്പാദി പ്പിച്ചവയുടെ വിലയാണു് നൽകുന്നതെന്നു് ആരെങ്കിലും അവകാശപ്പെട്ടമെങ്കിൽ അതും തെററാണു്. കാരണം, ആ നൽകപ്പെട്ട വിലയുണ്ടല്ലോ അതയാൾ സ്വയം നി മ്മിച്ചതല്ല; പ്രത്യുത, സമൂഹമാണതു് നിമ്മിച്ചതു്. അ യാളും നിങ്ങളും മറെറാരാളും എല്ലാം സമൂഹത്തിലെ ഓരോ ഘടകങ്ങളാണു്.

ഭൂമി കൈവശമുള്ളവരും കയ്യടക്കിയവരും ധനിക രാകാനും, ഭൂമിയിലോ ഭൂമിയിൽനിന്നു് ലഭ്യമാകുന്ന വസ്തുക്കളിലോ അദ്ധ്വാനിക്കുന്നവർ ദരിദ്രരായി മാറാനും കാരണമിതാണു്.

ഉൽപ്പാദനം ആവശ്യത്തിലധികവും വദ്ധിച്ചിരിക്കുന്നുവെന്നു് പറയാറുണ്ടു്. വയറു നിറയെ ആഹാരം ലഭിക്കാതെ ഒരു വിഭാഗം ജനങ്ങൾ കഷ്ടപ്പെടുമ്പോൾ ഉൽപ്പാദനം വദ്ധിച്ചുവെന്നു് എങ്ങനെ സമ്മതിക്കാൻ! അത്യധികം വദ്ധിച്ചിരിക്കുന്നുവെന്നവകാശപ്പെടുന്ന സാധനങ്ങൾക്കു് ആവശ്യക്കാർ ഏറെയുണ്ടു്. അവക്കതു് ലഭിക്കുന്നുമില്ല. കാരണം അവ വങ്ങാൻ അവക്കു് യാതൊരു മാഗ്ഗവുമില്ല. ആഗ്രഹത്തിൻെറയോ ആവശ്യത്തിൻെറയോ അഭാവമല്ല, പിന്നെയോ വാങ്ങിയെടുക്കാനുള്ള മാഗ്ഗമില്ലായ്കയാണു്. എന്തുകൊണ്ടു് മാഗ്ഗമില്ല, അതാണു് പ്രശ്നം. കാരണം അവരുടെ സമ്പാദ്യം ലഘുവാണു്. ആയിരക്കണക്കിനോ ലക്ഷക്കണക്കിനോ ജനങ്ങൾക്കു് ഒരു ഉറപ്പികയ്യോ പന്ത്രണയ്യോ ഒരു ദിവസം പണി ചെയ്യേണ്ടിവരുമ്പോൾ, സാധനങ്ങൾ വില്ക്കപ്പെടാതെ മാക്കററിൽ അവശേഷിക്കും. അതിലെന്താണാശ്ചര്യം?

മനുഷ്യൻ ഇത്ര കുറഞ്ഞ കൂലിനിരക്കിൽ എന്തുകൊണ്ടു് പണി ചെയ്യേണ്ടിവരുന്നുവെന്ന പ്രശ്നം ഇവിടെ ഉയന്നു വരുന്നുണ്ടു്. കാര്യം വളരെ വ്യക്തമാണു്. അവർ കൂലിക്കൂടുതലിനുവേണ്ടി വാദിച്ചാൽ, അതേ ജോലി ചെയ്തുതീക്കുന്നതിനു് തൊഴിലില്ലാത്ത അസംഖ്യമാളുകളെ വേറെകിട്ടും. തൊഴിൽ രഹിതരായ വിപുലമായ ഈ സേനകൾ കാരണമായി നടന്നുവരുന്ന ശക്തമായ സമരം, ജീവിതം അസാദ്ധ്യമാക്കിത്തീക്കമാറു് കൂലിനിരക്കു് ഇത്രയധികം താഴ്ത്തിക്ക

ളഞ്ഞിരിക്കുകയാണു്. ജനങ്ങൾക്കു് കൈകാലുകളുണ്ടു്, തൊഴിലാണില്ലാത്തതെന്ന സത്യം നിങ്ങളുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ? ആദമിനോ റോബിൻസൺ ക്രൂസോവിനോ തൊഴിൽ ലഭിക്കാൻ ബുദ്ധിമുട്ടില്ലായിരുന്നു. തൊഴിൽ കിട്ടുക എന്ന പ്രശ്നം സ്വപ്നത്തിൽ പോലും അവരെ അലട്ടിയിരുന്നില്ല.

തൊഴിൽ കൊടുക്കാൻ മററാരുമില്ലെങ്കിൽ അവർ സ്വയം എന്തുകൊണ്ടു് തൊഴിലിൽ ഏർപ്പെടുന്നില്ല? കാരണമുണ്ടു്. സ്വയം എവിടെ അദ്ധ്വാനിക്കാൻ കഴിയുമോ അവിടെനിന്നും അവർ വഞ്ചിക്കപ്പെട്ടു് കഴിയുകയാണു്. ഏതെങ്കിലുമൊരു ഭൂവുടമയുടെ പടിക്കൽ പണിക്കുവേണ്ടി പരസ്പരം മത്സരിച്ചു് കാത്തുകിടക്കേണ്ടി വരാൻ കാരണം; സ്വയം അദ്ധ്വാനത്തിലേപ്പെടേണ്ട മാദ്ധ്യമമായ ഭൂമി അവരിൽനിന്നും അപഹരിച്ചു കളഞ്ഞതാണു്. ദൈവത്തിൻെറ ഈ ഭൂമിയിൽ ഒരെള്ളോളം ഭാഗംപോലും അവക്കു് സ്വന്തമായില്ല, അവിടെ അദ്ധ്വാനിച്ചു് ആ അദ്ധ്വാനഫലം മററാക്കും നൽകാതെ സ്വയം അനുഭവിക്കാൻ. ഓരോ സ്ഥലത്തും ആരെങ്കിലും അവകാശം ഉറപ്പിച്ചിട്ടുണ്ടു്. ആദ്യം ആ അവകാശം കൊടുത്തു തീക്കുക. അദ്ധ്വാനം പിന്നെയാകാം. അതാണു് ഭൂവുടമകളുടെനില. പക്ഷേ ഈ അവകാശം കൊടുത്തുതീക്കാനുള്ള വക എവിടുന്നു് കൊണ്ടുവരാൻ! അതവക്കു് കൊടുത്തുതീക്കാനും കഴിയുന്നില്ല, പണിയും കിട്ടുന്നില്ല.

ദാരിദ്ര്യം നശിക്കണേ എന്നു് മനുഷ്യൻ ഈശ്വരനോട്ടു് പ്രാൎത്ഥിക്കും. പക്ഷേ വാസ്തവമെന്താണു്? ദാരിദ്ര്യത്തിനു കാരണം, ഈശ്വരൻെറ നിയമങ്ങളൊന്നുമല്ല. ദാരിദ്ര്യത്തിനു കാരണം ഒരുത്തൻ മററൊരുത്തനോട്ടു് ചെയ്യുന്ന അന്യായമാണു്. ഈശ്വരൻ നമ്മുടെ പ്രാൎത്ഥന ചെവിക്കൊണ്ടു എന്നു കരുതുക. അദ്ദേഹത്തിൻെറ നിയമങ്ങൾ നിലവിലുള്ള കാലത്തോളം, നമ്മുടെ ആവശ്യങ്ങൾ എങ്ങനെ ഫലപ്രദമാകാൻ? സമ്പത്തു് എന്നു് വ്യവഹരിക്കപ്പെടുന്ന ആ പ്രതിഭാസം, ഈശ്വരൻ നമുക്കാൎക്കും അല്പംപോലും തരില്ല എന്നു് എല്ലാവൎക്കുമറിയാം. അദ്ദേഹം നമുക്കു് നൽകുന്നതു് അസംസ്കൃത പദാൎത്ഥങ്ങളാണു്. അതിൽ നിന്നും സമ്പത്തുല്പാദിപ്പിക്കാൻ മനുഷ്യനു് കഴിയണം. ഈ അസംസ്കൃതവസ്തുക്കൾ ഈശ്വരൻ നമുക്കു് വേണ്ടത്ര ഇന്നു് തന്നുകൊണ്ടിരിക്കുന്നില്ലേ? അദ്ദേഹം ആ വസ്തുക്കൾ ഇനിയും കൂടുതൽ കൂടുതൽ തരാൻ തുടങ്ങിയാൽ അതുകൊണ്ടു് ഈ ദാരിദ്ര്യം ഇല്ലാതെയാക്കാൻ എങ്ങനെ കഴിയും?

നമ്മുടെ പ്രാൎത്ഥന കേട്ടു് പ്രസാദിച്ചു് ദയാമയനായ ഭഗവാൻ സൂൎയ്യൻെറ ശക്തി വൎദ്ധിപ്പിക്കുകയും ഭൂമിയിൽ ഇന്നില്ലാത്ത പല ഗുണങ്ങൾ സൃഷ്ടിക്കുകയും ചെയ്തുവെന്നു കരുതുക. വൃക്ഷങ്ങളുടെ ഫലശക്തി വൎദ്ധിപ്പിക്കുകയും വളൎത്തുമൃഗങ്ങളുടെ 'ഭിനസ്സ്' മെച്ചപ്പെടുത്തിയെന്നും കരുതുക. ഇതിൽ നിന്നൊക്കെ മുതലെടുക്കുന്നതാരായിരിക്കും? പല പരിഷ്കൃത രാജ്യങ്ങ

ളെയ്യംപോലെ ഭ്രവുടമ ഒരുപിടി ആളുകളിൽ ഒതു ങ്ങി നിൽക്കുകയും, ക്രയവിക്രയങ്ങൾക്കവകാശവും അധികാരവുമുണ്ടായിരിക്കുകയും ചെയ്യുന്ന രാജ്യങ്ങളെ സങ്കല്പിച്ചുനോക്കൂ. അവിടെ ഈശ്വരൻെറ കൃപാക ടാക്ഷത്തിൽനിന്നും മുതലെടുക്കുന്നവർ ആരായിരിക്കും? ഭ്രവുടമകൾ മാത്രമായിരിക്കുമെന്നുള്ളതു് വ്യക്തമാണു്. നമ്മുടെ പ്രാത്ഥനകേട്ടു് ഹൃദയമലിഞ്ഞ ഈശ്വരൻ, മനുഷ്യനാവശ്യമുള്ള സാധനങ്ങളൊക്കെ സ്വർഗ്ഗത്തുനി ന്നിങ്ങോട്ടു് അയയ്ക്കാൻ തുടങ്ങിയെന്നും സങ്കല്പിക്കാം, അപ്പോഴും ശക്തരായിക്കും അതിൽനിന്നും മുതലെ ടുക്കുക.

'ഓൾഡ് ടെസ്റ്റമെൻറിൽ യഹൂദന്മാരെക്കുറിച്ചു് രസകരമായ ഒരു കഥയുണ്ടു്. അവർ ഒരു മരുഭൂമിയിൽ ക്കൂടി കടന്നുപോവുകയായിരുന്നു. വഴിക്കു് അവക്കു് വിശപ്പും ദാഹവും തോന്നി. അവർ ഈശ്വരനോടു് പ്രാത്ഥിച്ചു. ആകാശത്തുനിന്നും ആഹാരസാധനങ്ങൾ വീഴാൻതുടങ്ങി. അവക്കു് ആവശ്യമുള്ളത്ര വീണുകിട്ടി. വയറുനിറയെ ആഹാരം കഴിച്ചു് അവർ സംതൃപ്തരാ യി. ബ്രിട്ടനിലും മററു സ്ഥലങ്ങളിലും എന്നപോലെ ആ മരുഭൂമിയിലും വ്യക്തിപരമായ ഉടമാവകാശം ഉണ്ടായിരുന്നെങ്കിൽ! ഒരു യഹൂദൻെറ കയ്യിൽ ഒരേ ക്കർ, മറെറാരുത്തനു് ഇരുപതേക്കർ മൂന്നാമതൊരു ത്തനു് നൂറേക്കർ, ലക്ഷക്കണക്കിനോ കോടിക്കണ ക്കിനോ യഹൂദന്മാക്കു് ഉഴുന്നിൻെറ മുഖത്തുള്ള വെള്ള യുടെയത്ര ഭൂമിപോലുമില്ലാതിരിക്കുക, ആ സാഹച

ര്യത്തിൽ ഈശ്വരൻ ആകാശത്തുനിന്നും ആഹാരം വർഷിച്ചുകൊടുത്തിട്ടെന്തുകാര്യം? ഭൂരിപക്ഷം ജനങ്ങൾക്കും അതുകൊണ്ടെന്തെങ്കിലും മെച്ചമുണ്ടാവുമോ? ഒരിക്കലുമില്ല. ഈശ്വരൻ വേണ്ടുവോളം ആഹാരം എല്ലാവർക്കും വേണ്ടിയാണ് അയച്ചുകൊടുത്തതെങ്കിലും, അതു മുഴുവൻ ഭൂവുടമകളുടെ സ്വകാര്യസ്വത്തായി മാറിയേനേ. ആ ഭൂവുടമകൾ വേലക്കാരേ നിയമിച്ചു അതൊക്കെ് ശേഖരിച്ച് സ്വന്തം അറകൾ നിറച്ച്, വിശന്നുപൊരിയുന്നവർക്ക് വില്ക്കുമായിരുന്നു.'

ഇനി ഈ സാഹചര്യത്തെക്കുറിച്ചൊന്നു് ചിന്തിച്ചുനോക്കൂ. ധാന്യങ്ങളുടെ കൊട്ടക്കൽവാങ്ങൽ തകൃതിയായി നടന്നുകൊണ്ടിരിക്കുകയാണു്. 'മരിക്കാൻ തുടങ്ങുന്നവൻ എന്തും ചെയ്യും' എന്നൊരു പഴഞ്ചൊല്ലുണ്ടു്. നിസ്സഹായരായ യഹൂദന്മാരെല്ലാം സ്വന്തമായതൊക്കെ, സ്വന്തം വസ്ത്രങ്ങൾപോലും വിററുപെറുക്കി ആഹാരം സമ്പാദിക്കുമായിരുന്നു. അതും കഴിഞ്ഞാൽ പിന്നെ അവരുടെ കയ്യിൽ ചില്ലിക്കാശുപോലും ശേഷിക്കില്ല. അതിൻെറ ഫലമോ? ഭൂരിപക്ഷം യഹൂദന്മാരും ഒരു• വശത്തു് ഒരു നേരത്തെ ആഹാരത്തിനു വേണ്ടി ക്ലേശിക്കുകയും, മറുവശത്തു് ആഹാരപദാർത്ഥങ്ങൾ കുന്നുകുന്നായി അവശേഷിക്കുകയും. അതിൻെറ ഉടമകൾ ആഹാരപദാർത്ഥങ്ങൾക്കു് യാതൊരു ക്ഷാമവുമില്ലെന്നു് വിളിച്ചുകൂവും. വിളവു് വർദ്ധിച്ചിട്ടുണ്ടെന്നു് അവകാശപ്പെടും. ഒരുവശത്തു് ഭക്ഷ്യധാന്യങ്ങൾ കുന്നുകൂടി കിടക്കുമ്പോൾ തന്നെ മറുവശത്തു് തുല്യ

തോതിൽ പട്ടിണിക്കാരുടെ സംഖ്യ അവശേഷിക്കു കയും ചെയ്യും. ഇന്നു് നമ്മുടെ കൺമുമ്പിൽ നാം കാണുന്ന അതേ സ്ഥിതിവിശേഷം അവിടെ അന്നുണ്ടാകുമായിരുന്നു.

അടിസ്ഥാനപരമായി ഇന്നു കാണുന്ന അനീതികൾക്കു് ഒരിക്കൽ അറുതിവരുത്തിയാൽ പിന്നൊന്നും ചെയ്യാൻ ശേഷിക്കുകയില്ല എന്നു് ഞാനിപ്പറഞ്ഞതിനത്ഥമില്ല. പക്ഷേ ഒന്നു് തീർച്ചയാണു്. ഇന്നു് നിലവിലുള്ള എല്ലാ സാമൂഹ്യ പ്രശ്നങ്ങളുടെയും അടിയിൽ ഭൂപ്രശ്നമാണുള്ളതു്. നിങ്ങൾ എത്രയെല്ലാം പരിഷ്കരണപ്രവത്തനങ്ങൾ നടത്തിയാലും, ഇന്നു് ആഗോളാടിസ്ഥാനത്തിൽ കാണുന്ന ദാരിദ്ര്യം ഒഴിവാക്കുന്നതിനു്, മനുഷ്യജീവിതത്തിന്നടിസ്ഥാനമായ, അതിനു കാരണമായ ഭൂമി എന്ന പ്രതിഭാസത്തിൽ ഒരുപിടിയാളുകളുടെ ഉടമാവകാശം നിലനില്ക്കുന്ന കാലത്തോളം, പരിഷ്കരണപ്രവത്തനങ്ങൾ കൊണ്ടൊന്നും യാതൊരു പ്രയോജനവും ലഭിക്കാൻ പോകുന്നില്ല എന്നുള്ളതു് തീർച്ചയാണു്. ദാരിദ്ര്യം ഉന്മൂലനാശംചെയ്യുകതികച്ചും അസാദ്ധ്യമാണു്. സക്കാരിൽ പരിവത്തനങ്ങൾ വരുത്തിയാലും, നികുതിഭാരം എത്ര കുറച്ചാലും പുതുതായി റെയിൽ റോഡുകൾ തുറന്നാലും, സക്കാർ വിൽപ്പനശാലകൾ ആരംഭിച്ചാലും, മുതലാളികൾക്കും തൊഴിലാളികൾക്കുമായി ലാഭം വീതിച്ചുകൊടുത്താലും, മറെറന്തു ചെയ്താലും അതുകൊണ്ടു് എന്തുനേടാൻ? അതെ, ഒന്നു് സംഭവിക്കും, ഭൂമിയുടെ വിലയേറും.

അതല്ലാതെ മററൊന്നും സംഭവിക്കാൻ പോകുന്നില്ല. ദീർഘമായ അനുഭവം പഠിപ്പിക്കുന്ന പാഠമതാണ്. എല്ലാ പരിഷ്ക്കരണ പ്രവൎത്തനങ്ങളും ഭൂമിയുടെ വിലയേറാൻ സഹായിക്കുന്നതേയുള്ളു എന്നു പറഞ്ഞാൽ കുറെയാളുകൾ, സ്വന്തം നിലനില്പിനുവേണ്ടി മററുള്ളവരിൽനിന്നും വില ഈടാക്കുന്നുവെന്നൎത്ഥം.

റഷ്യയിൽ നാം തുടൎച്ചയായി ഇതു തന്നെയാണ് കാണുന്നതെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. ഭൂമിയിൽനിന്നുലഭിക്കുന്നതൊന്നും ശേഷിക്കുന്നില്ല; ആകെ നഷ്ടത്തിലാണ് എന്ന് ഭൂവുടമകൾ പരാതിപ്പെട്ടും. എന്നാൽ ഭൂമിയുടെ വില ഉയൎന്നുകൊണ്ടേ ഇരിക്കുകയും ചെയ്യുന്നു. അതങ്ങനെ സംഭവിക്കാനേ തരമുള്ളു. കാരണം, ജനസംഖ്യ വൎദ്ധിച്ചുകൊണ്ടേയിരിക്കുന്നതിനാൽ, ഭൂമി ഒരു ജീവന്മരണപ്രശ്നമാണ്.

ഇങ്ങനെ ഭൂമിയിൽ നിന്നും ജനങ്ങളെ ഒററപ്പെടുത്തി നിൎത്തിയിരിക്കുകയാണ്, അവർ. എല്ലാം നഷ്ടപ്പെട്ടുകൊണ്ടുമിരിക്കുന്നു — അദ്ധ്വാനശേഷിതന്നെയല്ല, ജീവൻകൂടി. ഭൂമിയുടെ പേരിലാണതൊക്കെ.

പലതും സംഭവിക്കുന്നുണ്ട്. മനുഷ്യൻ പച്ചമനുഷ്യനെ തിന്നുന്നുണ്ട്. മനുഷ്യൻ ബലിയൎപ്പിക്കപ്പെടുന്നുണ്ട്. മതത്തിൻെറ മറവിൽ വ്യഭിചാരം നടക്കുന്നു. ദുൎബ്ബലസന്താനങ്ങളെ അകാലമൃത്യുവിനു് ഇരയാക്കുന്നു. കൊലയ്ക്ക് കൊലകൊണ്ടുതന്നെ പകരംവീട്ടുന്നു. ചിലയിടങ്ങളിൽ ജനങ്ങളെ പരിച്ഛേദം കൊന്നുകൂട്ടുന്നു. ന്യായത്തിൻെറയും നീതിയുടെയും പേരിൽ ജനങ്ങൾ പലവിധ

ത്തിലും ഉപദ്രവിക്കപ്പെട്ടുന്നു. ശരീരത്തിൽ പല പ്രകാരത്തിലുള്ള മുദ്രകൾ ഏല്പിക്കപ്പെട്ടുന്നു. മനുഷ്യനെ ജീവനോടെ തീയിലിട്ടു ചുട്ടുന്നു. ചാട്ടവാറവെച്ച് നിർദ്ദയം അവനെ മർദ്ദിക്കുന്നു. മറ്റൊന്നുകൂടി സംഭവിച്ചിരുന്നു. അതു് നമ്മുടെ കൺമുമ്പിൽ തന്നെ അവസാനിച്ചു—അടിമത്തം.

ഭീകരങ്ങളായ ഈ സമ്പ്രദായങ്ങളൊക്കെ ഇപ്പോൾ അവസാനിച്ചുകഴിഞ്ഞു. പരിച്ഛേദം അതൊക്കെ അങ്ങ് അപ്രത്യക്ഷമായി എന്നു് ഇപ്പറഞ്ഞതിനു് അർത്ഥമില്ല. ചലനാത്മകമായബുദ്ധിയും ചേതനയുമുള്ള മനുഷ്യനു് ഇതൊന്നും സഹിക്കാനൊട്ടു് സാദ്ധ്യവുമല്ല. അതൊക്കെ കഴിഞ്ഞ കാലത്തിൻെറ വേദനനിറഞ്ഞ സ്മരണകൾ മാത്രമായിക്കഴിഞ്ഞു. ഇതുപോലെതന്നെ അസഹ്യമായ ചില കാര്യങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടു്. ഒരുദിവസംപോലും നിലനില്ക്കാനാർഹതയുള്ള കാര്യങ്ങളല്ലവ. മനുഷ്യൻ പൂർണ്ണതയിലേക്കു് നടന്നടുത്തുകൊണ്ടിരിക്കുകയാണു്. അവൻെറ മാർഗ്ഗം അനന്തമാണു്. ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും ഇപ്രകാരമുള്ള കൊള്ളരുതായ്മകളും വഞ്ചനയും അനീതിയും അക്രമവും നിലവിലിരുന്നിട്ടുണ്ടു്. അതിനൊക്കെ നാം അറുതി വരുത്തി. കഴിഞ്ഞ കാലത്തിൻെറ സ്മരണകൾ മാത്രമായിമാറിയിട്ടുണ്ടു്, ഇന്നവയൊക്കെ. ഇവയ്ക്കുപുറമേ മററ ചിലതുകൂടിയുണ്ടു്. അവ നാം ജീവിക്കുന്ന ഈ കാലഘട്ടവുമായി ബന്ധപ്പെട്ടതാണു്. അവയെ അമർത്തുകയോ അവസാനിപ്പിക്കുകയോ ചെയ്യേണ്ടതു് നമ്മുടെതന്നെ ജീവിതാവശ്യവുമാണു്. ഇങ്ങനെ നമ്മുടെ

മുന്നിലുള്ള പ്രശ്നങ്ങൾ കടുത്ത ശിക്ഷയർഹിക്കുന്ന വയാണ്. വേശ്യാവൃത്തി തുടങ്ങി ചിലതൊക്കെ മരണ ശിക്ഷയ്ക്കുപോലും അർഹമാണ്. എന്നാൽ നമ്മുടെ ഏററവും വലിയ ശ്രദ്ധയർഹിക്കുന്ന മറെറാരു പ്രശ്ന മുണ്ട്—സ്വകാര്യഭൂവുടമാപ്രശ്നം, അതു് നീറുന്ന പ്രശ്നവുമാണ്.

സമൂഹത്തിൽ നിലവിലുള്ള വിവിധ അനീതികളിൽനിന്നും ഒററയടിക്ക് മോചനം ലഭിച്ചു എന്നു വരില്ല. ഭാവനാസമ്പന്നരായ ജനങ്ങൾ അതൊക്കെ കണ്ടറിഞ്ഞുവെന്നുള്ളതു് നേരാണ്. എന്നാലതുകൊണ്ടു മാത്രം അതൊക്കെ അവസാനിപ്പിക്കാൻ സമൂഹത്തിന്ന് കഴിയില്ല, തീർച്ചയാണ്. അതൊക്കെയങ്ങ് അവസാനിപ്പിക്കുക എന്ന ആ പ്രക്രിയ, അതും അസാധാരണമാണ്. സമൂഹം ആദ്യമായി അതിനൊരിളക്കം ഏല്പിക്കും. ആ ഇളക്കത്തിൻെറ അലമാലകൾ നാടാകെ ചലനം സൃഷ്ടിക്കും. അപ്പോഴാണതിൻെറ പ്രതികരണമുണ്ടാവുക. അതിന്നുശേഷം ഒരു കുതിച്ചുചാട്ടം, അവസാനം പോററനോവും, അതോടുകൂടി മുക്തിയും. അടുത്തുണ്ടായ അടിമത്തത്തിൽ നിന്നുള്ള മോചനം ഇപ്രകാരമായിരുന്നു. സ്വകാര്യഭൂവുടമാസമ്പ്രദായം അവസാനിപ്പിക്കുന്നതിന്നും ഇതേക്രമം ആണ് സംഭവിക്കാൻ പോകുന്നതു്.

ഭൂമിയിലുള്ള സ്വകാര്യ ഉടമാസമ്പ്രദായം അന്യായവും പാപവുമാണെന്ന് സഹസ്രാബ്ദങ്ങൾക്കുമുമ്പ് ഋഷിവര്യന്മാരും പണ്ഡിതന്മാരും പ്രഖ്യാപിച്ചിട്ടുണ്ട്.

യൂറോപ്പിലെ പുരോഗമനവാദികളായ ചിന്തകന്മാർ അതിൻെറ തിന്മയെക്കുറിച്ച് വീണ്ടും വീണ്ടും പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടിരുന്നു. ഫ്രഞ്ചുവിപ്ലവത്തിൽ ക്രിയാത്മകമായി പങ്കെടുത്തവർ ഈ വസ്തുത പ്രത്യേകമായി വ്യക്തമായി ഊന്നിപ്പറയുകണ്ടായി. തുടർന്നുണ്ടായ സംഭവവികാസങ്ങൾ, ജനസംഖ്യാവർദ്ധന, ധനികന്മാർ അധികമധികം ഭൂമി കയ്യടക്കൽ, വിദ്യാഭ്യാസത്തിൻെറ വിപുലമായ പ്രചാരം, മനുഷ്യൻെറ പ്രവൃത്തികളിലും പെരുമാററങ്ങളിലും നിന്നു് ക്രൂരതയുടെ ക്രമമായ തിരോധാനം ഇങ്ങനെ പലതും ഈ അന്യായം വ്യക്തവും സ്പഷ്ടവുമാക്കി ഉയർത്തിക്കാണിച്ചു. പുരോഗമനവാദികൾക്കും സാധാരണക്കാർക്കു പോലും കാണാതെയും അനുഭവപ്പെടാതെയും കഴിയാൻ സാധിക്കാത്തവിധം സാഹചര്യങ്ങൾ സ്പഷ്ടമായി. എന്നാൽ ഭൂസമ്പത്തിൽനിന്നും മുതലെടുക്കുന്നവരും, ഈ രീതികളുമായി സ്ഥാപിത താല്പര്യങ്ങളുള്ളവരും, ഭൂവുടമകളും, ദീർഘകാലമായി സ്വന്തം ലോകത്തിലൊതുങ്ങിക്കഴിഞ്ഞിരുന്നവരും ഈ അന്യായം കാണാനും മനസ്സിലാക്കാനും കഴിയാത്തവിധം അന്ധരായിപ്പോയി. സത്യം ഏതെങ്കിലും വിധത്തിൽ തങ്ങളിൽനിന്നും മററുള്ളവരിൽനിന്നും മറച്ചുവെയ്ക്കണമെന്നാണവരുടെവിചാരം. ദൈനംദിനം കൂടുതൽ കൂടുതൽ സ്പഷ്ടവും വ്യക്തവുമായി വരുന്ന സത്യം മറച്ചുപിടിക്കുകയോ അമർത്തിവെയ്ക്കുകയോ ചെയ്യുന്നതിനാണവരുടെ

പരിശ്രമം. അതിൽ വിജയിക്കുന്നില്ലെങ്കിൽ പ്രശ്നങ്ങൾ യാഥാതഥം നിലനിറുത്താനാണ് അവരുടെ അടുത്ത പരിശ്രമം.

ഹെൻറിജോർജ്ജിൻെറ ഈ രംഗത്തുള്ള പ്രവൎത്തികളുടെ പര്യവസാനം വിസ്മയജനകമായിരുന്നു. കഴിഞ്ഞ നൂററാണ്ടിൻെറ അന്തിമ പാദത്തിലാണ് ഈ മനുഷ്യൻ പ്രത്യക്ഷപ്പെട്ടുക. വിശാലമായ മാനസികശക്തികളുള്ള ഒരത്ഭുതപ്രതിഭാസമായിരുന്നു ആ മനുഷ്യൻ. സ്വകാര്യഭൂവുടമാസമ്പ്രദായത്തിൽ എത്ര അന്യായവും ക്രൂരതയുമാണ് പതിയിരിക്കുന്നതെന്നു് അദ്ദേഹം വ്യക്തമാക്കി. മറെറല്ലാരാജ്യങ്ങളിലും നിലവിലിരിക്കുന്ന സൎക്കാരുകളുടെ പ്രത്യേക സ്വഭാവംനിലനില്ക്കെ ഏതു വിധത്തിൽ ഈ അന്യായം അവസാനിപ്പിക്കാം എന്നും അദ്ദേഹം പറഞ്ഞിട്ടുണ്ടു്. അദ്ദേഹം പുസ്തകങ്ങൾ എഴുതി, പ്രസംഗങ്ങൾ നടത്തി. ആ ശൈലീവിശേഷം; വായനക്കാരും കേൾക്കുന്നവരുമായ അത്യാഗ്രഹികളല്ലാത്ത മനുഷ്യരിൽ ആ യുക്തികളോടു് യോജിക്കാതിരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമാക്കി. ഈ അന്യായം അവസാനിക്കാത്ത കാലത്തോളം പരിഷ്ക്കരണപ്രവൎത്തനങ്ങൾക്കൊന്നും ഇന്നത്തെ സ്ഥിതിയിൽനിന്നും ജനങ്ങളെ ഉയൎത്താൻ സാദ്ധ്യമല്ലതന്നെ. അതിനു് ഹെൻറിജോർജ് ഉന്നയിച്ച ഉപായങ്ങൾ വിവേകപൂൎണ്ണവും ന്യായയുക്തവും പ്രായോഗികവുമാണു്.

പക്ഷേ എന്തു സംഭവിച്ചു? ഹെൻറി ജോർജിൻെറ പുസ്തകങ്ങൾ ആദ്യമായി ഇംഗ്ലീഷിൽ പുറത്തായപ്പോൾ ആംഗ്ലോസെക്സൺ ലോകമെങ്ങും വളരെവേഗം വ്യാപിക്കുകയും അവയുടെ യാഥാർത്ഥ്യവും മാഹാത്മ്യവും അവരൊക്കെ സശിരഃകമ്പം അംഗീകരിക്കുകയുംചെയ്തു. സത്യം ഒഴിവാക്കാനാവില്ലെന്നും അതു് മാതൃകാരൂപം ധരിക്കുമെന്നും തോന്നിപ്പോയി. എന്നാൽ ഇംഗ്ലണ്ടിൽ (സ്വകാര്യഭൂവുടമാ സമ്പ്രദായത്തിൻെറ ഭീതിദങ്ങളായ അന്യായങ്ങൾ വ്യക്തമായി അനുഭവപ്പെട്ടിരുന്ന അയർലൻഡിലും) സ്വാധീനമുള്ളവർ വൻതോതിൽ ഈ ആദർശത്തിനു് എതിരാണെന്നു് വളരെവേഗം ദൃശ്യമായി. ഹെൻറിജോർജിൻെറ അനിഷേദ്ധ്യങ്ങളായ യുക്തികളും അഭ്യർത്ഥനകളുമുണ്ടായിട്ടും അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ പ്രായോഗികമായിരുന്നിട്ടും ഭൂരിപക്ഷം ജനങ്ങളും അതിനെ എതിർക്കുന്നതായാണു് കണ്ടതു്. ആദ്യകാലങ്ങളിൽ ഹെൻറി ജോർജിൻെറ നിർദ്ദേശങ്ങളോടു് സഹാനുഭൂതിപ്രദർശിപ്പിച്ചിരുന്ന പുരോഗമനവാദികളുടെ മുൻപന്തിയിലായിരുന്ന കാർണൈൽ തുടങ്ങിയവർ വളരെവേഗം തങ്ങളുടെ നിലപാടു മാററുകയും രാഷ്ട്രീയതലത്തിലുള്ള പരിവർത്തനങ്ങളാണു് മുഖ്യമെന്നു് പ്രചരിപ്പിച്ചുതുടങ്ങുകയുംചെയ്തു. ഇംഗ്ലണ്ടിലെ സമ്പന്നവും കുലീനവുമായ എല്ലാ കുടുംബങ്ങളും ഇതിനെതിരായി. ടോയിൻബി, ഗ്ലാഡ്സ്റ്റൺ, ഹെർബർട്ടു് സ്പെൻസർ തുടങ്ങി പ്രസിദ്ധരായ പലരും ഇതിനെ എതിർത്തു. സ്പെൻസർ തൻെറ മുഴുവൻ കഴിവുമുപ

യോഗിച്ചുതന്നെ എതിത്തു. 'സ്റ്റാററിക്സ്' എന്ന തൻെറ പുസ്തകത്തിൽ ഭൂസമ്പത്തു് വ്യക്തമായ അന്യായമാണെന്നു് അദ്ദേഹം സമത്ഥിച്ചു. പക്ഷെ പിന്നീട ദ്ദേഹം കാലുമാറി. പുസ്തകത്തിൻെറ ഒന്നാംപതിപ്പു മുഴുവൻ സ്വയം വിലയ്ക്കുവാങ്ങുകയും രണ്ടാംപതിപ്പിൽ ആ ഭാഗം അപ്പാടെ എടുത്തു മാററുകയുംചെയ്തു.

ഓക്സ്ഫോർഡിൽ ഹെൻറി ജോർജ് പ്രസംഗിച്ചുകൊണ്ടിരിക്കെ വിദ്യാത്ഥികഠം അദ്ദേഹത്തെ എതിത്തു. ഹെൻറി ജോർജിൻെറ ആദർശങ്ങഠം പാപപങ്കിലവും അനീതിപരവും അപകടപൂണ്ണവും ക്രൈസ്തവാദർശങ്ങഠംക്കു് നിരക്കാത്തതുമാണെന്നു് റോമൻ കത്തോലിക്കാപാർട്ടി ഉൽഘോഷിച്ചു. ഇങ്ങനെ രാജകീയ സാമ്പത്തിക സംവിധാനത്തിൻെറ ദീർഘമായ പാരമ്പര്യവും ഹെൻറി ജോർജിനെ വിലങ്ങടിച്ചുനിന്നു. ഉന്നതപദവികളിൽ കഴിഞ്ഞിരുന്ന വിദ്വാന്മാരും പ്രൊഫസർമാരും, സ്വന്തം സ്ഥാനമഹിമകൊണ്ടുമാത്രം ആലോചനാശൂന്യമായി ഹെൻറി ജോർജിനെ ശക്തിയുക്തം എതിത്തു. കാരണം സ്വന്തം മിഥ്യാശാസ്ത്രങ്ങളുടെ അടിസ്ഥാനതത്വങ്ങളെക്കുറിച്ചു് അവക്കൊരു വിവരവും ഉണ്ടായിരുന്നില്ല. സോഷ്യലിസ്ററുകളും ശത്രുക്കളെപ്പോലെ ആയി. ഇക്കാലഘട്ടത്തിൽ ഭൂപ്രശ്നത്തിനല്ല, സ്വകാര്യസമ്പത്തിൻെറ നിരസനത്തിനാണു് പ്രാധാന്യം എന്നാണവർ പറഞ്ഞിരുന്നതു്. അനിഷേദ്ധ്യവും സ്വയംസിദ്ധവുമായ സത്യങ്ങഠംക്കെതിരായി എല്ലാ കാലങ്ങളിലും സ്വീകരിക്കാറുണ്ടായിരുന്ന

അതേ രീതിതന്നെയായിരുന്നു ഹെൻറി ജോർജിനോടു ള്ള ഈ എതിർപ്പിൻെറ സ്വഭാവവും. തികച്ചും അവ ഗണിക്കുക, ശ്രദ്ധിക്കാതിരിക്കുക. ഹെൻറിജോർജി നോടു ഇന്നും ഇതുതന്നെയാണു് ചെയ്യു ന്നതു്. ബ്രിട്ടീഷ് പാർലിമെൻറ് മെമ്പറായ ലാബൂ ഷെർ ഇതേക്കുറിച്ചു് പാർലിമെൻറിൻെറ പൊതുസ ഭയിൽ തുറന്നടിച്ചുചെയ്ത പ്രസ്താവനയെ ആരും എതി ർത്തില്ല എന്നുള്ളതു്, വസ്തുതകളെ അമർത്തിവെയ്ക്കുന്ന തന്ത്രം എത്ര ഫലപ്രദമായി പ്രയോഗിച്ചുവരുന്നുവെ ന്നുള്ളതിനു് തെളിവാണു്. താൻ ഹെൻറി ജോർജി നെപ്പോലെ ഭാവനാലോകത്തിൽ വിഹരിക്കുന്നവന ല്ലെന്നും, ജന്മിമാരിൽനിന്നും ഭൂമി കൈയ്യേറണമെന്നു് താൻ ആഗ്രഹിക്കുന്നേയില്ലെന്നും കാരണം, വീണ്ടും വീതിക്കുമ്പോഠം അവക്കുതന്നെ നൽകേണ്ടിവരുമെന്നു് തനിക്കു ബോധ്യമുണ്ടെന്നും അദ്ദേഹം പ്രസംഗിച്ചു. എന്നാൽ ഭൂമിയുടെ വിലയിൽ ടാക്സ് ഏർപ്പെടുത്തേ താണെന്ന ഉറച്ച അഭിപ്രായക്കാരനാണു് താനെന്നും അദ്ദേഹം തുടന്നു പറഞ്ഞു. ഗതികേടു നോക്കണേ, ഹെ ൻറി ജോർജ് വിചാരിക്കുകപോലും ചെയ്യാതിരുന്ന കാര്യം അദ്ദേഹത്തിൻെറ തലയിൽ അടിച്ചേൽപ്പിച്ചു. പിന്നീടു് ഹെൻറിജോർജിൻെറതന്നെ അഭിപ്രായം തിരുത്തുന്നതിനെന്ന പേരിൽ അതേ അഭിപ്രായം പുറ പ്പെടുവിക്കുകയുംചെയ്തു.

ഇങ്ങനെ ഭൂമിയിൽ വ്യക്തിപരമായ ഉടമാവ കാശം അംഗീകരിക്കുന്നവരും, അതു് നിലനിന്നുകാണ്മാ

നാഗ്രഹിഹിക്കുന്നവരും പരസ്പരംയോജിക്കുകയും ഹെൻറിജോർജിനെതിരായി സംഘടിതമായി ശബ്ദമുയർത്തുകയുംചെയ്തു. അതിൻെറ ഫലമായി, ദിവസങ്ങൾ കഴിയുംതോറും ഹെൻറി ജോർജിനെ ആരും അറിയാതാവുകയും, ജനങ്ങളുടെ ശ്രദ്ധ ആ വിഷയത്തിൽനിന്നും തെററിത്തെററിച്ച് മാറിമറിഞ്ഞു പോവുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ വിചാരം ലളിതവും സ്പഷ്ടവും വ്യക്തവും തക്മെററതുമാണ്, നിശ്ചയം. ആ വിചാരം ഓരോരുത്തരിലും ശക്തമായ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു.

ഇംഗ്ലണ്ടിനുപുറമേ, സ്കാട്ടുലൻഡ്, പോർച്ചുഗൽ, ന്യൂസിലൻഡ് മുതലായ മററ ചിലരാജ്യങ്ങളിലും ചിലയാളുകളിൽ അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ തങ്ങിനിൽക്കുന്നുണ്ട്. ന്യൂകണക്കിനു ശാസ്ത്രജ്ഞന്മാരിൽ ഹെൻറി ജോർജിനെ അറികയുകയും അംഗീകരിക്കുകയും ചെയ്യുന്നവർ ഒന്നോ രണ്ടോ പേർ മാത്രമായിരിക്കും. ഇംഗ്ലണ്ടിലും അമേരിക്കയിലും അദ്ദേഹത്തിൻെറ അനുയായികളുടെ സംഖ്യ അനുക്രമം കുറഞ്ഞുകൊണ്ടേയിരിക്കുകയാണ്. ഫ്രാൻസിലാവട്ടെ, ആരും തന്നെ അദ്ദേഹത്തെ അറിയില്ലെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ജർമ്മനിയിൽ ഒരു ചെറിയ വൃത്തത്തിൽ അദ്ദേഹം അറിയപ്പെടുന്നുണ്ട്. എല്ലായിടത്തും സോഷ്യലിസത്തെക്കുറിച്ചുള്ള ശബ്ദായമാനമായ പ്രചാരത്തിനിടയിൽ അദ്ദേഹം സ്വയം അമന്നുപോവുകയാണ്. ചുരുക്കമിതാണ്. വിദ്യാഭ്യാസമുണ്ടെന്നു കരുതപ്പെടുന്നവരിൽ,

ബഹുഭൂരിപക്ഷവും ഹെൻറി ജോർജിൻെറ പേരുമാത്രം അറിയുന്നവരാണു്. മററുള്ളവക്കു് അദ്ദേഹത്തെക്കുറിച്ചു് യാതൊന്നുംതന്നെ അറിഞ്ഞുകൂടാ.

ഹെൻറി ജോർജിൻെറ സിദ്ധാന്തങ്ങളെക്കുറിച്ചു് അവർ ചർച്ചചെയ്യുന്നില്ല. അറിയാൻ പലരും ആഗ്രഹിക്കുന്നുമില്ല. (ഇതിൽനിന്നു വ്യക്തമാകാൻ മററൊന്നുമില്ല തന്നെ. കാരണം, ഹെൻറി ജോർജിനെക്കുറിച്ചു് മനസ്സിലാക്കുന്നയാളിനു് അദ്ദേഹത്തിൻെറ അനുയായി ആകാതിരിക്കാൻ കഴിയില്ല)

ചിലപ്പോഠം ചിലർ ഇതിനുദാഹരണം നൽകാറുണ്ടു്. അങ്ങനെ ചെയ്യുമ്പോഠം രണ്ടുമൂന്നു് കാര്യങ്ങഠം സംഭവിക്കുന്നു.

ഒന്നു്, അവർ അദ്ദേഹത്തിൻെറ പേരിൽ, അദ്ദേഹം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങഠം അദ്ദേഹവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങഠം പറഞ്ഞുതള്ളുകയോ അഥവാ ഹെൻറിജോർജു് ഖണ്ഡിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങഠം അദ്ദേഹത്തിൻെറ പേരിൽ തറപ്പിച്ചു് പറയുകയോ ചെയ്യുന്നു. അഥവാ, അദ്ദേഹം പ്രഖ്യാപിച്ചിട്ടുള്ള കാര്യങ്ങളെ നിശ്ശേഷം എതിക്കുന്നു. കാരണം, സാമ്പത്തികനയം എന്നു് ഇന്നറിയപ്പെടുന്ന ആ പഴഞ്ചനും, കാല്പനികവും പൊള്ളയുമായ സിദ്ധാന്തമുണ്ടല്ലോ, അവയെ ഹെൻറി ജോർജു് അംഗീകരിച്ചിരുന്നതേയില്ല. പക്ഷേ ആ നിയമങ്ങളൊക്കെ അനശ്വരങ്ങളായ ശിലാലിഖിതങ്ങളായിട്ടാണവർ കണക്കാക്കുക.

TAYAM PUBLIC LIBRARY KOT

ഇതെല്ലാമുണ്ടായിരുന്നിട്ടുകൂടി ഭൂമിയിൽ സ്വകാര്യ ഉടമാസമ്പ്രദായം ഉണ്ടായിരിക്കരുതു് എന്ന സത്യത്തിനു് ലോകമെങ്ങും നല്ല പ്രചാരം ലഭിച്ചിട്ടുണ്ടു്. നിത്യജീവിതത്തിലെ അനിഷേദ്ധ്യങ്ങളായ അനുഭവങ്ങളാൽ അന്ധന്മാൎക്കുപോലും ഇതു് കാണാൻ കഴിയും. എന്നിട്ടും ഇന്നും ഭൂമിയിൽ സ്വകാര്യ ഉടമാസമ്പ്രദായത്തിനു് അംഗീകാരം നൽകുന്ന സാമൂഹ്യ ചട്ടക്കൂടാണു് നിലനിൽക്കുന്നതെങ്കിൽ, അതിനൊരു രൂപമേ ഉണ്ടായിരിക്കാൻ കഴിയൂ. അതേക്കുറിച്ചു് ചിന്തിക്കാതിരിക്കുക. സത്യത്തിനെതന്നെ നിരാകരിക്കുക. ശ്രദ്ധ മററു വഴികളിലേയ്ക്കു് തിരിച്ചുവിടുക. ഇതുതന്നെയാണു് നമ്മുടെ കാലത്തെ ക്രിസ്ത്യാനികൾ ചെയ്തുകൊണ്ടിരിക്കുന്നതു്.

•

യൂറോപ്പിലെയും അമേരിക്കയിലെയും രാഷ്ട്രീയപ്രവൎത്തകർ ജനനന്മയെ ലാക്കാക്കി ചുങ്കം, കോളണിവാഴ്ച, ആദായനികുതി, കര-കടൽ സൈനികബജററു്, സോഷ്യലിസ്റ്റു് സമ്മേളനങ്ങൾ, യൂണിയനുകളും സിൻഡിക്കേററുകളും, സഭാദ്ധ്യക്ഷന്മാരുടെ തെരഞ്ഞെടുപ്പു്, രാഷ്ട്രീയതന്ത്രബന്ധങ്ങൾ എന്നിങ്ങനെ പല കാര്യങ്ങളിലേയ്ക്കും ശ്രദ്ധ തിരിച്ചുവിടുന്നുണ്ടു്. പക്ഷേ ഒരു കാര്യത്തെക്കുറിച്ചുമാത്രം അവർ യാതൊന്നും ചിന്തിക്കുന്നതേയില്ല. ആ കാര്യം കൂടാതെ ജനങ്ങളുടെ യഥാൎത്ഥമായ ഉന്നമനം സാധിക്കാനും പോകുന്നില്ല. അതിതാണു്—ഭൂമി ഉപയോഗപ്പെടുത്തുന്നതിൽനിന്നും ഒററപ്പെടുത്തിനിറുത്തിയിട്ടുള്ള മനുഷ്യസമൂഹത്തിനു് അതിനുള്ളഅധി

കാരവും അവകാശവും വീണ്ടും ലഭ്യമാക്കുക. ക്രിസ്ത്യാനികളായ ഈ രാഷ്ട്രീയപ്രവത്തകർ അനുമാനിക്കുന്നതു് -അവക്കങ്ങനെ അനുമാനിക്കാതിരിക്കാൻ കഴിയില്ല -വ്യാവസായികമായും സൈനികകലഹങ്ങൾ സംബന്ധിച്ചും സ്വന്തം കഴിവും ശക്തിയും മുഴുവൻ ഉപയോഗപ്പെടുത്തി അവർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ വ്യാപകമായ രാഷ്ട്രശക്തിയെ പരിമിതപ്പെടുത്തുമെന്നാണു്. അവരുടെ ആ പ്രവൃത്തികൾ കൂടാതെ അതൊന്നും സംഭവിക്കുകയില്ലെന്നും അവർ കരുതുന്നു. പക്ഷേ, വിദൂരഭാവിയെ കാണാൻ കഴിയാതെ, ക്ഷണികമായ ആവശ്യങ്ങളുടെ ലോഭത്തിൽപ്പെട്ടു് അവർ ചുററിക്കറങ്ങുകയാണു്. അതു കണ്ടാൽ, പുറത്തു് കടക്കാൻ സാദ്ധ്യമല്ലാത്ത ഹൃദയാകർഷകമായ, ആ വലപ്പിനകത്തുതന്നെ ചുററിച്ചുററികറങ്ങിക്കറങ്ങി സ്വയം മറന്നു് അങ്ങനെ കഴിയണം എന്നാണവരുടെ പ്രാത്ഥന എന്നു് തോന്നിപ്പോകും.

യൂറോപ്പിലെയും, അമേരിക്കയിലെയും രാഷ്ട്രീയ പ്രവത്തകരുടെ കണ്ണടച്ചിരുട്ടാക്കിക്കൊണ്ടുള്ള ഈ പ്രവൃത്തികൾ കണ്ടിട്ടു് ആശ്ചര്യം തോന്നുന്നു. ആ രണ്ടു് മഹാദ്വീപുകളിലെയും ജനങ്ങൾ തെററായ മാർഗ്ഗങ്ങളിൽക്കൂടി വളരെയധികം മുന്നേറിക്കഴിയുകയും അവരിൽ ഭൂരിപക്ഷം ഭൂമിയിൽനിന്നും തികച്ചും അകററപ്പെട്ടു കഴിയുകയും (അമേരിക്കയിലാണെങ്കിൽ ബഹുഭൂരിപക്ഷം ഭൂമിയെ ആശ്രയിച്ചല്ല കഴിഞ്ഞിട്ടുള്ളതുതന്നെ) ചെയ്തിട്ടുള്ളതിനാലായിരിക്കാം ഈ സ്ഥിതി

വിശേഷം അവിടെ സംജാതമായിട്ടുള്ളതു്. അവർ ജീവിത നിർവ്വഹണത്തിനു് ഫാക്ടറികളിൽ പണിയെടുക്കുകയൊ, കൂലിവേല ചെയ്യുന്ന കാർഷിക തൊഴിലാളികളായി ജീവിക്കുകയോ ചെയ്യുന്നവരാണു്. അവരുടെ ഉന്നമനത്തിനു് ഒരേ ഒരു ആവശ്യവും ആഗ്രഹവുമേ ഇന്നു് ശേഷിച്ചിട്ടുള്ളു—കൂലി കൂടുതൽ കിട്ടുക. അതിനാൽ ബഹുജനാഭിപ്രായങ്ങളെയും ആവശ്യങ്ങളെയും ശ്രദ്ധിക്കുന്ന യൂറോപ്പിലെയും അമേരിക്കയിലെയും രാഷ്ട്രീയപ്രവത്തകർ, ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനു് ചുങ്കം, ട്രസ്റ്റ്, കോളണിവാഴ്ച എന്നീ മൂന്നുകാര്യങ്ങളാണു് മുഖ്യം എന്നു് കരുതുന്നുവെങ്കിൽ അതു് മനസ്സിലാക്കാം. എന്നാൽ നമ്മുടെ നാട്ടിലെ ജനങ്ങൾ എൺപതു ശതമാനവും കൃഷിയെ ആശ്രയിച്ചു് ജീവിക്കുന്നവർ്ണു്. അവരുടെയൊക്കെ ആവശ്യവും ഒന്നാണു്—ഭൂമിയിൽ ജീവിക്കാൻ അനുവദിക്കുക. ഈ സാഹചര്യത്തിൽ, നമ്മുടെ ജനങ്ങൾക്കു് എന്താണനിവാര്യമെന്നു് നമ്മുടെ പ്രവത്തകർ ശരിക്കും മനസ്സിലാക്കേണ്ടതുണ്ടു്.

തെറ്റായ മാർഗ്ഗത്തിൽ ബഹുദൂരം സഞ്ചരിച്ചു കഴിഞ്ഞ ഒരു മനുഷ്യൻെറ സ്ഥിതിയാണു് യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങൾക്കു് ഇന്നുള്ളതു്. ആരംഭത്തിൽ അയാൾക്കു് തൻെറ മാർഗ്ഗം ശരിയെന്നു് തോന്നിയിരുന്നു. പിന്നീടു് തെററന്നു് ബോദ്ധ്യമായപ്പോൾ, അതു് സമ്മതിക്കാനും തെററായ മാർഗ്ഗം ഉപേക്ഷിക്കാനുമുള്ള ആത്മബലം അയാൾക്കുണ്ടായില്ല.

മുമ്പോട്ടു പോകുംതോറും തന്റെ ലക്ഷ്യത്തിൽനിന്നും അയാഠം അകന്നകന്നു് പൊയ്ക്കൊണ്ടിരിക്കുകയാണു്. എന്നാൽ നമ്മുടെ രാജ്യം ഇന്നൊരു നാല്ക്കവലയിലാണു്. മുമ്പോട്ടുള്ള വഴി നമുക്കിനിയും ചോദിച്ചു മനസ്സിലാക്കാവുന്നതേയുള്ളു.

നല്ലൊരു പഴഞ്ചൊല്ലുണ്ടു്—"റോഡിലായിരിക്കുന്നത്ര സമയം വഴിചോദിച്ചുകൊണ്ടേയിരിക്കൂ." സ്വന്തം നാട്ടിലെ ജനങ്ങളുടെ ജീവിതം സുഖകരവും സന്തോഷപൂർണ്ണവുമാക്കണമെന്നു് ആഗ്രഹിക്കുന്ന—ആഗ്രഹിക്കുന്നുവെന്നാണു് അവർ അവകാശപ്പെടുന്നതു്—റഷ്യക്കാർ എന്താണു ചെയ്യുന്നതു്?

ഓരോ കാര്യത്തിലും യൂറോപ്പിനെയും അമേരിക്കയെയുമാണവർ അനുകരിക്കുന്നതു്. ജനജീവിതം സുഖകരമാക്കുന്നതിനു് പല കാര്യങ്ങളിലും അവർ താല്പര്യം കാണിക്കുന്നുണ്ടു്. പത്രസ്വാതന്ത്ര്യം, മതസഹിഷ്ണുത, തൊഴിലാളി സംഘടനകളുടെ സ്വാതന്ത്ര്യം, ചുങ്കം, ശിക്ഷകഠം, സർക്കാരിൽനിന്നും പള്ളികളുടെ സ്വതന്ത്രമായ നിലനിൽപ്പു്, സഹകരണസ്ഥാപനങ്ങഠം, ഉല്പാദനോപകരണങ്ങളുടെ സാമൂഹ്യവല്ക്കരണം. ഇതിലൊക്കെയധികം താല്പര്യം അവർ എടുക്കുന്നുണ്ടു്. പ്രാതിനിധ്യഗവണ്മെൻറിൽ വളരെക്കാലങ്ങളായി യൂറോപ്പിലെയും അമേരിക്കയിലെയും രാജ്യങ്ങളിൽ നിലവിലുള്ളവയാണാ ഭരണരീതി. ആ ഭരണസംവിധാനം നിലനിന്നതുകൊണ്ടു് എല്ലാ വിഷമതകളും പരിഹരിക്കാനുതകുന്നു. ഭൂപ്രശ്നം പരിഹരിക്കു

ന്നതിനു് ഏതെങ്കിലും സഹായം എന്നെങ്കിലും ലഭിച്ചിട്ടില്ല. ഇപ്പോൾ ലഭിക്കുകയും ചെയ്യുന്നില്ല. അതു പരിഹരിക്കുന്നതോ പോകട്ടെ, അതിനൊരു പരിശ്രമവും നടക്കുന്നുമില്ല. റഷ്യൻ നേതാക്കന്മാർ ഭൂമിയുടെ ദുരുപയോഗത്തെക്കുറിച്ചു് തീർച്ചയായും സംസാരിക്കുന്നുണ്ടു്. ഭൂമി സംബന്ധമായ ഗ്രാമീണപ്രശ്നമെന്നു് അതിനെ നാമകരണം ചെയ്യുന്നുമുണ്ടു്. ഈ പൊള്ളയായ ശബ്ദാഡംബരം പ്രശ്നത്തിൻെറ ഗൗരവസ്വഭാവത്തിനു് മറയിട്ടുകൊള്ളുമെന്ന ധാരണയായിരിക്കാം അവരെക്കൊണ്ടു് അങ്ങനെ പറയിക്കുന്നതു്. അവരുടെ പ്രസംഗങ്ങളിൽനിന്നും പ്രസ്താവനകളിൽനിന്നും ഭൂമിയിലുള്ള സ്വകാര്യഉടമാ സമ്പ്രദായം ഒരു ചീത്തക്കാര്യമാണെന്നോ, അതവസാനിപ്പിക്കേണ്ടതുണ്ടെന്നോ ധ്വനിക്കുന്നുപോലുമില്ല.' പഴയതും ക്രൂരവും നഗ്നവും ആയ അടിച്ചേല്പിക്കപ്പെട്ട ഈ അന്യായം സ്വീകരിക്കാതെതന്നെ അവയെ മാററുന്നതിനോ മറച്ചുപിടിക്കുന്നതിനോ ഉള്ള ഉദ്ദേശത്തോടുകൂടി ഉപരിപ്ലവമായ ചില നിർദ്ദേശങ്ങൾ മാത്രമാണവർ തരുന്നതു്. അതുകൊണ്ടു് എന്തെങ്കിലും സംഭവിക്കുന്നുമില്ല, അന്യായം നിലനിൽക്കുകതന്നെ ചെയ്യുന്നു. റഷ്യയിൽനിന്നു തന്നെയല്ല; ലോകമെങ്ങും നിന്നു് ഈ അനീതി ഒഴിവാക്കപ്പെടുമെന്നുള്ള പ്രതീക്ഷയിലാണു് കഴിയുന്നതു് എന്നു് അവർ അറിയുന്നില്ല.

റഷ്യയിലെ ലക്ഷക്കണക്കായ ജനങ്ങൾ സ്വകാര്യഭൂവുടമാ സമ്പ്രദായംകൊണ്ടു് വർഷങ്ങളായി വേദനി

ക്കന്നവരാണു്. സ്വകാര്യ ഭൂവുടമാ സമ്പ്രദായം അവക്കു് അനേക തരത്തിലുള്ള ബുദ്ധിമുട്ടുകഠം വരുത്തിവെച്ചിട്ടുണ്ടു്. വേദന നിറഞ്ഞ ദയനീയ സ്വരത്തിൽ അവർ കരഞ്ഞുകൊണ്ടിരുന്നിട്ടുമുണ്ടു്. സാധാരണ ജനങ്ങളുടെ ദുഃഖമകററാൻ നേതാക്കന്മാർ വിവിധ മാറ്ഗ്ഗങ്ങളും ആരായുന്നുണ്ടു്. എന്നാൽ പരിഹാരമാറ്ഗ്ഗങ്ങഠം കണ്ടെത്താൻ കഴിയുന്നിടത്തു് അന്വേഷിക്കാൻ അവർ ക്രട്ടാക്കന്നില്ല. അവരുടെ ഈ കപടാഭിനയം കണ്ടിട്ടു് എനിക്കൊരു നാടകത്തിൻെറ കഥ ഓമ്മവരുന്നു. ആ നാടകത്തിലെ ഒരു കഥാപാത്രം കാഴ്ചക്കാക്കൊക്കെ കാണത്തക്കവിധം ഒളിച്ചിരിക്കുന്നു, മററു കഥാപാത്രങ്ങഠംക്കും അവനെ കാണാൻ കഴിയും. പക്ഷേ, എല്ലാവരും കണ്ടില്ലെന്നു് നടിക്കുകയാണു്. പരസ്പരം ശ്രദ്ധ തിരിച്ചുവിടുന്നതിന്നു് ബോധപൂവ്വമാണവരതു ചെയ്യുന്നതും. അവർ പ്രധാനമായും കാണേണ്ട ആ ഒരു കാഴ്ചയൊഴിച്ചു് മറെറല്ലാത്തിലേയ്ക്കും അവർ തുറിച്ചു നോക്കിക്കൊണ്ടേയിരിക്കുന്നു.

## സ്വയം മറന്നു്
## യൂറോപ്പിൻെറ പിന്നാലെ

പശുവിൻപാലിനെ മാത്രം ആശ്രയിച്ചു് ജീവിക്കുന്ന ഒരു സമൂഹം. അവർ പശുക്കളെ ഒരു വളപ്പിൽ കെട്ടിയിട്ടിരിക്കുകയാണെന്നു് കരുതുക. വളപ്പിനുള്ളിലെ പുല്ലെല്ലാം അവ തിന്നുതീർത്തു. പിന്നീടു് വിശന്നുപൊരിയാൻ തുടങ്ങിയപ്പോൾ വളപ്പിനു പുറത്തുള്ള പച്ചപ്പുൽപ്പുറപ്പിലേയ്ക്കു് കണ്ണും നട്ടു നില്ക്കുകയാണു്. അവ തലയും കുലുക്കി വളപ്പിനു പുറത്തുപോയി ആ പച്ചപ്പുല്ലു തിന്നാൻ വെമ്പൽകൊള്ളുകയാണു്. എന്നാലാ പശുക്കളെക്കൊണ്ടു് നിത്യവൃത്തി കഴിക്കുന്നവർ എന്താണവിടെ ചെയ്തിട്ടുള്ളതു്. വളപ്പിനു് നാലുചുററം അവർ കൊത്തമല്ലി, പുകയില, നീലം തുടങ്ങിയവ കൃഷി ചെയ്തിരിക്കുകയാണു്. വർണ്ണഭംഗിയേറിയ പൂക്കളും അവരവിടെ വളർത്തുന്നുണ്ടു്. കുതിരസവാരിക്കുള്ള മൈതാനവും, പാർക്കും, ടെന്നീസു് കോർട്ടുമുണ്ടവിടെ. അവയുടെ സുരക്ഷിതത്വത്തിനുവേണ്ടി പശുക്കളെ പുറത്തുവിടാതെ സൂക്ഷിക്കുകയാണവർ. പശുക്കൾ കരയുകയും ദൈനം

ദിനം മെലിഞ്ഞു് മെലിഞ്ഞു് വരികയും ചെയ്യുന്നു. അവർ അതു കണ്ടിട്ടു് പരിഭ്രമിക്കുകയും, പാൽ കിട്ടു കയില്ലേ എന്നു ഭയപ്പെടുകയും ചെയ്യുന്നു. അതിനാൽ പശുക്കളുടെ നില അഭിവൃദ്ധിപ്പെടുത്തുന്നതിനു് പല ഉപായങ്ങളും അവർ ആലോചിക്കുന്നു. അവയ്ക്കു മേൽ പുര കെട്ടിക്കൊടുക്കുകയും അവയുടെ ശരീരത്തിൽ എണ്ണയിട്ടു് തടവുകയും, കൊമ്പുകൾക്കു് നിറം പിടി പ്പിക്കുകയും ചെയ്യുന്നു. കറവയ്ക്കുള്ള സമയവും ഭേദപ്പെ ടുത്തുന്നു. പ്രായംചെന്ന പശുക്കളെയും രോഗങ്ങൾക്കിര യായവയേയും പ്രത്യേകം സംരക്ഷിക്കുന്നതിനും ശുശ്രൂ ഷിക്കുന്നതിനും വേണ്ടതൊക്കെ അവർ ചെയ്യുന്നു. കറ വയ്ക്കുള്ള നവീനവും ശാസ്ത്രീയവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. വളപ്പിനുള്ളിൽ വളർത്തുന്ന പോഷ കാംശം നിറഞ്ഞ പുല്ലുകൾ അവയെ സംരക്ഷിക്കു മെന്നു് പ്രതീക്ഷിക്കുന്നു. ഇക്കാര്യങ്ങളെക്കുറിച്ചും, മററു പല കാര്യങ്ങളെക്കുറിച്ചും അവർ വേണ്ടത്ര വാദപ്രതി വാദം നടത്തുന്നു. പക്ഷേ അവക്കും ആ പശുക്കൾക്കും, മററെല്ലാവക്കും അത്യാവശ്യം വേണ്ട ലളിതമായ ഒരു കാര്യം മാത്രം അവർ ചെയ്യുന്നില്ല. വളപ്പിനു് ചുററും പരിവത്തനം വരുത്താതെ അവക്കതു് ചെയ്യാനും കഴിയുകയില്ല. വളപ്പു് മാററുകയും പശുക്കളെ തുറന്നു വിടുകയും ചെയ്യുകയാണാ ജോലി. അപ്പോൾ സന്തോ ഷത്തോടുകൂടി നാലു ചുററുമുള്ള പച്ചപ്പുല്ലുകളിൽ അവക്കു് മേയാൻ കഴിയും.

അവർ അജ്ഞതയാണു് കാണിക്കുന്നതു്. വള പ്പിനു് നാലു പുറത്തും അവർ ഉണ്ടാക്കിവെച്ചിട്ടുള്ള തോട്ടങ്ങളും മററും ഉപേക്ഷിക്കാൻ അവർ തയ്യാറല്ല എന്നുള്ളതാണു് അതിനു് കാരണം. എന്നാൽ വള പ്പിനു് പുറമം ഒന്നും ചെയ്യാതിരുന്നിട്ടും, പശു ക്കളെ വളപ്പിനുള്ളിൽ കെട്ടിനിർത്തിയിരിക്കുന്നവരെക്കു റിച്ചെന്തു് പറയാൻ? പശുക്കളുടെ ക്ഷേമത്തിനു് വേണ്ടിയാണു് തങ്ങളിതൊക്കെ ചെയ്യുന്നതെന്നാണവ രുടെ വാദം. ശരിക്കും, ഈ ദുസ്ഥിതി തന്നെയാണു് നമ്മുടെ നാട്ടിലും. സക്കാരിനു് അനുകൂലമായി പ്രവ ത്തിക്കുന്നവരായാലും കൊള്ളാം, പ്രതികൂലമായി പ്രവർ ത്തിക്കുന്നവരായാലും കൊള്ളാം യൂറോപ്യൻ രീതിക ളിലും സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങൾ, ഭൂമിയി ല്ലാതെ അനവരതം ക്ലേശിച്ചുകൊണ്ടിരിക്കുന്ന നാട്ടുകാർ ക്കുവേണ്ടി, തുറന്നുകൊണ്ടിരിക്കുകയാണു്. ഭൂമിയെ സ്വ കായ്യ ഉടമാസമ്പ്രദായത്തിൽനിന്നും മോചിപ്പിക്കുകയും ഭൂമിയിൽ എല്ലാവക്കും തുല്യമായ അവകാശം സ്ഥാ പിച്ചുകൊടുക്കുകയും ചെയ്യുക എന്ന നമ്മുടെ നാട്ടിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അടിയന്തിരപ്രാധാ ന്യമർഹിക്കുന്ന കായ്യം നേതാക്കന്മാർ വിസ്മരിക്കുക യോ നിഷേധിക്കുകയോ ചെയ്യുകയാണു്.

പരോപജീവികളായ യൂറോപ്യന്മാർ അങ്ങനെ ചെയ്താലതു് മനസ്സിലാക്കാം. പ്രത്യക്ഷമായോ, പരോ ക്ഷമായോ, സ്വന്തം നാട്ടിലേയോ, ഇംഗ്ലണ്ടിലേയോ, ഫ്രാൻസിലേയോ, ജമ്മനിയിലേയോ തൊഴിലാളികളു

ടെയും കൃഷിക്കാരുടേയും പരിശ്രമവും വിയർപ്പുമായല്ല അവരുടെ ജീവിതം ബന്ധപ്പെട്ടിട്ടുള്ളതു്. അവക്കാഹാരം തയ്യാറാക്കുന്നതു് കോളനികളിലെ ജനങ്ങളാണു്. അതിന്നു പകരമായി അവക്കു് ലഭിക്കുന്നതോ? യന്ത്രങ്ങളിൽക്കൂടി പുറത്തുവരുന്ന സംസ്കൃതപദാൎത്ഥങ്ങളും. തങ്ങളെ തീററിപ്പോററി നിലനിത്തുന്ന കോളനിവാസികളായ ആ തൊഴിലാളികളെപ്പററി, അവരുടെ അദ്ധ്വാനങ്ങളേയും കഷ്ടപ്പാടുകളേയുംകുറിച്ചു് ഇവക്കു് യാതൊരു ബോധവുമില്ല. ഒരു ഭാവിസോഷ്യലിസ്റ്റ് സാമൂഹികക്രമത്തിന്നുള്ള പദ്ധതികൾ ഉണ്ടാക്കി മനുഷ്യസമൂഹത്തിൻെറ നന്മക്കു വേണ്ടിയാണു് തങ്ങൾ ഇതൊക്കെ ചെയ്യുന്നതെന്നു് അവരെ ബോധിപ്പിക്കാനുള്ള ശ്രമമാണവരുടെ. ഈ മാത്തരത്തിലും തെററിദ്ധാരണയിലും തെരഞ്ഞെടുപ്പുപാർട്ടികൾ വഴിയായി ഗൂഢാലോചന, പാർലമെൻററി വാദപ്രതിവാദങ്ങൾ, മന്ത്രിസഭയുടെ മറിപ്പും, പൊളിപ്പും തുടങ്ങി മനോവിനോദനത്തിന്നുള്ള പലപ്രവൃത്തികളും ശാസ്ത്രത്തിൻേറയും, കലയുടേയും പേരിൽ അവർ ചെയ്തുകൊണ്ടിരിക്കുകയാണു്. ഇതൊക്കെ ചെയ്യുന്നതുകൊണ്ടു് അവക്കു് തെല്ലെങ്കിലും മനസ്സ് നോവുന്നില്ല. ഇന്ത്യയിലും ആഫ്രിക്കയിലും, ആസ്ത്രേലിയായിലും ഒരു പരിധിവരെ റഷ്യയിലും സ്വന്തം രക്തം വിയപ്പാക്കി പണിയെടുക്കുന്ന, ഒരിക്കലും കണ്ടിട്ടില്ലാത്ത തൊഴിലാളികളാണു്, പരോപജീവികളായ ഈ യൂറോപ്യന്മാരെ തീററിപ്പോററുന്നതു്. എന്നാൽ റഷ്യക്കാരായ നമ്മോടു് ഇക്കാൎയ്യം നടപ്പില്ല.

സംസ്കൃതപദാൎത്ഥങ്ങൾക്ക പകരം ആഹാരപദാൎത്ഥങ്ങൾ എത്തിച്ചുതരുന്ന ഒരിക്കലും കണ്ടിട്ടില്ലാത്ത അടിമകൾ നിറഞ്ഞ കോളനികൾ നമുക്കെങ്ങുമില്ല. നമുക്കാഹാരം തയാറാക്കുന്ന, വിശന്നു് പൊരിയുന്ന ദുഃഖിതരായ ജനങ്ങൾ നമ്മുടെ കൺമുമ്പിൽ തന്നെയുള്ളവരാണു്. അനീതി നിറഞ്ഞ നമ്മുടെ ജീവിതഭാരം വിദൂരസ്ഥരായ കോളനിവാസികളുടെ തലയിലേല്പിക്കാൻ നമുക്കു് കഴിയുകയില്ല.

നമ്മുടെ പാപങ്ങൾ എപ്പോഴും നമ്മുടെ കൺമുമ്പിൽതന്നെയുണ്ടു്.

എന്നിട്ടും നമ്മുടെ അന്നദാതാക്കളുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ നാം കൂട്ടാക്കുന്നില്ല. അവരുടെ വേദനനിറഞ്ഞ കഥകൾ കേൾക്കുകയോ അവ പരിഹരിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നില്ല. മറിച്ചു് അവൎക്കു് വേണ്ടിയുള്ളസേവനത്തിൻെറ പേരിൽ യൂറോപ്യൻ രീതിയിലും സമ്പ്രദായങ്ങളിലും ഭാവിയിലേക്കു് സോഷ്യലിസ്ററു് സാമൂഹ്യക്രമം പടുത്തുയൎത്തുന്ന പരിശ്രമങ്ങളിലാണു്. നാം രസിക്കുകയും, രസിക്കാനുള്ള സംരംഭങ്ങളിൽ സമയം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. എന്നിട്ടു് ഭാവമോ—നമ്മുടെ അന്നദാതാക്കളുടെ നന്മക്കു വേണ്ടി ഇതൊക്കെ ചെയ്യുകയാണെന്നു്. ഇത്തിക്കണ്ണിപോലെ നാം അവരുടെ ജീവരക്തം ഊററിക്കുടിക്കുകയാണു്.

ജനങ്ങളുടെ നന്മയ്ക്കുന്നപേരിൽ എന്തെല്ലാം അഭിനയങ്ങളാണു് നാം കാട്ടിക്കൂട്ടുന്നതെന്നു് നോക്കൂ. പുസ്ത

കങ്ങളുടെ സെൻസർഷിപ്പ് അവസാനിപ്പിക്കുക, തോന്ന്യാസമായ നാടുകടത്തൽ അവസാനിപ്പിക്കുക, ഓരോ സ്ഥലത്തും പ്രൈമറിസ്ക്കൂളുകളും, കാർഷിക പരിശീലകേന്ദ്രങ്ങളും തുറക്കുക, ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുക, പാസ്സ്പോർട്ടു സമ്പ്രദായം നിറുത്തുക, നികുതിബാക്കി ഉപേക്ഷിക്കുക, ഫാക്ടറികളുടെ പരിശോധനയ്ക്കു് ഏർപ്പാടു ചെയ്യുക, മുറിവേററ തൊഴിലാളികൾക്കു് നഷ്ടപരിഹാരം കൊടുക്കുക, ഭൂമിയളന്നു് തിട്ടപ്പെടുത്തുക, ഭൂമി വാങ്ങുന്നതിനു് കാർഷിക ബാങ്കുകളിൽക്കൂടി കൃഷിക്കാർക്കു സഹായം ചെയ്തുകൊടുക്കുക, തുടങ്ങി എന്തെല്ലാം ചെയ്തുകൂട്ടുന്നു!

ലക്ഷക്കണക്കിനോ, കോടിക്കണക്കിനോ ഉള്ള ആ സാധുക്കളുടെ കഠിനവേദനകളെപ്പററി ഒന്നു് ചിന്തിച്ചുനോക്കൂ. ആഹാരത്തിൻെറ അപര്യാപ്തതകൊണ്ടു് പുരുഷന്മാരും, സ്ത്രീകളും, കുട്ടികളും അകാലചരമം പ്രാപിക്കുന്നു. അമിതാദ്ധ്വാനവും, അല്പാഹാരവും അവരെ വിഷമിപ്പിക്കുന്നു. റഷ്യൻ ഗ്രാമീണ ജനങ്ങളുടെ അടിമത്തം, അവമാനം, അദ്ധ്വാനത്തിൻെറ ദുരുപയോഗം ഇവയൊക്കെ ഭൂമിയില്ലായ്മയിൽനിന്നും ഉടലെടുക്കുന്നവയാണു്. ഈ പരിതഃസ്ഥിതിയിൽ സെൻസർഷിപ്പു് അവസാനിപ്പിക്കുക, തോന്ന്യാസമുള്ള നാടുകടത്തൽ നിരോധിക്കുക മുതലായ ജനങ്ങളുടെ നന്മക്കെന്നഭാവത്തിൽ നേതൃമന്യന്മാർ ചെയ്യുന്ന എല്ലാ പ്രവൃത്തികളും നിഷ്പ്രയോജനമാണു്. ദാരിദ്ര്യത്തിൻെറ അഗാധഗർത്തത്തിൽ നിപതിച്ചിരിക്കുന്ന സാധുക്കൾക്കു് നിങ്ങളുടെ ഈ

പ്രവൃത്തികൾകൊണ്ടൊന്നും എന്തെങ്കിലും സഹായം ലഭിക്കാൻ പോകുന്നില്ല.

ജനക്ഷേമത്തെക്കുറിച്ചു് ചിന്തിക്കുന്ന ഈ നേതാക്കളെക്കുറിച്ചു് എന്തു പറയാൻ?...എന്തു് പറയാതിരിക്കാൻ? ഗുണത്തെക്കുറിച്ചോ വലിപ്പത്തെക്കുറിച്ചോ യാതൊരു പ്രാധാന്യവുമില്ലാത്ത താരതമ്യേന ചെറുതും നിസ്സാരവുമായ പരിവർത്തനങ്ങളെക്കുറിച്ചാണു് അവർക്കു് സംസാരിക്കാനുള്ളതു്. സ്വകാര്യ ഭൂവുടമാസമ്പ്രദായം നിരന്തരമായി അടിമത്തത്തിൽ തളച്ചിട്ടിരിക്കുന്ന ആ പത്തുകോടി ജനങ്ങളെക്കുറിച്ചു് അവർക്കു് യാതൊരു കൂസലുമില്ല. അതെങ്കിലുമുണ്ടായിരുന്നെങ്കിൽ! ഇവരിൽ അധികംപേരും—അവർ പുരോഗമനവാദികളെന്നു് അറിയപ്പെടുന്നവരുമാണു്—ആഗ്രഹിക്കുന്നതെന്താണെന്നോ? ജനങ്ങൾ ദീർഘമായ അനുഭവവും അഭിരുചിയുമുള്ള കാർഷികവൃത്തിയുപേക്ഷിച്ചു്, ആധുനികഫാക്ടറി ജീവിതം സ്വീകരിക്കണമെന്നു്. കാരണം, അവരുടെ അഭിപ്രായത്തിൽ അതാണു്, അഭിവൃദ്ധിയുടേതായ ജീവിതം. കാഷികവൃത്തിയിൽനിന്നും ഫാക്ടറി ജീവിതത്തിലേയ്ക്കുള്ള ഈ പരിവർത്തനപ്രക്രിയ ലക്ഷക്കണിനു് ജനങ്ങളെ ക്ഷുധാർത്തരാക്കി മാററും. മാർഗ്ഗമദ്ധ്യേ മുടന്തിവീണു് അവർ അകാലത്തിൽ മരിക്കുകയും ചെയ്യും. ഇങ്ങനെ ഭയങ്കരമായ ഒരു സ്ഥിതിവിശേഷം സംജാതമായിക്കാണാനാണവരാഗ്രഹിക്കുക.

റഷ്യയിലെ സ്ഥിതിഗതികൾ ആർക്കാണു് അറിഞ്ഞുകൂടാത്തതു്? കാർഷികസാഹചര്യങ്ങളാണിവിട

ള്ളതു്. കാർഷികവൃത്തിയോടവക്കു് പ്രതിപത്തിയുമാണു്. ലളിതവും ആർദ്രവുമാണവരുടെ സ്വഭാവം. ഒരു പക്ഷേ, യൂറോപ്പു മുഴുവനുമെടുത്താൽ കാർഷികജീവിതം ഇന്നും നിലനില്ക്കുകയും, അതു് നിലനിത്താനാഗ്രഹിക്കുകയും ചെയ്യുന്ന ഒരേ ഒരു ജനവിഭാഗമാണവർ. തൊഴിലാളിപ്രശ്നങ്ങൾ പരിഹരിക്കുന്നതിനു് സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന പുരോഗമന പ്രവത്തനങ്ങളിൽ റഷ്യൻ ജനതയാണു് ഏററവും മുന്നിൽ നില്ക്കുന്നതു്.

എന്നിട്ടും പ്രതിനിധികളെന്നും നേതാക്കളെന്നും പറയുന്നവർ ആഗ്രഹിക്കുന്നതു് യൂറോപ്പിൻേറയും അമേരിക്കയുടെയും പതനോന്മുഖവും കുഴഞ്ഞുമറിഞ്ഞതുമായ മാർഗ്ഗങ്ങളിൽക്കൂടിതന്നെ റഷ്യയും നീങ്ങണമെന്നാണു്. തങ്ങളുടെ സ്ഥിതിഗതികൾ സ്വയം വഷളാക്കണമെന്നും ഏററവും വേഗം പഴയ തൊഴിലുകൾ ഉപേക്ഷിക്കണമെന്നും അവർ ആഗ്രഹിക്കുന്നു. രൂപത്തിലും ഭാവത്തിലും അവർ യൂറോപ്യൻമാരെപോലെ പരിവത്തിക്കപ്പെട്ടു് കാണാനാണാശിക്കുന്നതു്.

ഈ നേതാക്കന്മാരുടെ ചിന്താദാരിദ്ര്യം കണ്ടിട്ടു് ആശ്ചര്യം തോന്നുന്നു. അവർ സ്വന്തം തലച്ചോറുകൊണ്ടല്ല ചിന്തിക്കുന്നതു്. യൂറോപ്യൻ മാതൃകകളെക്കുറിച്ചു് തത്തയെപ്പോലെ ഉരുവിടുകയാണവരുടെ ജോലി. അടിമത്തം നിറഞ്ഞിരിക്കുകയാണവരുടെ ബുദ്ധിയിൽ. അവരുടെ ഹൃദയകാഠിന്യവും ദയാശൂന്യതയും കട്ടിട്ടാണു് ഏററവുമധികം ആശ്ചര്യം.

★

# വിചിത്ര സേവകർ

ഈശ്വരന്റെയും ഈശ്വരവിശ്വാസത്തിന്റെയും പേരിൽ ആയിരിക്കണക്കിനോ ലക്ഷക്കണക്കിനോ ജനങ്ങൾ വധിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അവരുടെ കയ്കാലുകൾ മുറിച്ചുതള്ളിയിരുന്നു. നാനാപ്രകാരത്തിൽ അവർ പീഢിപ്പിക്കപ്പെട്ടിരുന്നു. ചിലപ്പോൾ തൂക്കിക്കൊല്ലുകകൂടി ചെയ്തിരുന്നു. ഇന്നു നാം സ്വയം ഉന്നതന്മാരണെന്നു് കരുതുകയും മേൽചേർത്ത വിധം പ്രവർത്തിക്കുന്നവരെ വെറുപ്പോടുകൂടി നോക്കുകയുമാണു് പതിവു്.

എന്നാൽ തികച്ചും തെററാണു് നാം ചെയ്യുന്നതു്. ഇന്നും നമ്മുടെയിടക്കു് അതുപോലുള്ള ദുഷ്ടന്മാർ ജീവിച്ചിരിക്കുന്നുണ്ടു്. വ്യത്യാസം ഇത്രമാത്രമേയുള്ളൂ. പണ്ടു്, ആ ദുഷ്ടത്തരങ്ങളൊക്കെ ദൈവത്തിന്റെയും ഭക്തിയുടെയും പേരിലാണു് ചെയ്തിരുന്നതെങ്കിൽ ഇന്നു് ജനങ്ങളുടെയും ജനസേവനത്തിന്റെയും പേരിലാണു് അതൊക്കെ ആവർത്തിക്കുന്നതു്. അവരിൽ ഭ്രാന്തമായി ചിന്തി

ച്ചിരുന്ന ചിലർ, സത്യത്തിൻെറ രഹസ്യം മുഴുവൻ തങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നുവെന്ന് വിശ്വസിച്ചിരുന്നു. ഈശ്വരസേവനത്തിൻെറയും സാമൂഹ്യസേവനത്തിൻെറയും പേരിൽ സമ്പത്തും അഭിമാനവും അവർ ആർജ്ജിച്ചു. മാർഗ്ഗഭ്രംശം സംഭവിച്ച ആ രാജ്യദ്രോഹികളുടെ താളത്തിനൊത്ത് ആലോചന കൂടാതെ തുള്ളിക്കളിക്കാൻ മാത്രം ജനങ്ങളുടെ സ്വഭാവവിശേഷവും അത്ഭുതകരമായിരുന്നു; ഇങ്ങനെ ഇന്നും ജനസേവനത്തിൻെറ പേരിൽ അക്രമം കാട്ടിക്കൂട്ടുന്നവരിൽ ഭ്രാന്തമായ സ്വന്തം ചിന്തകാരണം ശരിയും തെററും സത്യവും അസത്യവും എല്ലാം തങ്ങൾ മാത്രമാണറിയുന്നത്, എന്ന് വിചാരിക്കുന്നവരുണ്ട്. അവരിൽ ചതിയന്മാരായ ചിലരുമുണ്ട്. ജനങ്ങൾ മൂകരായി അവരെ അനുഗമിക്കുകയാണ്. ആത്മപ്രസംസകരായ ആ ഈശ്വരഭക്തന്മാർ അവരുടെ കാലത്ത് വേണ്ടത്ര അന്യായം ചെയ്തിട്ടുള്ളവരാണ്. അവർ അതൊക്കെ ചെയ്തിട്ടുള്ളത് മതപരമായ ശിക്ഷണത്തിൻെറ ബലത്തിലാണെന്നുള്ളതാണ് ഏററവും കൗതുകകരമായ വസ്തുത. ഇങ്ങനെ ഇന്നത്തെ ജനസേവകരും ശാസ്ത്രീയമെന്ന് വിളിക്കുന്ന ആ ശിക്ഷണത്തിൻെറ ബലത്തിലാണ് ഈ തോന്യാസങ്ങളൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവരുടെ അക്രമം മറേറ കൂട്ടരുടെയത്ര ഇനിയും വളന്നെത്തിയിട്ടില്ല. കാരണം മറെറാന്നുമല്ല; അവക്ക് ഇനിയും വേണ്ടത്ര സൗകര്യം ലഭിച്ചിട്ടില്ല എന്നുള്ളതു തന്നെ. പക്ഷേ അവരുടെ മനസ്സിൻെറ ഭാരം ലഘുവല്ല. എത്ര രക്തപ്പുഴകളൊ

ഴകിയാലും ജനങ്ങളുടെയിടക്ക് ഭേദഭാവനകൾ എത്ര വളർന്നുവന്നാലും പരസ്പര ശത്രുത വളന്നാലും അതിൻെറ യെക്കെ ഉത്തരവാദിത്വം അവരുടെ ചെയ്തികൾക്കു തന്നെയാണു്.

ഈ ഇരുകൂട്ടരുടെയും മണവും ഗുണവും ഒരു പോലെ തന്നെ.

1) ഈ ഈശ്വരഭക്തന്മാരിലും ജനസേവകരിലും ഭൂരി പക്ഷത്തിൻെറ ജീവിതം ആർഭാടപൂർണ്ണവും തിന്മനിറ ഞ്ഞതുമാണു്. (ഈശ്വരൻെറയും ജനങ്ങളുടെയും മുഖ്യ സേവകർ എന്ന നിലയിൽ നമുക്കു് നമ്മുടേതായ മാന്യ തകളുണ്ടു്. അതിനാൽ ജീവിതക്രമത്തിലും ആഹാര രീതികളിലും നമുക്കു് യാതൊരു നിയന്ത്രണങ്ങളും ഉണ്ടാ യിക്കൂടാ എന്നു് അവർ ആത്മാർത്ഥമായി ആഗ്രഹി ക്കുകയും ചെയ്യുന്നു.)

2) ആരുടെ സേവനം അവരാഗ്രഹിക്കുന്നുവോ അവരോ ടു് ഈ നേതാക്കന്മാക്കു് യതൊരു സ്നേഹവുമില്ല; ശ്രദ്ധ യുമില്ല. ഈശ്വരസേവകന്മാരെ സംബന്ധിച്ചിടത്തോളം ഈശ്വരൻ, എല്ലാക്കാലത്തേയും പോലെ ഇന്നും ഒരു പുറംപൂച്ചു മാത്രമായിക്കൊണ്ടിരിക്കുകയാണു്. വാസ്തവ ത്തിൽ ഇവക്കു് ഈശ്വരനിൽ വിശ്വാസമോ ഈശ്വര നുമായി എന്തെങ്കിലും ബന്ധമോ ഉണ്ടായിരുന്നിട്ടില്ല. ഈശ്വരനെ മനസ്സിലാക്കുകയോ മനസ്സിലാക്കാൻ ശ്രമി ക്കുകയോ ചെയ്തിട്ടില്ല, അവർ എന്നെങ്കിലും. ഭൂരിപ ക്ഷം ജനസേവകരുടെ സ്ഥിതിയും ഇതുതന്നെ. അവരെ സംബന്ധിച്ചിടത്തോളം ജനങ്ങൾ പണ്ടും ഇന്നും വെറും

ആഭരണങ്ങളാണു്. അവരെ സ്നേഹിക്കുകയോ അവരു മായി ബന്ധപ്പെടുകയോ പോകട്ടെ; അവരെക്കുറിച്ചു് ശരിയായ ജ്ഞാനംപോലുമില്ല എന്നതാണു് വസ്തുത. മാത്രമല്ല; വെറുപ്പോടും താല്പര്യമില്ലാതേയും ഭയത്തോടും കൂടിയാണവർ ജനങ്ങളെക്കാണുന്നതു്.

3) ഈശ്വരസേവകരായാലും ഇവർ പരസ്പരം യോജി ക്കുന്നില്ല എന്നുള്ളതു് മൂന്നാമത്തെ കാര്യമാണു്. സേവനം എങ്ങനെ തുടരണം എന്നതിനെക്കുറിച്ചു് അവക്കു് ത മ്മിൽ ഒരഭിപ്രായൈക്യം ഒരിക്കലും ഉണ്ടാവുന്നേയില്ല. അവരുമായി 'അഭിപ്രായവ്യത്യാസമുള്ളവരെയൊക്കെ കള്ളന്മാരെന്നും ഘാതകന്മാരെന്നും വിധിച്ചു് വകവരു ത്താനാണവരുടെ ശ്രമമെന്നുള്ളതാണു് ഏററവും കൗതു കകരമായ വസ്തുത.

പണ്ടു്കാലത്തു് ജനങ്ങളെ അഗ്നിക്കിരയാക്കുക യോ തൂക്കിക്കൊല്ലുകയോ കൂട്ടക്കൊലതന്നെ നടത്തുകയോ ചെയ്തിരുന്നതു് ഇതിൻെറ ഫലമാണു്. ഇന്നോ? ഇന്നു് തൂക്കിക്കൊലയോ തടവോ പരിവത്തനമോ രക്തച്ചൊ രിച്ചിലോ ആണു് പകരം നടക്കുക.

4) നാലാമത്തും ഏററവും പ്രധാനവും എടുത്തു പറയേ ണ്ടതുമായ മറെറാരു കാര്യം, ഇവർ ആരുടെ സേവനം ചെയ്യുന്നുവോ അവർ എന്താഗ്രഹിക്കുന്നുവെന്നറിയാനു ള്ള ജിജ്ഞാസയേ ഇക്കൂട്ടക്കു് ഇല്ലേ എന്നുള്ളതാണു്. ആ സത്യത്തെക്കുറിച്ചു് അവക്കു് യാതൊരറിവുമില്ല. അ വർ പറഞ്ഞിട്ടുള്ളതും പ്രഖ്യാപിച്ചിട്ടുള്ളതുമായ കാര്യങ്ങ

ളുമായി ജനങ്ങൾക്ക് യാതൊരു ബന്ധവുമില്ല. ഇശ്വ വ ദ്ധിച്ച താല്പര്യത്തോടുകൂടി ഏതു് ഈശ്വരനെ സേവി ക്കുന്നുവെന്നു് അവർ അവകാശപ്പെടുന്നുവോ ആ ഈശ്വ രൻ ശാസ്ത്രങ്ങളിൽകൂടി എല്ലാ കാര്യങ്ങളും വ്യക്തമാ ക്കിയിട്ടുണ്ടു്. തന്റെ സേവനത്തിനുള്ള മാർഗ്ഗം അയൽ ക്കാരനെ സ്നേഹിക്കുകയും അന്യർ ഇങ്ങോട്ടു് ഏതു വിധ ത്തിൽ പെരുമാറണമെന്നു് ആഗ്രഹിക്കുന്നുവോ ആ വി ധത്തിൽ അന്യരോടു് പെരുമാറുകയുമാണു്. എന്നാൽ ഈശ്വരസേവനത്തിനുള്ള ഈ മാർഗ്ഗം അവർ ഒരിക്കലും അംഗീകരിക്കുന്നില്ല. അവരുടെ മാർഗ്ഗം തികെ ച്ചും വിചിത്രമാണു്. സ്വയം ആവിഷ്കരിച്ച ആ മാർഗ്ഗം ഈശ്വരനു് ഏററവും പ്രിയങ്കരമാണെന്നു് അഭിമാന പൂർവ്വം അവർ അവകാശപ്പെടാറുണ്ടു്. ജനസേവകരുടെ സ്ഥിതിയും ഇതുതന്നെ: ജനങ്ങൾ എന്തു് പറയുന്നു, എന്തു് ആഗ്രഹിക്കുന്നു, യഥാർത്ഥത്തിൽ എന്തു് ആവ ശ്യപ്പെടുന്നു എന്നുള്ളതിനെക്കുറിച്ചു് അവർക്കൊരു വി ചാരവുമില്ല. ജനങ്ങൾ ആഗ്രഹിക്കുകയോ മനസ്സിലാക്കു കയോ ചെയ്യാത്ത ഒന്നാണു് അവരുടെ സേവനത്തി ന്റെ വിചിത്ര മാർഗ്ഗമെന്നുള്ളതു് കൗതുകകരമാണു്. അവർ സ്വയം ആവിഷ്കരിച്ച മാർഗ്ഗത്തിൽക്കൂടിയാണു് സേവനവുമായി മുന്നേറുന്നതു്. സേവനം കൊതിച്ചു് കണ്ണും നട്ടിരിക്കുന്ന ജനങ്ങൾ ആഗ്രഹിക്കുന്ന സേവന ങ്ങളുമായി അവർ ചെയ്യുന്ന സേവനപ്രവൃത്തികൾക്കു് യാതൊരു ബന്ധവുമില്ല.

★

# സത്യത്തിൻെറ ആഹ്വാനം
# യുഗത്തിൻെറ ആവശ്യം

സാമൂഹ്യജീവിതം സുഖകരമാക്കുന്നതിനു് അടിസ്ഥാനപരമായ പല മാററി മറിച്ചിലുകളും ആവശ്യമാണു്. അതിനുള്ള അന്തരീക്ഷം ഇന്നു് ലോകമാകെ അനുകൂലമായിരിക്കുകയാണു്. ആ പരിവത്തനങ്ങൾ കൂടാതെ മാനുഷികജീവിതം ഒരടിപോലും മുന്നോട്ടു നീങ്ങാൻ കഴിയാത്ത സാഹചര്യമാണു് ഇന്നുള്ളതു്. അങ്ങനൊരു പരിവത്തനത്തിൻെറയാവശ്യം ഓരോരുത്തരും ശരിക്കും മനസ്സിലാക്കുന്നുമുണ്ടു്. സ്വ കപോലകല്പിതങ്ങളായ വിചാരങ്ങളും ആദർശങ്ങളും ഹൃദയത്തിൽ സൂക്ഷിക്കുന്നവരുടെ കാര്യം തികച്ചും വ്യത്യസ്തമാണു്. സ്വതന്ത്രമായി ചിന്തിക്കാൻ കഴിവുള്ള ഓരോ മനുഷ്യനും ഈ പരിവത്തനം ആഗ്രഹിക്കുകതന്നെ ചെയ്യും. മുഴവൻ ലോകവുമായി ബന്ധമുള്ള കാൎയ്യമാണിതു്. ഒപ്പം ഇക്കാലത്തു് മനുഷ്യൻ സഹിക്കേണ്ടിവരുന്ന കഠിനയാതനകളും വേദനകളുമായും ഇവയ്ക്കു് ബന്ധമുണ്ടു്. റഷ്യ

യിൽ കാർഷികവൃത്തികൊണ്ടുപജീവനം കഴിക്കുന്നവർ ഭൂമിയിൽ സ്വകാര്യ ഉടമാവകാശം അംഗീകരിക്കുന്നില്ലെന്നുള്ളതു് ഭാഗ്യംതന്നെ. പുരാതനമായ ഈ തിന്മ ദൂരീകരിക്കപ്പെടണം എന്നു് അവർ ആഗ്രഹിക്കുന്നു. അതിനുവേണ്ടി അവർ വീണ്ടും വീണ്ടും ശബ്ദമുയർത്തിക്കൊണ്ടേയിരിക്കുന്നു.

പക്ഷെ അവരെ ആരെങ്കിലും കാണുകയോ കാണാൻ ആഗ്രഹിക്കുകയോ ചെയ്യുന്നില്ല. ബുദ്ധി ഇങ്ങനെ തിരിഞ്ഞുപോകാൻ എന്താണു് കാരണം?

ഇന്നു് സമൂഹത്തിൽ അധികംപേർ ദയാവായ്പുള്ളവരും, ബുദ്ധിമാന്മാരുമാണു്. സോഷ്യലിസ്റ്റുകളിൽ നിങ്ങൾക്കവരെക്കാണാം. വിപ്ലവകാരികളുടെയിടയിലും കാണാം. സർക്കാരുദ്യോഗസ്ഥന്മാരുടെ കൂടെയും കാണാം. അവരെല്ലാം ആഗ്രഹിക്കുന്നതു ജനനന്മയുമാണു്. പക്ഷേ അത്ഭുതമെന്നേ പറയേണ്ടൂ, ജനങ്ങൾ എന്തിനുവേണ്ടി തുടർച്ചയായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നുവോ, അവരുടെ ആ ബുദ്ധിമുട്ടുകൾക്കറുതിവരുത്താൻ അപരിത്യാജ്യമായി കാര്യങ്ങൾ നേതാക്കന്മാർ കാണുന്നില്ല, അതിനെന്തുകാര്യം? മറിച്ചു് പല കാര്യങ്ങളിലും പരിവർത്തനം വരുത്താൻ അവർ കിണഞ്ഞു പരിശ്രമിക്കുകയും ചെയ്യുന്നുണ്ടു്. അതെല്ലാം സാധിച്ചാൽതന്നെ ജനങ്ങൾ ആഗ്രഹിക്കുന്ന ആ അടിസ്ഥാനപരമായ കാര്യം സാദ്ധ്യമാകാത്ത കാലത്തോളം ജനനന്മയും സാധിക്കാൻ പോകുന്നില്ല.

ഈ ജനസേവകരുടെ, സർക്കാരുദ്യോഗസ്ഥന്മാരായാലും സർക്കാർ വിരോധികളായാലും, പ്രവൃത്തികളൊ

ക്കൊണ്ടിട്ട് ഒരു കുതിരവണ്ടിക്കാരനെയാണോമ്മ വരുന്നതു്. അയാഠം വണ്ടിയിലിരിക്കുകയാണു്. കുതിരകഠം രണ്ടും ചെളിയിൽ പുതഞ്ഞു് അനങ്ങാൻ വയ്യാതെ നില്ക്കുകയും. അസ്വസ്ഥനായ വണ്ടിക്കാരൻ വണ്ടിയിലിരിക്കുന്ന സാധങ്ങളൊക്കെ അങ്ങുമിങ്ങും മാററിമറിച്ചു അടുക്കുകയാണു്. അപ്രകാരം ചെയ്യുന്നതുകൊണ്ടു് വണ്ടി മുന്നോട്ടു നീങ്ങും എന്നാണു് അയാളുടെ വിചാരം.

എന്താണിങ്ങിനെയൊക്കെ സംഭവിക്കാൻ കാരണം? ഇതുപോലെതന്നെ മറെറാരു പ്രശ്നവുമുണ്ടു്—നമ്മുടെ കാലഘട്ടത്തിലെ ജനങ്ങഠം ഇത്ര ബുദ്ധിമുട്ടിലകപ്പെടാൻ കാരണമെന്തു് എന്നു്. കൂടുതൽ മെച്ചമായും സന്തോഷമായും ജീവിക്കാൻ കഴിയുമെന്നുള്ളപ്പോഠം ദുഃഖത്തിലും ആപത്തിലും അടിഞ്ഞുകിടക്കാനെന്താണു് കാരണം? ഈ പ്രശ്നങ്ങളുടെയൊക്കെ ഉത്തരം ഒന്നേയുള്ളു. നന്മ നേടിയെടുക്കാൻ നെട്ടോട്ടമോടുന്ന ഈ ജനങ്ങളിൽ, അവർ സക്കാരുദ്യോഗസ്ഥന്മാരായാലും കൊള്ളാം അല്ലെങ്കിലും കൊള്ളാം, അവരുടെയിടയിൽ കത്തവ്യബോധത്തിൻെറ കുറവു് വേണ്ടുവോളമുണ്ടു്—ഇതാണോ ചോദ്യത്തിനുത്തരം. കത്തവ്യബോധമില്ലാതെ മനുഷ്യനു് വിവേകപൂണ്ണമായ ജീവിതം നിർവ്വഹിക്കാൻ സാദ്ധ്യമല്ല. അതിനല്ലാതെ നന്മതിന്മയോ ആവശ്യങ്ങളും അനാവശ്യങ്ങളുമോ തിരിച്ചറിയാനുള്ള വിവേചനാശക്തിയുണ്ടാവുകയില്ല. അയാഠക്കതൊന്നും മനസ്സിലാവുകതന്നെയില്ല. നമ്മുടെ കാലഘട്ടത്തിലെ സാധാരണക്കാരും റഷ്യയിലെ വിദ്യാഭ്യാസമുള്ളവരും പ്രത്യേക

മായി (ഇവരിൽ കത്തവ്യബോധം ലേശംപോലുമില്ല. അതിലവർ അഹങ്കരിക്കുകയും ചെയ്യുന്നുണ്ടു്) വഞ്ചിക്കപ്പെട്ടിരിക്കുകയാണു്. ഏതു ജനങ്ങളെ സേവിക്കാനാണോ അവർ ആഗ്രഹിക്കുന്നതു് ആ ജനങ്ങളുടെ ജീവിതത്തേയും ജീവിതാഭിലാഷങ്ങളെയുംകുറിച്ചു് തെററായ വീക്ഷണവും ധാരണയുമാണവക്കുള്ളതു്. ഇതേക്കുറിച്ചു് എന്തു പറയാൻ! ജനങ്ങൾക്കുവേണ്ടി ഒട്ടധികം കാര്യങ്ങളുടെ അവകാശവാദം അവർ ഉന്നയിക്കുന്നുണ്ടു്. പക്ഷെ ആവശ്യമുള്ളതിനുനേരെ പുറംതിരിഞ്ഞുകളയുകയുമാണു്. ഇതിൻെറയെല്ലാം കാരണം അവരുടെ കത്തവ്യബോധമില്ലായ്മതന്നെ.

നമ്മിൽ കത്തവ്യബോധമില്ലെങ്കിൽ നമുക്കു് സത്യസന്ധമായി ജനങ്ങളെ സ്നേഹിക്കാനും കഴിയില്ല. സ്നേഹിക്കാതെ അവർ എന്തു് കൂടുതൽ ആഗ്രഹിക്കുന്നു എന്തു് കുറച്ചു് ആഗ്രഹിക്കുന്നുവെന്നു മനസ്സിലാക്കാനും പ്രയാസമാണു്. കത്തവ്യബോധമില്ലാത്തവക്കു് സത്യസന്ധമായി സ്നേഹിക്കാനും കഴിയില്ല. അതാണു് ജനങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനു് ഉപയോഗശൂന്യവും പ്രയോജനരഹിതവുമായ ഉപായങ്ങൾ ഉയൻുവരുന്നതു്. ജനങ്ങളുടെ ദുഃഖത്തിലും വേദനയിലും കുറച്ചൊക്കെ സേവനത്തിനു് ചെല്ലുന്നവരുടെ കയ്യുമുണ്ടു്. അവരുടെ പ്രത്യേകതയിതാണു്, ജനങ്ങളുടെ ഭാവിസുഖത്തിനുവേണ്ടി വെറും ആദർശം വളരെ തന്മയത്വത്തോടുകൂടി അവതരിപ്പിച്ചു് അവരെ ഉപദേശിക്കും. ജനങ്ങളുടെ നിലവിലുള്ള ബുദ്ധിമുട്ടുകൾ അവർ കാണുകയേ

ഇല്ല. ആ ബുദ്ധിമുട്ടുകൾക്കെന്തെങ്കിലും പരിഹാരം കാണണം. അതു് കാണാനും കഴിയും.

പക്ഷെ അതാരു് കാണാൻ? ആർക്കാണതിനാഗ്രഹം?

ഇതൊക്കെ കണ്ടിട്ടു് ഒരു കഥ ഓർമ്മവരുന്നുണ്ടു്. സമർത്ഥനായൊരാളുണ്ടായിരുന്നു. ഒരിക്കൽ അയാൾ വിശന്നുപൊരിഞ്ഞ മററൊരാളുടെ ആഹാരം തട്ടിയെടുത്തു. എന്നിട്ടു് അയാളെ ഉപദേശിക്കാൻ തുടങ്ങി. (അതും കുഴപ്പം പിടിച്ച മട്ടിൽ) 'ഭാവിയിൽ നിങ്ങൾക്കു് ആഹാരത്തിനു് ബുദ്ധിമുട്ടു് ഉണ്ടാകാതിരിക്കാനൊരു സൂത്രം ഞാൻ പറഞ്ഞുതരാം.' ഉപദേശം കൊള്ളാം. പക്ഷേ താൻ തട്ടിയെടുത്ത ആ ആഹാരത്തിൽ ആ പാവത്തിനെക്കൂടി പങ്കാളിയാക്കാൻ അയാൾ തയാറായില്ല.

മനുഷ്യസമുദായത്തിൻെറ നന്മക്കുവേണ്ടി നടക്കുന്ന വലിയ വലിയ വിപ്ലവ പ്രസ്ഥാനങ്ങൾ മനുഷ്യൻെറ എല്ലും മാംസവും തിന്നു് ജീവിക്കുന്ന പരോപജീവികൾ വഴിയായല്ല നടക്കുന്നതു് എന്ന കാര്യം തികച്ചും സന്തോഷകരമാണു്. സർക്കാർ ഉദ്യോഗസ്ഥന്മാരെന്നോ വിപ്ലവകാരികളെന്നോ സ്നേഹസമ്പന്നരെന്നോ എന്തു വേണമെങ്കിലും അവർ സ്വയം വിളിച്ചുകൊള്ളട്ടെ, കർത്തവ്യബോധമുള്ളവരാണു് ഈ പ്രസ്ഥാനങ്ങളൊക്കെ നയിച്ചിട്ടുള്ളതു്. അവർ അന്തസ്സുള്ളവരും ലളിതജീവിതം നയിക്കുന്നവരും പുരുഷാർത്ഥമുള്ളവരുമാണു്. സ്വാർത്ഥ ലാഭത്തിനോ അഹങ്കാരത്തിനോ പൊങ്ങച്ചത്തിനോ

അഥവാ ബാഹ്യമായ എന്തെങ്കിലും നേട്ടങ്ങൾ നേടിയെടുക്കുന്നതിനോവേണ്ടി ജീവിതം നയിച്ചവരല്ല. ദൈവത്തിൻെറ മുൻപിൽ മാനുഷികമായ സ്വന്തം കടമകൾ നിറവേററുക മാത്രമായിരുന്നു അവരുടെ ഉദ്ദേശം.

അവർമാത്രം — അവർ മാത്രം — ശാന്തവും എന്നാൽ അടിസ്ഥാനപരവുമായ പ്രവൃത്തികൾകൊണ്ടു് മനുഷ്യരെ മുന്നോട്ടു നയിക്കും. ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനു് ചില പ്രത്യേകനിർദ്ദേശങ്ങളൊക്കെ അവതരിപ്പിച്ചു് അന്യരുടെ ദൃഷ്ടിയിൽ മേന്മ നേടാനായിരിക്കുകയില്ല അവരുടെ പരിശ്രമം. അങ്ങനാണെങ്കിൽ പരിഷ്ക്കരണപ്രവത്തനങ്ങൾ അസംഖ്യം നടക്കും. എന്നാൽ മൗലികമായ ആ പ്രത്യേക കാര്യം സാധിക്കാത്ത കാലത്തോളം മറെറല്ലാ പരിഷ്ക്കരണ പ്രവത്തനങ്ങളും നിസ്സാരമാണു്. കത്തവ്യബോധമുള്ള അവർ ഈശ്വരൻെറ നിയമങ്ങൾക്കും സ്വന്തം നന്മ—തിന്മ വിവേചനാശക്തിക്കും അനുസരണമായി ജീവിതം നയിക്കാൻ പരിശ്രമിക്കും. അവരുടെ ആ പരിശ്രമങ്ങളിൽക്കൂടി, ഈശ്വരൻെറ നിയമങ്ങൾ ഏതെല്ലാം വിധത്തിൻ സ്പഷ്ടമായും വ്യക്തമായും ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നു് അവക്കു് ബോദ്ധ്യപ്പെടും. ഈ സാഹചര്യത്തിൽ സ്വയം രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗങ്ങൾ അവർ അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കുറച്ചു് ദിവസങ്ങൾക്കു് മുമ്പുള്ള ഒരു സംഭവം നോക്കൂ. പരിചയമുള്ള ഒരു ഡോക്ടരെ കണ്ടുമുട്ടി. ഒരു

വലിയ റെയിൽവേസ്റ്റേഷനിൽ മൂന്നാംക്ലാസ് യാത്രക്കാരുടെ മുറിയിൽ ഒരു വണ്ടിയും പ്രതീക്ഷിച്ച് ഇരിക്കുകയായിരുന്നു, അദ്ദേഹം. അദ്ദേഹത്തിനടുത്ത് ഒരു കൃഷിക്കാരനും ഇരിപ്പുണ്ടായിരുന്നു. അയാൾ ചോദിച്ചു—'ബാബുജീ, പത്രത്തിൽ വിശേഷമെന്തുണ്ട്?' ഏതോ ഒരു കാർഷികസമ്മേളനത്തെക്കുറിച്ച് അതിലൊരു ലേഖനമുണ്ടായിരുന്നു. ഡോക്ടർ കൗതുകകരമായ കർഷകശബ്ദം റഷ്യൻഭാഷയിലേക്ക് വിവർത്തനം ചെയ്തു. പ്രശ്നം ഭൂമിയുമായി ബന്ധപ്പെട്ടതാണെന്ന് ആ കൃഷിക്കാരൻ ഊഹിച്ചു. അതിനാൽ അതൊന്ന്, വായിച്ച് തന്നെ കേൾപ്പിക്കുമെങ്കിൽ എത്ര നന്നായിരുന്നേനേ എന്ന് അയാൾ ഡോക്ടരോടപേക്ഷിച്ചു. ഡോക്ടർ അത് അല്പം ഉറച്ചു വായിക്കാനാരംഭിച്ചു. അതു കേട്ട് മറ്റൊരു കൃഷിക്കാരനും അവിടെ വന്നുചേർന്നു. ഒന്നൊന്നായി ഒട്ടേറെ കൃഷിക്കാർ അവിടെ എത്തിച്ചേർന്നു. ചിലർ ഇരുന്നു. പക്ഷെ, എല്ലാവരുടേയും മുഖങ്ങളിൽ ഗൗരവമേറിയ ചിന്താഭാരം നിഴൽവിരച്ചു.

പത്രവായന കഴിഞ്ഞപ്പോൾ പിന്നിലിരുന്ന ഒരു കൃഷിക്കാരൻ ഈശ്വരനെ വിളിച്ച്, ദീർഘമായൊന്ന് നിശ്വസിച്ചു. ആ ലേഖനം എഴുതിയിരുന്ന ശുദ്ധമായ പിടിച്ച ഭാഷ അല്പംപോലും അയാൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ലെന്നതു് തീർച്ചയാണ്. (ആമാതിരി ഭാഷ സംസാരിക്കാൻ കഴിയുന്നവർക്കുകൂടി സ്വയം എളുപ്പത്തിൽ ഇതു് മനസ്സിലാക്കാൻ കഴിയില്ല.) ആ ലേഖന

ത്തിൽ എന്താണെഴുതിയിട്ടുള്ളതെന്നതിനെക്കുറിച്ചു് അ യാൾക്കൊരു പിടിയും കിട്ടിയില്ല. പക്ഷെ പരമാത്ഥ ത്തിൽ അയാൾ തീച്ചയായും ഒന്നു് മനസ്സിലാക്കി. ഈ എല്ലാ പ്രശ്നങ്ങളുടെയും പ്രഭവസ്ഥാനം പഴയ ഭാരിച്ച ഏതോ ഒരു പാപവുമായി ബന്ധപ്പെട്ടതാണെന്നു്. ത ൻെറ പൂർവ്വീകന്മാരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നതും തന്നെ ഇതുവരെ ഉപദ്രവിച്ചുകൊണ്ടിരുന്നതുമായ അ തേ പാപം തന്നെയാണതെന്നും അയാൾ മനസ്സിലാക്കി. ആ പാപം ചെയ്യുന്നവക്കും ഇപ്പോഴതു് മോശമായി തോന്നുന്നുണ്ടാവുമെന്നും അയാൾ ധരിച്ചു. ഇത്രയും ബോ. ദ്ധ്യമായയതോടെ അയാൾ ഈശ്വരനെ നമസ്കരിച്ചു. കുരിശടയാളവും വരച്ചു. ഏതു ഭാവനകളോടുകൂടി അ യാൾ കൈകളുയത്തിയോ അതിൽ വലിയ അത്ഥവും സാരവുമുണ്ടു്. എന്നാൽ ആ ഭാവം പത്രങ്ങളിൽ നിറ ഞ്ഞുവരുന്ന പതിവായുള്ള കാര്യങ്ങളിൽ അല്പംപോലും ലഭിക്കുകയില്ല. ഭൂമിയിൽ അദ്ധ്വാനിക്കാത്തവർ അ തിൽ അവകാശംവെച്ചുകൊണ്ടിരിക്കുന്നതു് പാപമാ ണെന്നു് എല്ലാവരും മനസ്സിലാക്കി, അയാളും മനസ്സി ലാക്കി. അയാളുടെ പൂർവ്വികർ വ്യാകുലരാവുകയും നശി ക്കുകയും ചെയ്ത അതേ പാപമാണിതു്. ഇന്നുവരേയും, ഇന്നും അയാളും അയാളുടെ അയൽക്കാരും എല്ലാം ഈ പാപംകൊണ്ടു് പീഡിതരാണു്. ഈ പാപം ചെയ്തവ രും ഇന്നും ചെയ്തുകൊണ്ടിരിക്കുന്നവരും ആദ്ധ്യാത്മികമാ യി എന്നും അധഃപതിച്ചുകൊണ്ടിരിക്കുകയാണു്. എ ന്നാൽ മറേറാരോ പാപവുംപോലെ (അയാൾ ജീവിച്ചി

രിക്കെത്തന്നെ അടിമത്തമാകുന്ന പാപം അവസാനിച്ച തുപോലെ, ഇതും തീർച്ചയായും അവസാനിക്കുകതന്നെ ചെയ്യും) ഇതു് അയാാം ശരിക്കും അറിഞ്ഞിരുന്നു. മനസ്സിലാക്കിയിരുന്നു. അതിനാൽ, പ്രശ്നങ്ങാംക്കു് ഉണ്ടാവാൻ പോകുന്ന പരിഹാരത്തെക്കുറിച്ചു് ചിന്തിച്ചു്, രണ്ടു പ്രാവശ്യം ദൈവത്തെ സ്മരിക്കുകയും അതിൽ ലയിച്ചുചേരുകയും ചെയ്തു.

വൻ സാമൂഹ്യപരിഷ്ക്കരണ പ്രവൃത്തികാം വൻ മതപ്രസ്ഥാനങ്ങളുടെ ഗർഭത്തിൽ നിന്നും ഉടലെടുക്കുന്നുവെന്നും അതിൽ കൂടിത്തന്നെ സഫലമാകുന്നുവെന്നുമാണു് മേസിനിയുടെ അഭിപ്രായം.

അങ്ങനൊരു മതപ്രസ്ഥാനം റഷ്യക്കാക്കുവേണ്ടി രൂപമെടുത്തു കൊണ്ടിരിക്കുകയാണു്. അതു് മുഴുവൻ റഷ്യക്കാരുടേതുമായിരിക്കും. ഭൂമിയിൽനിന്നും ഒററപ്പെട്ടു കഴിയുന്നവരുടെ കൂടെയായിരിക്കും അതു്. ചെറുതും വലുതും ഇടത്തരക്കാരുമായ ഭൂവുടമകാംക്കു വേണ്ടിയായിരിക്കുമതു്. സ്വന്തമായി ഒരുതുണ്ടു ഭൂമിപോലുമില്ലാതിരുന്നിട്ടും, പ്രതിഫലം കൂടാതെ ദാസ്യവൃത്തിചെയ്യാൻ നിർബന്ധിതരായി ഭൂമിയിൽനിന്നും ഒററപ്പെട്ടു നിൽക്കുന്ന ആ ആയിരക്കണക്കിനോലക്ഷക്കണക്കിനോ ജനങ്ങാം ആശ്വാസത്തോടു കൂടി കാലം കഴിയ്ക്കുകയാണു്.

റഷ്യൻ ജനതയിൽ സംഭവിക്കാൻ പോകുന്ന മതപരമായ പ്രസ്ഥാനത്തിലൂടെ, ഇത്ര ദീർഘകാലമായി

ജനങ്ങളെ കഷ്ടപ്പെടുത്തിവരുന്നതും അവരിൽ ഭേദഭാവന നിലനിത്ത്തിയതുമായ ആ കൊട്ടംപാപം അവസാനിക്കും. റഷ്യയിൽ തന്നെയല്ല; എങ്ങും ഈ സ്ഥിതിയിണു് വരുത്തിവെച്ചിട്ടുള്ളതു്.

ഈ പാപത്തിനു് പരിഹാരം രാഷ്ട്രീയപരിഷ്കരണപ്രവത്തനങ്ങൾകൊണ്ടോ ഭാവിയിൽ സഫലമാകാൻ പോകുന്ന സോഷ്യലിസ്റ്റ് സാമൂഹ്യഘടനക്കുള്ള പദ്ധതികൾകൊണ്ടോ, ഏതെങ്കിലും വിപ്ലവങ്ങൾകൊണ്ടു തന്നെയോ സംഭവിക്കാൻ പോകുന്നില്ലെന്നു് ഓർമ്മയിരിക്കട്ടെ. ഉദാരമായി കുറേയാളുകൾക്കു് പണം വീതിച്ചുകൊടുക്കുന്നതു കൊണ്ടു് അതു് നടപ്പില്ലെന്നും ഓർമ്മയിരിക്കണം. ഭൂമി വിലക്കുവാങ്ങി കൃഷിക്കാൎക്കു് വിതരണം ചെയ്യാമെന്ന സർക്കാരിൻെറ നിശ്ചയംകൊണ്ടും അതു് സാധിക്കാൻ പോകുന്നില്ല.

ഇങ്ങനെ ഉപരിപ്ലവമായ ചില മാൎഗ്ഗങ്ങൾ കൊണ്ടു് പ്രശ്നത്തിൻെറ യഥാൎത്ഥ രൂപത്തിൽനിന്നും ശ്രദ്ധതിരിച്ചു് പരിഹാരം കണ്ടെത്താൻ കാലവിളംബം വരുത്തുകയാണു്. കൃത്രിമമായ യാതൊരു ത്യാഗത്തിൻെറയും ആവശ്യമില്ല. ജനങ്ങളെക്കുറിച്ചു് കൃത്രിമമായി ചിന്തിക്കേണ്ടയാവശ്യമില്ലെന്നുള്ളതും സത്യമാണു്. വളരെ സാധാരണമായ വ്യക്തമായ കാര്യമാണു് ആവശ്യമായുള്ളതു്, അതിതാണു്. ഈ പാപം ചെയ്തുകൊണ്ടിരിക്കുന്നവർ അഥവാ അതിൽ പങ്കുള്ളവർ, ഇതേക്കുറിച്ചു് ബോധവാന്മാരണം. ഇതിൽനിന്നും മുക്തരാകാനവൎക്കു് ആഗ്രഹവുമുണ്ടാവണം.

എല്ലാവരും നിർവ്വിവാദമായ ഈ സത്യം തിരിച്ചറിയുകയും ഗ്രഹിക്കുകയും മാത്രമാണവശ്യം. ആർക്കും നിഷേധിക്കാനാവാത്തതും, സജ്ജനങ്ങൾ ദീർഘകാലമായി അംഗീകരിച്ചു പോന്നിട്ടുള്ളതും ഇന്നും അംഗീകരിക്കുന്നതുമായ ഒരു കാര്യമാണിതു്. ആ സത്യമിതാണു്-സ്വകാര്യ ഭൂ ഉടമാവകാശം ഉണ്ടായിക്കൂടാ. ഭൂമിക്കു് ആവശ്യമുള്ളവരെ അതിൽ പ്രയത്നിക്കുന്നതിൽ നിന്നു് തടയുകയോ പ്രയത്നിക്കാൻ നിഷേധിക്കുകയോ ചെയ്യുന്നതു് പാപമാണു്. സ്വന്തം നിത്യവൃത്തിക്കു വേണ്ടി ഭൂമി കൊതിക്കുന്നവർക്കു് അതു് ലഭിക്കാൻ സൗകര്യമുണ്ടാക്കാതെ കയ്യടക്കി വെച്ചിരിക്കുന്നതിൽ സ്വന്തം പങ്കാളിത്തം ഓർത്തു് അപ്രകാരം ചെയ്തിട്ടുള്ളവർ ലജ്ജിക്കുകമാത്രമാണിന്നാവശ്യം. അതേ, ഭൂവുടമാവകാശത്തിൽ ജനങ്ങൾക്കു് ലജ്ജതോന്നുകയാണാവശ്യം. അന്യരുടെ പ്രയത്നത്തിൽനിന്നും നാം മുതലെടുക്കുകയാണു്, ഭൂമിയിൽ അവർക്കുള്ള ന്യായയുക്തവും യുക്തിസഹവുമായ അവകാശം നിഷേധിക്കുന്നതുകൊണ്ടു് നിർബന്ധമായും അവർക്കു് അത്യദ്ധ്വാനം ചെയ്യേണ്ടി വരുന്നുവെന്നോർത്തും ലജ്ജിക്കണം.

നിർബ്ബന്ധമായി ദാസ്യവേല ചെയ്യിക്കുന്നതു സംബന്ധിച്ചു് എന്തുണ്ടായോ അതുതന്നെ സ്വകാര്യ ഭൂവുടമാ സമ്പ്രദായത്തെ സംബന്ധിച്ചും സംഭവിക്കേയിരിക്കുന്നു. നിർബ്ബന്ധമായി ദാസ്യവേല ചെയ്യിക്കുന്നതിനെക്കുറിച്ചു് മേലാളർക്കും ഭൂവുടമകൾക്കും ലജ്ജ തോന്നി. അന്യായപൂർണ്ണവും അക്രമപരവുമായ നിയമം

നിലനിൎത്തുന്നതിൽ സൎക്കാരിനും ലജ്ജ തോന്നി. തങ്ങളോട്ട് കടുത്ത അന്യായവും അധികപ്രസംഗവുമാണു് ചെയ്തുകൊണ്ടിരിക്കുന്നതെന്നു് കൃഷിക്കാർക്കും വ്യക്തമായി മനസ്സിലായി. ഭൂപ്രശ്നത്തിലും ഇതേ ഭാവന വളൎന്നുയരേണ്ടിയിരിക്കുന്നു. ഈ ഭാവന എത്ര വലിയ തോതിലായാലും, ഒരു വർഗ്ഗത്തിൽ മാത്രം വളൎന്നുപടൎന്നാൽ പോരാ എല്ലാ വർഗ്ഗങ്ങളിലും അതുണ്ടാവേണ്ടിയിരിക്കുന്നു. ഏതെങ്കിലും ഒരു രാജ്യത്തെ എല്ലാ വർഗ്ഗങ്ങളിലും മുഴുവൻ ജനങ്ങളിലും മാത്രം പോര, മാനവസമൂഹമാകെ ആ ഭാവന വളൎന്നുവരേണ്ടതുണ്ട്.

ബഹളം കൂട്ടുന്നതുകൊണ്ടു് സാമൂഹ്യപരിഷ്കരണം നടപ്പില്ല. പരാതിപ്പെടുന്നതുകൊണ്ടോ ശകാരിക്കുന്നതു കൊണ്ടോ അതു് സാദ്ധ്യമല്ല. പാർട്ടികൾ സംഘടിപ്പിക്കുമെന്നോ വിപ്ലവം കൈവരുത്തുമെന്നോ വാചകമടിക്കുന്നതുകൊണ്ടും അതു് സാദ്ധ്യമല്ല. അതിനൊരൊററ മാൎഗ്ഗമേയുള്ളു—ആ ചിന്താഗതി വളൎത്തിയെടുക്കുക. ആദൎശങ്ങളിലേക്കു് നടന്നടുക്കുക. ചിന്താഗതി നന്നല്ലെങ്കിൽ പ്രവൃത്തിയും നന്നായിരിക്കാൻ കഴിയില്ല. ചിന്താഗതി നന്നെങ്കിൽ പ്രവൃത്തിനന്നാകാതിരിക്കാനും കഴിയില്ല. എന്നാണു് ഹെൻറി ജോർജ്ജ് എഴുതിയിട്ടുള്ളതു്.

സാമൂഹ്യപരിഷ്കരണം ആഗ്രഹിക്കുന്ന ഓരോ മനുഷ്യനും, സംഘടനയും ഒന്നാമതായി ചെയ്യേണ്ട ഏററവും വലിയ കാര്യം, ആ ചിന്താധാര പ്രചരിപ്പിക്കുകയും ജനാഭിപ്രായം സംഘടിപ്പിക്കുകയും ആണു്

എന്നും അദ്ദേഹം എഴുതി, ചിന്താധാര പ്രചരിപ്പിക്കുന്നതു കൊണ്ടു് അവർ ചെയ്യാനാഗ്രഹിക്കുന്ന പ്രവൃത്തികൾക്കു ലഭിക്കുന്ന സഹായം മറെറാന്നിൽ നിന്നും ലഭിക്കാൻ പോകുന്നില്ല. ചിന്താശക്തിയുള്ള ഓരോരുത്തക്കും ഇതിൽ സഹായിക്കാൻ സാധിക്കും. ഒന്നാമതായി സ്വയം ബോധവാന്മാരാകുക. രണ്ടാമതായിതാനുമായി സമ്പക്കത്തിൽ വരുന്നവരിൽ ആ ചിന്താഗതി കടത്തിവിട്ടു് അവരെ ബോധവാന്മാരാക്കാൻ ശ്രമിക്കുക.

ഈ എഴുതിയതു് നൂറുശതമാനവും ശരിയാണു്. ഈ മഹാകാര്യം സാധിക്കുന്നതിനു് ചിന്താധാരക്കു പുറമെ മററുചിലതും കൈവശമുണ്ടായിരിക്കണം. അതാണു് ഉത്തരവാദിത്വബോധം. ഈ ഉത്തരവാദിത്വബോധം, കഴിഞ്ഞ ശതാബ്ദിയിൽ അടിമകളുടെ ഉടമകൾ തങ്ങൾ തെററാണു് ചെയ്യുന്നതെന്നു് സമ്മതിക്കാൻ കാരണമായി. ഒപ്പം വ്യക്തിപരമായ നഷ്ടവും നാശവും സഹിച്ചുകൊണ്ടു തന്നെ, അവരെ പീഡിപ്പിച്ചുവന്ന പാപത്തിൻെറ നൂലാമാലകളിൽ നിന്നും മുക്തരാകുന്നതിനുള്ള മാർഗ്ഗവും കണ്ടെത്തി.

ഭൂമിയുടെ മോചനം എന്ന മഹാകാര്യം സാധിക്കണമെങ്കിൽ ഭൂവുടമകളിൽ അതിനനുസരണമായ ഭാവന അങ്കുരിപ്പിക്കേണ്ടതുണ്ടു്. ആ ഭാവന അവർ അടിഞ്ഞു കിടന്നിരുന്നതും ഇന്നുമടിഞ്ഞുകിടക്കുന്നതുമായ പാപപങ്കിലമായ ജീവിതത്തിൽ നിന്നും മോചനം ലഭിക്കുന്നതിനു് തങ്ങൾക്കുള്ള എല്ലാംഎല്ലാം ത്യജിക്കാൻ പ്രേരിപ്പിക്കത്തക്കവിധം അത്ര ആഴം ഉള്ളതുമായിരിക്കണം.

ഇന്നു് നിയമസഭകളിലും കമ്മററികളിലും ജനങ്ങ ളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചു് വളരെയൊക്കെ സംസാരിക്കുന്നു. ഈ സംസാരിക്കുന്നവർ ആരാണു് ? നൂറുകണക്കിനോ ആയിരക്കണക്കിനോ ഏക്കർ ഭൂമി കൈവശമുള്ളവരും, ഇന്നും ഭൂമി വാങ്ങുകയും കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരും, അങ്ങനെ ആ കൊടുക്കൽവാങ്ങൽകൊണ്ടു് നാനാ പ്രകാരത്തിലും ലാഭമെടുക്കുന്നവരും ആനന്ദകരമായ ജീവിതം നയിക്കുന്നവരുമാണു്. ഈ സ്പഷ്ടവും ക്രൂരവുമായ അന്യായം വഴിയായി ജനങ്ങളെ കഷ്ടപ്പെടുത്തിഞെക്കിപ്പിഴിഞ്ഞു് നിർബ്ബന്ധിച്ചു് വേല ചെയ്യിച്ചു് ആനന്ദകരമായ ജീവിതം നയിക്കുകയാണവർ. ഈ അന്യായപൂർണ്ണമായ പ്രവൃത്തികളിൽ നിന്നും അസാധാരണവും അനുപമവുമായ സുഖസൗകര്യങ്ങളിൽ ഒന്നുപോലും ത്യജിക്കാൻ അവർ ഒരുക്കവുമല്ല. എന്നിട്ടും നീണ്ട ഗീർവ്വാണ പ്രസംഗങ്ങൾ നടത്തുക തൊഴിലാക്കിവെച്ചിരിക്കുകയാണവർ. ഇതു് നല്ല കാര്യമല്ല. ഇതു് ഹാനികരവും അപകടപൂർണ്ണവുമാണു്. നന്മയുടേതായാലും വിശ്വസ്തതയുടേതായാലും ചുമതലാബോധത്തിൻേറതായാലും ഏതു ദൃഷ്ടിയിൽക്കൂടി നോക്കിയാലും ഇതു് ചീത്തതന്നെ.

കൃഷിക്കാർക്കു് ഭൂമിയിൽ ന്യായമായ അവകാശമാണുള്ളതു്. പക്ഷെ അവരെ അതിൽനിന്നും ഒഴിവാക്കിനിർത്തിയിരിക്കുകയാണു്. അവരുടെ ഉന്നമനത്തിനെന്ന പേരിൽ തന്ത്രപൂർവ്വമായ പല പദ്ധതികളും ഇറക്കിക്കൊണ്ടിരിക്കുന്നു. യാതൊരാവശ്യവുമില്ലാത്ത കാര്യങ്ങ

ളാണവ. ആവശ്യമുള്ളതു് ഇതാണു്—അവരെ ഒഴിച്ചു നിർത്തിയിട്ടുള്ളവർ, തങ്ങൾ പാപമാണു് ചെയ്യുന്നതെന്നു് ധരിക്കുകയും, യാതൊരു സാഹചര്യത്തിലും ഈ പാപത്തിൽ പങ്കാളികളാവുകയില്ലെന്നു് നിശ്ചയിക്കുകയും ചെയ്യുക. ഇങ്ങനെ ഓരോരുത്തരും സദാചാരപരമായ നിലപാട്ടു് സ്വീകരിക്കുമ്പോൾ അതുതന്നെ വലിയ സഹായമായിത്തീരും. മനുഷ്യത്വത്തിന്റെ നേരെ ഇന്നു് ഉയൎന്നുനില്ക്കുന്ന ആ വലിയ ചോദ്യത്തിനു് ഉത്തരവുണ്ടാകും.

നിർബ്ബന്ധപൂർവ്വം ദാസ്യവേല ചെയ്തുകൊണ്ടിരുന്ന അടിമകൾ റഷ്യയിൽ എങ്ങിനെ വിമുക്തരായി? അലക്സാണ്ടർ മഹാരാജാവിന്റെ കയ്കളിലൂടെയല്ല; പ്രത്യുത, അടിമത്തത്തിന്റെ പാപം മനസ്സിലാക്കിയവരിലൂടെ, അവർ വിമുക്തരായി. സ്വന്തം ലാഭത്തെക്കുറിച്ചു് ചിന്തിക്കാതെ ഈ പാപത്തിൽനിന്നും സ്വയം രക്ഷ നേടുന്നതിനു് അവർ ആത്മാൎത്ഥമായി പരിശ്രമിച്ചു. പതിനെട്ടാം നൂററാണ്ടിന്റെ അന്ത്യപാദത്തിലേയും, പത്തൊൻപതാം നൂററാണ്ടിലേയും, നാട്ടുകടത്തപ്പെട്ടുകയും, വിവിധ ശിക്ഷകൾക്കു് വിധിക്കപ്പെട്ടുകയും ചെയ്ത നോബിക്കോവിനേയും രാദാശേവിനേയും പോലുള്ളവരാണു് അതിനുള്ള പ്രശംസ അഹിക്കുന്നതു്. അന്യരെ വ്യാകുലപ്പെടുത്താതെ അവർ സ്വയം വ്യാകുലപ്പെടുന്നതിനു് തയ്യാറായി. സത്യം എന്നു് അംഗീകരിച്ച ആ പ്രതിഭാസങ്ങളുടെ നേരെ അവർ തികച്ചും അനുസര

ണയുള്ളവരായി. അതിനുവേണ്ടി നാനാ പ്രകാരത്തിലുള്ള യാതനകൾ സഹിക്കുകയും ചെയ്തു.

ഭൂമിയുടെ മോചനം സംബന്ധിച്ച് അതുതന്നെയാണ് നടക്കേണ്ടതു്. ആ പ്രവൃത്തി മുഴുമിക്കാൻ ആത്മബലവും കായികശ്ശക്തിയും ഉള്ളവർ നിലവിലുണ്ടെന്നാണെൻെറ വിശ്വാസം. ഇതു് ഒരു മഹാകാര്യമാണു്. റഷ്യാക്കാരെ സംബന്ധിച്ചു മാത്രമല്ല; ലോകജനതയെ സംബന്ധിച്ചുകൂടിയും.

ഏതാണ്ടു് അൻപതുവർഷം മുൻപ് നിയമപരമായ അടിമത്ത സമ്പ്രദായം വന്നെത്തിനിന്ന ആ പ്രത്യേക സാഹചര്യങ്ങളിലാണു് ഇന്നു്, നമ്മുടെ കാലത്തു് ഭൂപ്രശ്നവും യോഗ്യമായി വന്നുനില്ക്കുന്നതു്. അതേ കാര്യം ആവത്തിക്കുകയാണു്. അന്നും സമൂഹത്തിൽ എത്ര അസമാധാനവും അസന്തോഷവും നിലനിന്നു. അതിനെ ദൂരീകരിക്കുന്നതിനു് നാനാമാർഗ്ഗങ്ങളും അന്വേഷിച്ചു. വിവിധങ്ങളായ ബാഹ്യമാർഗ്ഗങ്ങളും, സക്കാർതലത്തിലുള്ള മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തുകയുമുണ്ടായി. എന്നാൽ വ്യക്തിപരമായ അടിമത്തത്തിൻെറ ആ പഴയ പ്രശ്നം പരിഹരിക്കാത്ത കാലത്തോളം യാതൊന്നും പ്രയോജനപ്പെട്ടില്ല, പ്രയോജനപ്പെടുക സാദ്ധ്യവുമായിരുന്നില്ല. അതുതന്നെ ഇന്നത്തെ സ്ഥിതിയും. ഭൂവുടമാവകാശത്തെക്കുറിച്ചുള്ള ആ ഉറച്ച പ്രശ്നം തീർച്ചയാകാത്ത കാലത്തോളം, ബാഹ്യമായ യാതൊന്നും ഫലപ്രദമാവുകയില്ല. അതിനൊട്ടു് സാദ്ധ്യതയുമില്ല.

"ഭൂപരിഷ്ക്കരണത്തെക്കുറിച്ചു ഇന്നു പല നടപടി കളും സൂചിപ്പിച്ചുകേൾക്കുന്നുണ്ടു്—കൃഷിക്കാർക്കു് ഇന്നു ള്ള ഭൂപരിധി വദ്ധിപ്പിക്കുക, കർഷകബാങ്കുകളിൽ കൂടി ഭൂമി വിലയ്ക്കു വാങ്ങാനുള്ള സൗകര്യമുണ്ടാക്കുക തുടങ്ങി. അടിമത്തത്തെക്കുറിച്ചും ഇങ്ങനെ മുകൾപ്പരപ്പിൽ പല മാററിമറിച്ചിലുകളും നടക്കുന്നുണ്ടു്. അടിമകളുടെ ഉട മകൾ ആഴ്ചയിൽ മൂന്നു ദിവസത്തിലധികം അവരെ ക്കൊണ്ടു് ജോലിയൊന്നും ചെയ്യിച്ചുകൂടാ എന്നു് നിയമ മുണ്ടാക്കി. നാമമാത്രമായിട്ടാണെങ്കിലും ചില നിയമബ ന്ധനങ്ങളൊക്കെ സൃഷ്ടിക്കുകയും അവ കുറെയൊക്കെ നട പ്പാക്കുകയും ചെയ്തു. പക്ഷെ എല്ലാം വ്യത്ഥമായിരുന്നു. ഭൂവുടമാവകാശം ഇല്ലാതാക്കാനുള്ള പരിശ്രമം അന്യാ യമാണു് എന്നു് ഇന്നു ഭൂവുടമകൾ പ്രഖ്യാപിക്കുന്നതു പോലെ അന്നു് അടിമകളുടെ ഉടമകളും പറയുക പ തിവായിരുന്നു—അടിമകളിൽനിന്നും തങ്ങൾക്കുള്ള അ വകാശം അവസാനിപ്പിക്കാനുള്ള പരിശ്രമം കനത്ത അന്യായമാണെന്നു്. അന്നു് പള്ളികൾ അടിമത്ത സമ്പ്രദായം ന്യായീകരിച്ചിരുന്നതുപോലെ ഇന്നു് ശാ സ്ത്രം (ഇക്കാലത്തു് പള്ളികളുടെ സ്ഥാനം ശാസ്ത്രം കര സ്ഥമാക്കിയിരിക്കുകയാണു്) ഭൂവുടമാസമ്പ്രദായം നില നിത്തുന്നതിനെ ന്യായീകരിക്കുന്നുണ്ടു്.

അക്കാലത്തു് അടിമകളുടെ ഉടമകൾക്കു് സ്വന്തം പാപം ഏതാണ്ടൊക്കൊ ബോധ്യമായതിനെത്തുടന്നു്, അടിമത്തം അവസാനിപ്പിക്കാതെ തന്നെ കാര്യം കഴി.

KOTTAYAM PUBLIC LIBRARY KOTTAYAM

ക്കാൻ പല വിധത്തിലും പരിശ്രമിച്ചുവന്നിരുന്നു. നിർബ്ബന്ധിത സൗജന്യ സേവനവ്യവസ്ഥകളിൽ നിന്നും മോചിക്കപ്പെടുന്നതിനു പ്രതിഫലം കൊടുക്കാമെന്നു് ഉടമകൾ അടിമകളോടു് പറയുക പതിവായിരുന്നു. അവരുടെ അദ്ധ്വാനസമയം കുറച്ചുകൊടുത്തു. പക്ഷേ ഇതൊക്കെ വ്യർത്ഥമായിരുന്നു. ഇങ്ങനെ സ്വന്തം അപരാധം മനസ്സിലാക്കുന്ന ഉദാരമതികളായ ചില ഉടമകൾ ഇന്നും ഉണ്ടു്. അവർ ആ അപരാധങ്ങളിൽ നിന്നും രക്ഷപെടുന്നതിനു് ലഘുവായ ചില നിബന്ധനകളിൽ അടിമകൾക്കു് ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാണു്. ഭൂബാങ്കുകൾവഴി ഭൂമിവില്ക്കുന്നതിനു് തയ്യാറാണു്. ജനങ്ങൾക്കുവേണ്ടി സ്കൂളുകളും വിനോദശാലകളും സിനിമാമന്ദിരങ്ങളും നാടകശാലകളും നിർമ്മിക്കുന്നതിനും അവർക്കു് സമ്മതമാണു്.

സർക്കാരിന്റെ ഉദാസീനതയും അന്നത്തെപ്പോലെ തന്നെ. അടിമകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും ബാഹ്യമായി നാനാതരത്തിലുള്ള ഉപായങ്ങളും അന്വേഷിച്ചു് അലഞ്ഞിരുന്നവർ അന്നു് ആ പ്രശ്നം പരിഹരിച്ചിരുന്നില്ല. ആ പ്രശ്നത്തിന്റെ അടിയന്തിരാവസ്ഥ ബോദ്ധ്യപ്പെട്ടിരുന്നവരും, ചില്ലറ ഒഴിവുകൊണ്ടു് തൃപ്തിപ്പെടാതിരുന്നവരുമായ ചിലരാണു് അതു് പരിഹരിച്ചതു്. യഥാർത്ഥമായ ബുദ്ധിമുട്ടുകൾ വന്നുകയറും എന്നു് ഭയപ്പെട്ടവർ അതുപേക്ഷിച്ചില്ല. "നേരെമറിച്ചു്, ഈ തിന്മ ഇപ്പോൾ, ഉടൻതന്നെ ദൂരീകരിക്കപ്പെടണം എന്നു് പറ

യുകയും ചെയ്തു. അംഗീകരിക്കപ്പെട്ട ഒരന്യായം നില നില്ക്കെ യഥാത്ഥമായ ബുദ്ധിമുട്ടുകൾ വന്നുകയറാനുള്ള സാദ്ധ്യതകളെക്കുറിച്ചുപോലും അവർ ചിന്തിച്ചില്ല. ആ സാഹചര്യത്തിൽ ഏററവും ഉചിതമെന്നു തോന്നിയ നിലപാടാണവർ സ്വീകരിച്ചതു്. ഭൂപ്രശ്നം സംബ ന്ധിച്ചും ഇതുതന്നെയാണു് സംഭവിക്കേണ്ടതു്.

ആരെക്കൊണ്ടു് ഈ പ്രശ്നം പരിഹരിക്കാൻ കഴിയും? അന്യായം അമത്തിവെയ്ക്കുന്നവരെക്കൊണ്ടും, ജനങ്ങളെ സാന്ത്വനപ്പെടുത്താനുള്ള വഴികൾ അന്വേ ഷിക്കുന്നവരെക്കൊണ്ടും ഈ ജോലി നാളേയ്ക്കു് നീട്ടി വെയ്ക്കുന്നവരെക്കൊണ്ടും ഈ പ്രശ്നം പരിഹരിക്കാനാ വില്ല. തിന്മ എത്രതന്നെ മറച്ചുവെച്ചാലും അതു് തിന്മ തന്നെയെന്ന ബോധമുള്ളവരെക്കൊണ്ടു മാത്രമേ ഇതു പരിഹരിക്കാനാവൂ. കഷ്ടപ്പെടുന്നവക്കുവേണ്ടി ചില സൗകര്യങ്ങൾ കണ്ടെത്തുക അനിവാര്യമാണെന്നു് ധരി ക്കുന്നവക്കു് മാത്രമേ ഇതിനു പരിഹാരം കണ്ടെത്താൻ കഴിയൂ. ജനങ്ങൾ ദുഃഖിതരാണെങ്കിൽ അവിടെ കാല വിളംബത്തിനവസരമില്ലെന്നും അവരുടെ ദുഃഖം ദൂരീക രിക്കാനുള്ള ഏററവും അനുയോജ്യമായ വഴി ഏററവും വേഗം സ്വീകരിക്കേണ്ടതാണെന്നു് കരുതുന്നവക്കു മാത്ര മേ ഇതു് പരിഹരിക്കാനാവൂ.

ഇതു് വളരെ എളുപ്പമാണു്. ഇതു പരിഹരിക്കേ ണ്ട രീതി ഹെൻറി ജോർജ്ജ് നമ്മുടെ മുമ്പിൽ വ്യക്ത മാക്കി വെച്ചിട്ടുണ്ടു്. അതു് പൂണ്ണവും ഫലപ്രദവുമാണു്. നിലവിലുള്ള സക്കാർ വ്യവസ്ഥകളിലും നിർബ്ബന്ധ

നികുതി സമ്പ്രദായങ്ങളിലും ഇതിനേക്കാളും പ്രായോഗികവും ന്യായപൂൎണ്ണവും സമാധാനപരവുമായ പരിഹാരം കണ്ടെത്തുക അസാദ്ധ്യമായ വിധത്തിൽ അത്ര മെച്ചപ്പെട്ട രീതിയാണദ്ദേഹം നിർദ്ദേശിച്ചിട്ടുള്ളതു്. ഹെൻറി ജോർജ്ജ് പറയുന്നു:-

'ഇന്നു് ഞാൻ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന സത്യത്തെ മറച്ചുവെയ്ക്കുന്നതിനോ അഥവാ വക വരുത്തുന്നതിനു തന്നെയോ സ്വാൎത്ഥത തീർച്ചയായും അജ്ഞതയുടെ സഹായം തേടും. എന്നാൽ അതിൻെറ യുള്ളിൽ സത്യൻേറതായ ശക്തി ബീജരൂപത്തിൽ കുടികൊള്ളുന്നുണ്ടു്. ഇന്നത്തെ കാലം അതിനനുകൂലവുമാണു്.

ഭൂമി പാകമാണു്, ഉഴുതുമറിച്ചിട്ടിരിക്കുകയാണു്. വിത്തും വിതച്ചിട്ടുണ്ടു്. മുള പൊട്ടും. വൃക്ഷം വളരും. ഇന്നതു് കാണുന്നില്ല. ഭക്തിഭാവം വിതുമ്പി നില്ക്കുന്ന കണ്ണുകൾക്കേ അതു് കണ്ടെത്താൻ കഴിയൂ.

ഭൂമിയിലുള്ള സ്വകാര്യ ്ഉടമാവകാശമാകുന്ന പാപത്തിൻെറ അന്ത്യം സമീപിച്ചുകൊണ്ടിരിക്കുകയാണെന്ന ഹെൻറിജോർജ്ജിൻെറ അഭിപ്രായം ശരിയാണെന്നു ഞാൻ കരുതുന്നു. അദ്ദേഹം ആരംഭിച്ച പ്രസ്ഥാനം, അവസാനപേറവനോവായിരുന്നു. ജന്മമെടുക്കാൻ ഇനി കാലതാമസമില്ല, ദീർഘകാലമായി ജനങ്ങളനുഭവിച്ചുവന്ന കെടുതികൾക്കു് അന്ത്യം കാണാൻ പോവുകയാണു്. റഷ്യയിലെ ജനങ്ങളുടെ ഇടയിൽനിന്നും, രാജ്യവ്യാപകമായ ഈ മഹാപാപം തിരോഭവിക്കും എന്നും ഞാൻ കരുതുന്നു. സ്വന്തം ആദ്ധ്യാത്മികവും സാമ്പത്തികവുമായ പ്രത്യേകതകളാൽ ജഗന്നിയന്താവു്

റഷ്യയെ ഈ ബൃഹത്തും മഹത്വപൂണ്ണവുമായ പ്രവത്തനത്തിന് തയ്യാറാക്കിയിരിക്കുകയാണ്. അതിൻെറ അന്ത്യം മനുഷ്യത്വത്തിൻെറ ചരിത്രത്തിൽ ഒരു ആധുനികയുഗം പിറവിയെടുക്കുന്നതിൻെറ നാന്ദി കുറിക്കും. എത്ര ചെറുതായിരുന്നാലും കൊള്ളാം; ഇക്കാര്യത്തിൽ എൻെറകൂടി പങ്കാളിത്തമുണ്ടാകും. യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങളെപ്പോലെതന്നെ അവരുടെ കൺമുമ്പിൽ റഷ്യക്കാരെക്കൂടി തൊഴിലാളികളാക്കരുത് എന്ന് ഞാൻ കരുതുന്നു. മറിച്ച് സ്വന്തം വീട്ടിനുള്ളിൽ ഭൂപ്രശ്നം, സ്വകാര്യ ഭൂവുടമാസമ്പ്രദായം ഒഴിവാക്കി പരിഹരിക്കുകയാണ് വേണ്ടത്. വ്യവസായശാലകളിൽനിന്നും മുതലാളിത്തഹിംസയിൽനിന്നും അടിമത്തത്തിൽനിന്നും തികച്ചും വ്യത്യസ്തമായി ബുദ്ധിപരവും സ്വതന്ത്രവും, സുഖജീവിതം നയിക്കുന്നതിനുതകുന്നതുമായ മാർഗ്ഗമെന്താണ് എന്ന് അത് ലോകത്തിന് കാണിച്ചുകൊടുക്കും. റഷ്യയുടെ മഹത്തായ, ചരിത്രപരമായ കടമയിതാണ്.

ജനങ്ങളുടെ അദ്ധ്വാനഫലത്തിൻെറ പങ്കു പററി അതുകൊണ്ടുമാത്രം തലച്ചോറ് പ്രവത്തിപ്പിക്കാൻ സാധിക്കുന്ന, റഷ്യയിലെ വളന്നുവരുന്ന പരോപജീവികളായ നമ്മെപ്പോലുള്ളവരുണ്ടല്ലോ, അവർ സ്വന്തം പാപം മനസ്സിലാക്കട്ടെ. വ്യക്തിപരമായ ലാഭത്തെക്കുറിച്ചു ചിന്തിക്കാതെ ഈ കനത്ത പാപം അവസാനിപ്പിക്കാൻ അവർ പരിശ്രമിക്കട്ടെ. നമ്മെ നിന്ദിച്ചുകൊണ്ടിരിക്കുന്നഅ സത്യത്തിൻെറ ആഹ്വാനമാകും അത്.

★

# ഗ്രാമങ്ങളിൽ പട്ടണപരിഷ്ക്കാരത്തിൻെറ ദുസ്വാധീനം

പട്ടണത്തിലെ ദീനന്മാരെയും ദുഃഖിതന്മാരെയും സഹായിക്കുന്നതിനുള്ള വിഫലപ്രയത്നം ചെയ്തുകൊണ്ടിരുന്ന കാലത്തു്, ഞാൻ, ഏതു് ചളിക്കുണ്ടിൽനിന്നും അവരെ രക്ഷിക്കാൻ പാടുപെട്ടിരുന്നുവോ, അതിൽത്തന്നെയാണു് എൻെറയും നില എന്നു് എനിക്കു് ഓർമ്മയുണ്ടായിരുന്നു. എൻെറ ഓരോ പുതിയ പ്രയത്നവും, ഞാൻ നില്ക്കുന്ന ഭൂമി പൊള്ളയാണു് എന്നു് വിശ്വസിക്കാൻ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഞാനും ചളിക്കുണ്ടിലാണെന്നു് എനിക്കു് ബോദ്ധ്യപ്പെട്ടു. പക്ഷെ, ആ അറിവിൽനിന്നും, എൻെറ താഴെയുള്ള ഭൂമിയെക്കുറിച്ചു് ഏററവും ശ്രദ്ധയോടുകൂടി അന്വേഷണം നടത്തുന്നതിനു് എനിക്കു് യാതൊരു പ്രചോദനവും ലഭിച്ചില്ല. എൻെറ നാലുപുറത്തും വ്യാപിച്ചുകിടക്കുന്ന തിന്മകളെ ദൂരീകരിക്കുന്നതിനു് ബാഹ്യമായുള്ള ഉപായങ്ങളുടെ അന്വേഷണത്തിൽ ഞാൻ തുടർച്ചയായി ഏർപ്പെട്ടുകൊണ്ടിരുന്നു.

അക്കാലത്തു് എനിക്കു് മറെറാരു കാര്യം അനുഭവപ്പെട്ടു. എൻെറ ജീവിതംതന്നെ തിന്മ നിറഞ്ഞതാണു്. ഇങ്ങനെ ജീവിക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. എന്നിട്ടും എനിക്കു് എൻെറ ജീവിതക്രമം മെച്ചപ്പെടുത്തണമെന്നും ഉത്തമമായ ജീവിതചര്യ സ്വീകരിക്കണമെന്നുമുള്ള സഹജവും സരളവും സ്പഷ്ടവുമായ നിഗമനത്തിൽ എത്തിച്ചേരാൻ കഴിഞ്ഞില്ല. അതിനുപകരം, എൻെറ ജീവിതം ഉത്തമമാക്കുന്നതിനു് അന്യരുടെ ജീവിതം മെച്ചപ്പെടുത്തേണ്ടതു് ആവശ്യമാണു് എന്ന വിചിത്രമായ നിഗമനത്തിലെത്തുകയും അതിനുവേണ്ടിയുള്ള പ്രവത്തനത്തിൽ ഏപ്പെട്ടുകയും ചെയ്തു.

നഗരത്തിലാണു് ഞാൻ താമസിച്ചിരുന്നതു്. അവിടെ താമസക്കാരായ അന്യരുടെ ജീവിതം ഉദ്ധരിക്കുവാനാണു് ഞാനാഗ്രഹിച്ചതും. പക്ഷെ ഏറെ താമസിക്കേണ്ടിവന്നില്ല; ആ പണി എന്നെസംബന്ധിച്ചേടത്തോളം സാദ്ധ്യമല്ല എന്നു് എനിക്കു് വ്യക്തമായി. അതിനാൽ നഗരജീവിതത്തേയും നിർദ്ധനത്വത്തേയും പററി ഞാൻ ചിന്തിക്കാൻ തുടങ്ങി.

എന്താണീ നഗരജീവിതവും നിർദ്ധനത്വവും? നഗരത്തിൽ അധിവസിച്ചുകൊണ്ടുതന്നെ അവിടത്തെ ദരിദ്രന്മാരെ എന്തുകൊണ്ടു് എനിക്കു് സഹായിച്ചുകൂടാ എന്ന പ്രശ്നം എൻെറ ഉള്ളിൽ ഉയൎന്നു. ഈ പ്രശ്നത്തിനു് എനിക്കു തോന്നിയ മറുപടിയിതാണു്—അവ

ക്കുവേണ്ടി ഒന്നും ചെയ്യാൻ എനിക്കു് കഴിയില്ല. കാരണം, ഒന്നു്, അവർ ഒരേസ്ഥലത്തുതന്നെ വളരെയധികമുണ്ടു്. രണ്ടു്, ഗ്രാമങ്ങളിലെ ദരിദ്രന്മാരെ അപേക്ഷിച്ചു് തികച്ചും വ്യത്യസ്തമാണു് അവരുടെ നില.

എന്നാൽ ഇവിടെ ഇത്രയധികം അവർ ഉണ്ടായിരിക്കാൻ കാരണമെന്തു്? ഗ്രാമങ്ങളിലെ ദരിദ്രന്മാരുമായി അവർക്കുള്ള വ്യത്യാസമെന്തു്? ഇങ്ങനൊരു ചോദ്യവും എന്റെ മനസ്സിലുദിച്ചു. അതിനുത്തരവും കിട്ടി. അതിതാണു്—ഇവിടെ ഈ നിർദ്ധനർ ഇത്രയധികം ഉണ്ടായിരിക്കാൻ കാരണം; ഗ്രാമങ്ങളിൽ നിത്യവൃത്തിക്കു് നിവൃത്തിയില്ലാത്തവരൊക്കെ ഗ്രാമം വിട്ടു് പട്ടണത്തിലെത്തി പണക്കാരുടെ സമീപം താമസമുറപ്പിക്കുന്നു. നിത്യവൃത്തിക്കുള്ള വക സമ്പാദിക്കാൻ, സ്വന്തം ഗ്രാമങ്ങൾ വിട്ടു് നഗരങ്ങളിലെത്തി താമസിക്കുന്നവരാണു് ഇവർ എന്നുള്ളതു് ഒരു പ്രത്യേകതയാണു്. അവരിൽ ചിലരും അവരുടെ അച്ഛൻ-മുത്തച്ഛന്മാരും നഗരത്തിലായിരിക്കണം ജനിച്ചതു്. ചുരുക്കമിതാണു്, അവരുടെ പൂർവ്വികന്മാർ ആഹാരം തേടുന്നതിനായിരിക്കണം നഗരങ്ങളിൽ വന്നെത്തിയിട്ടുള്ളതു്.

പട്ടണത്തിൽ ആഹാരം തേടുകയോ? എന്താണതിന്റെ അർത്ഥം? ഇതേക്കുറിച്ചു് ചിന്തിക്കാൻ തുടങ്ങിയാൽ ഒരു കാര്യം ബോദ്ധ്യപ്പെടും; ഇതിൽ കൗതുകമുളവാക്കുന്ന അത്ഭുതകരമായ ചില കാര്യങ്ങളുണ്ടു്. വനങ്ങളും, മൈതാനങ്ങളും, ധാന്യങ്ങളും, മൃഗങ്ങളും ചുരുക്ക

ത്തിൽ ഫലപുഷ്ടവും സമ്പന്നവുമായ ഗ്രാമങ്ങളുപേക്ഷി ച്ച് ആഹാരംതേടി വൃക്ഷങ്ങളോ പുല്ലുകളോ ഇല്ലാത്ത, വേണ്ടത്ര ഭൂമിപോലുമില്ലാത്ത കല്ലും പൊടിയും നിറഞ്ഞ നഗരങ്ങളിലേക്ക് പോരാൻ എന്തേ കാരണം? തിന്നുന്ന വരും തീററവന്നവരും അവരെ സംബന്ധിച്ചിടത്തോളം സ്പഷ്ടവും ബുദ്ധിക്കു നിരക്കുന്നതുമായ ഈ ഭാഷാപ്രയോ ഗം ഒരുപോലെ നടത്തുവാൻ കാരണമെന്താണ്? എ ന്താണതിൻെറ അത്ഥം.

നഗരത്തിലധികവസിക്കുന്ന ധനികരും ദരിദ്രരുമ ടങ്ങിയ നൂറുകണക്കിനോ ആയിരക്കണക്കിനോ ജനങ്ങ ളോട് അവർ എന്തിന് നഗരത്തിലേക്ക് പോന്നു എ ന്നു ചോദിച്ചപ്പോൾ, ഒരേ ശബ്ദത്തിൽ ഇങ്ങനെ മറു പടി പറഞ്ഞു—

'മോസ്ക്കോയിൽ വിതയും കൊയ്ത്തുമില്ല; ശരി യാണ്, എന്നിട്ടും അവിടെ ധനം കുന്നുകൂടി കിടക്കുക യാണ്.'

മോസ്ക്കോയിൽ ഓരോ വസ്തുക്കളും ധാരാളമുണ്ട്. അവിടെ അവക്കവ സമ്പാദിക്കയുമാകാം. ഗ്രാമ ത്തിൽ ധാന്യങ്ങൾ, കെട്ടിടങ്ങൾ, കുതിരകൾ മുതലായ വയൊക്കെ വിലക്കു വാങ്ങേണ്ടതായി വരുന്നു. എല്ലാ സ മ്പത്തിൻേറയും പ്രഭവസ്ഥാനം ഗ്രാമങ്ങളാണ് എന്ന് എല്ലാവക്കുമറിയാം. എന്നാലും അതൊക്കെ വാങ്ങാൻ എന്തിനാണവർ നഗരത്തിലേക്കു് തിരിക്കുന്നതു്? ഇതി ലും പ്രാധാന്യമഹിക്കുന്ന മറെറാരു പ്രശ്നമുണ്ട്. ഗ്രാമീ-

ണർക്കാവശ്യമുള്ള ഗോതമ്പുമാവ്, യവം തുടങ്ങിയ ധാന്യങ്ങൾ, കുതിര മുതലായ മൃഗങ്ങൾ ഇതൊക്കെ എന്തിനാണവർ നഗരങ്ങളിലേക്കയയ്ക്കുക?

ഈ വിഷയങ്ങളെക്കുറിച്ച് നഗരവാസികളായ കൃഷിക്കാരുമായി ഞാൻ അനേകം ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ ചർച്ചകളിൽനിന്നും സ്വയം നടത്തിയിട്ടുള്ള നിരീക്ഷണങ്ങളിൽനിന്നും ഞാൻ എത്തിച്ചേർന്ന നിഗമനങ്ങൾ ' ഇവയാണ് -ഗ്രാമീണർക്ക് നഗരങ്ങളിലേക്ക് പോകേണ്ട ചില അത്യാവശ്യ സന്ദർഭങ്ങളുണ്ടാവും. വയറുപിഴപ്പാണ് ഒരു കാര്യം. മറെറാരു കാര്യം നഗരജീവിതത്തോട് അവർക്കുള്ള അത്യാകർഷണവും. ഗ്രാമീണകർഷകരുടെ സ്ഥിതി, സ്വന്തം തലയിൽ വന്നു വീഴുന്ന ചെലവുകൾ സാധിക്കുന്നതിന് കൃഷി ചെയ്തുണ്ടാക്കുന്ന ധാന്യങ്ങളും ചിലപ്പോൾ സ്വന്തം മൃഗങ്ങളേയുംകൂടി വില്ക്കാൻ പ്രേരിപ്പിക്കുന്നതാണ്. അവർ ഇഷ്ടപ്പെട്ടാലും ശരി, ഇല്ലെങ്കിലും ശരി, ഒരിക്കൽ വിററ ധാന്യങ്ങൾ തിരിച്ചുവാങ്ങുന്നതിന് നിസ്സഹായരായി അവർക്ക് വീണ്ടും നഗരത്തിലേക്ക് പോകേണ്ടതായിവരുന്നു. ഇതോടൊപ്പം തന്നെ മറെറാരു സത്യവുമുണ്ട്. പണം സമ്പാദിക്കുന്നതിൽ നഗരങ്ങളിൽ താരതമ്യേനയുള്ള സൗകര്യം അവരെ ആകർഷിക്കുന്നു. പിന്നെ നഗരജീവിതത്തിൻെറ മായിക പ്രൗഢിയും. ഇങ്ങനെ പല കാരണങ്ങളാൽ ഗ്രാമീണർ നഗരങ്ങളിലേക്ക് വലിച്ചിഴക്കപ്പെടുന്നു. ജീവിത നിർവ്വഹണ

ത്തിനെന്ന പേരിൽ അദ്ധ്വാനം കുറവുള്ള പണി അവർ അന്വേഷിക്കും. മെച്ചപ്പെട്ട ആഹാരവും വസ്ത്രങ്ങളും, ദിവസം മൂന്നോ നാലോ പ്രാവശ്യത്തെ ചായ, ലഹരിപദാർത്ഥങ്ങളുപയോഗിച്ച് മദിച്ചു രസിച്ചു നടക്കാനുള്ള ആർത്തി ഇങ്ങനെ പലതിനുമാണ് അവരങ്ങോട്ടു പോകുന്നതു്.

ഈ രണ്ടു് സ്ഥിതിവിശേഷങ്ങളുടെയും കാരണം ഒന്നുതന്നെ. സമ്പത്തു് ഉല്പാദിപ്പിക്കുന്നവരിൽ നിന്നും ഉല്പാദിപ്പിക്കാത്തവരിലേക്കു് ഒഴുകിച്ചേർന്നു് നഗരങ്ങളിൽ കെട്ടിക്കിടക്കുന്നു. ശീതകാലം സമാഗതമാവുമ്പോഴേക്കും 'സാക്ഷാൽ ലക്ഷ്മി' ഗ്രാമങ്ങളിലേക്കു് മാറി താമസിക്കുന്നുവോ എന്നു് തോന്നുമാറു് സ്ഥിതിഗതികൾ ഭേദപ്പെടുന്നു. എന്നാൽ താമസമെന്യേ, നികുതി, പട്ടാളത്തിൽ ആളെ ചേർക്കൽ മുതലായി പല കാര്യങ്ങളും തലയിൽ വന്നു് കയറുകയും വോഡ്ക,*വിവാഹം, ഉത്സവം മുതലായി പലതും മനസ്സിനെ ആകർഷിക്കാൻ തുടങ്ങുകയും ചെയ്യുന്നു. അതിൻെറ ഫലമായി ആട്ടു്, കോഴി, പശു, പന്നി, കുതിര, മുട്ട, ഇറച്ചി, നെയ്യു്, അരി, ഗോതമ്പു്, യവം തുടങ്ങി പല ഇനങ്ങളിലുമായി സമ്പാദ്യം മുഴുവൻ അന്യരിലേക്കും അവരിൽനിന്നും ടൗണുകളിലേക്കും ഒഴുകിച്ചേരുന്നു. പാവം കൃഷിക്കാരൻ ചെലവുകൾക്കായിട്ടും കുറേ പ്രലോഭനങ്ങളാലും തൻെറ സമ്പത്തു മുഴുവൻ വില്ക്കാൻ നിർബ്ബന്ധിതനാകുന്നു. ഒട്ട

---

* ഒരുതരം മദ്യം.

വിൽ ദരിദ്രനായി തൻെറ തന്നെ സമ്പത്തു് ഒഴുകി ചേൎന്നിടത്തേക്കു് പോകാനും പ്രേരിതനാവുന്നു. അവിടെ ഗ്രാമത്തിൽ തനിക്കു് അത്യാവശ്യമുള്ള സാധനങ്ങൾക്കുവേണ്ടി പണം സമ്പാദിക്കാനായിരിക്കും അയാളുടെ തുടക്കം. കുറേക്കഴിഞ്ഞാൽ പട്ടണ പരിഷ്ക്കാരത്തിൻെറ പ്രലോഭനങ്ങളിൽ പെട്ടു് സ്നേഹിതന്മാരൊപ്പം ദുശ്ശീലങ്ങളിൽ മുഴുകിപ്പോവുകയും ചെയ്യുന്നു.

★

# ഉൽപ്പാദകരുടെ പ്രശ്നങ്ങൾ

റഷ്യ മുഴുവൻ,—എന്തിനു് റഷ്യ, ലോകം മുഴുവൻ അങ്ങനെയാണെന്നാണു് എന്റെ പക്ഷം. ഗ്രാമീണ ഉൽപ്പാദകരുടെ ധനം വ്യാപാരികളുടെയും ജന്മിമാരുടെയും, ആഫീസറന്മാരുടെയും, മിൽ ഉടമകളുടെയും കൈകളിലേയ്ക്കു് ഒഴുകി ചേരുന്നു. ധനം ലഭിക്കുന്നവൻ സ്വാഭാവികമായും അതുപയോഗപ്പെടുത്താനാഗ്രഹിക്കുന്നു. നഗരത്തിൽ മാത്രമേ അതു് പൂർണ്ണമായും ഉപയോഗപ്പെടുത്താനവർക്കു് കഴിയൂ. ഗ്രാമങ്ങളിൽ ജനങ്ങൾ വളരെ അകന്നാണു് താമസിക്കുന്നതു്. അതിനാൽ ധനികരുടെ എല്ലാ ആവശ്യങ്ങളും പൂർണ്ണമായും സാധിക്കുക ബുദ്ധിമുട്ടാണു്. കാരണം, അവിടെ ഫാക്ടറികളോ, വലിയ കടകളോ, ബാങ്കുകളോ, ഹോട്ടലുകളോ, തീയേററുകളോ മാനസോല്ലാസത്തിനുള്ള മററു പാധികളോ ഇല്ല. ഇതിനു പുറമേ സമ്പത്തിൽനിന്നും ലഭിക്കുന്ന മറെറാരു സുഖവും, അഭിമാനവുമുണ്ടു്—അന്യരെ തന്റെ ആർഭാടവും മോടിയും ധാടിയും കാണിച്ചു് അത്ഭുതപ്പെടുത്തി കൊച്ചാക്കാനുള്ള ഒരു പ്രവണത.

അതും, ജനങ്ങൾ അകലെയകലെ അധിവസിക്കുന്നതി നാൽ, വളരെ ബുദ്ധിമുട്ടിയാൽ മാത്രമേ ഗ്രാമങ്ങളിൽ സാധിക്കൂ. അവിടെ ഈ ആർഭാട വസ്തുക്കളുടെ മാററ റിയുന്നവരും വളരെ വിരളം. ആവക വസ്തുക്കളുടെ മായാമരീചികയിൽ മതിമയങ്ങുന്നവർ ഗ്രാമങ്ങളിലുണ്ടാ വില്ല. ഗ്രാമീണഭവനങ്ങൾ എത്ര അലങ്കരിച്ചാലും, അതിലെത്ര ചിത്രങ്ങളും എത്ര വിഗ്രഹങ്ങളും വെച്ച് മോടികൂട്ടിയാലും, എത്ര വണ്ടികൾ വാങ്ങിയാലും, കുതി രകളെ കെട്ടിയാലും എന്തൊക്കെ ചെയ്താലും അതിനെ പ്രശംസിക്കാനോ അതിലസൂയ ഭാവിക്കാനോ ആരെയും കിട്ടില്ല; കാരണം, ഇക്കാര്യങ്ങളെക്കുറിച്ച് കൃഷിക്കാർ ഒന്നുമറിയുന്നില്ല. മൂന്നാമതൊരു കാര്യംകൂടിയുണ്ട്. ആത്മാവിൻെറ ആഹ്വാനം ചെവിക്കൊള്ളുകയും സാ മൂഹ്യ മര്യാദകളെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്ന വക്ക് ഗ്രാമങ്ങളിൽ ആർഭാടപൂൎണ്ണമായ ജീവിതം അരു ചികരമായിരിക്കുമെന്നു മാത്രമല്ല, വേദനാജനകം കൂടി യായിരിക്കും. ഗ്രാമീണ ബാലന്മാക്ക് കുടിക്കാൻ പാലു് കിട്ടാതിരിക്കെ, നാമതിൽ കുളിക്കുന്നതും, പട്ടി കളെ കുടിപ്പിക്കുന്നതും മോശമാണു്, അസഹ്യമാണു്. അതുപോലെതന്നെ ഇടിഞ്ഞുതകന്നു് പുല്ലും പിടിച്ചു കിടക്കുന്ന അഴുക്കു നിറഞ്ഞ കുടിലുകളിൽ താമസിക്കു കയും, തീ എരിക്കാൻ വിറകുപോലും ലഭിക്കാതിരിക്കു കയും ചെയ്യുന്ന സാധുക്കളുടെയിടയ്ക്കു് വലിയ മണ്ഡപ ങ്ങൾ കെട്ടി പൊക്കുകയും, വൎണ്ണശബളമായ പൂന്തോപ്പു കൾ വെച്ചു പിടിപ്പിക്കുകയും ചെയ്യുക തികച്ചും അസ്വാ

ഭാവികമാണു്, അനാവശ്യമാണു്. അപരിഷ്കൃതരായ കൃഷിക്കാർ അജ്ഞത നിമിത്തം അവയൊക്കെ നശിപ്പിച്ചാൽക്കൂടി അവരെ നിയന്ത്രിക്കുന്നതിനധികാരമുള്ള ആരും ഗ്രാമങ്ങളിലുണ്ടായിരിക്കയില്ല.

അതുകൊണ്ടു് ധനികരായവർ പട്ടണങ്ങളിൽ ഒത്തുകൂടി അഭിരുചികളിലും അഭിലാഷങ്ങളിലും സാജാത്യമുള്ളവരുടെയിടയിൽ അധിവസിക്കാനാരംഭിക്കുന്നു. ആർഭാടങ്ങൾക്കുള്ള ഓരോ കാര്യങ്ങളിലും ശ്രദ്ധിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും വേണ്ടത്രയേറെ പോലീസ് നിയുക്തരാവുന്നു. ഇപ്രകാരമുള്ള നഗരവാസികളിൽ പ്രമുഖർ സർക്കാരുദ്യോഗസ്ഥന്മാരാണു്. അവരുടെ ചുററം ശില്പികളും വ്യാപാരികളും ധനികരും അധിവസിക്കുന്നു. ധനികന്മാൎക്കു് ഏതെങ്കിലുമൊന്നു് ആഗ്രഹിക്കയേ വേണ്ടു, അതവരുടെ മുമ്പിലെത്തിക്കഴിയും. നഗരങ്ങളിൽ അധിവസിക്കുക ധനികൎക്കു് അധികം പ്രിയംകരമാണു്. കാരണം, അവിടെ അവരുടെ അഭിമാനത്തിനു് സന്തുഷ്ടിയുടെ മാർഗ്ഗം ലഭ്യമാകും. ആർഭാടപൂൎണ്ണമായ ജീവിതത്തിനു് അവിടെ അവൎക്കു് അന്യരുമായി മത്സരിക്കാം, അന്യരെ അത്ഭുതപരതന്ത്രരാക്കാം, പരാജയപ്പെടുത്തുക കൂടി ചെയ്യാം. നഗരജീവിതം അവൎക്കു് പ്രിയംകരമാകാനുള്ള ഏററവും വലിയ കാര്യം; വിഭവസമൃദ്ധി ഗ്രാമജീവിതം അപ്രിയവും കഷ്ടകരവുമാക്കി, നഗരത്തിലെത്തിയപ്പോൾ ആഡംബരവും ആർഭാടവുമില്ലാതെ ജീവിക്കാൻ വിഷമമായി. കാരണം, ചുററമുള്ളവർ അങ്ങനെ ജീവിക്കുന്നവരാണു്, ധനവാ

ന്മാർ നഗരങ്ങളിൽ അധികാരികളുടെ തണലിൽ ഒത്തു കൂടി സമാധാനപൂർവ്വം ഗ്രാമങ്ങളിൽനിന്നുതന്നെ എത്തി ച്ചേരുന്ന സാധനങ്ങൾ ആവശ്യപ്പെടുകയാണു്. എന്നു മെന്നോണം നവംനവങ്ങളായ വിനോദോപാധികൾ കണ്ടെത്തി ഗ്രാമങ്ങളിൽനിന്നും കയ്യടക്കിയ ധനമുപയോ ഗിച്ചു് ആനന്ദിക്കുമ്പോൾ അങ്ങോട്ടു പോകാൻ ഒരളവു വരെ ഗ്രാമീണർ നിർബ്ബന്ധിതരാവുന്നു. അവിടെ ധനി കരുടെ തീൻമേശകളിൽനിന്നും താഴെവീണ എച്ചിൽ കൊണ്ടു് വിശപ്പടക്കാനും വയറുനിറയ്ക്കാനും സൗകര്യം ലഭിക്കുന്നു. ധനികരുടെഇപ്രകാരമുള്ള അലസവും സമൃദ്ധ വുമായ ജീവിതം കണ്ടിട്ടു്, ചില ഗ്രാമീണൎക്കും, ആവി ധം സ്വന്തം ജീവിതം പരിവൎത്തിപ്പിക്കാനുള്ള ആഗ്ര ഹമുണ്ടാവുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ടു് അവൎക്കു് സ്വയം അധികം അദ്ധ്വാനിക്കേണ്ടതായിവരില്ല, അ ന്യരുടെ അദ്ധ്വാനഫലത്തിൽ അധികം ആനന്ദം ആസ്വദിക്കാനും കഴിയും. ഇങ്ങനെയുള്ള ജീവിതമാണു് അധികമാളുകളും മെച്ചമെന്നു് കരുതുകയും അനു കൂലിക്കുകയും ചെയ്യുന്നതു് എന്നു് ഓൎമ്മയിരിക്കട്ടെ.

ഗ്രാമങ്ങളിലെ സ്ത്രീപുരുഷന്മാർ പട്ടണങ്ങളിലേയ്ക്കു കടന്നു് ധനികന്മാരെ അന്വേഷിച്ചു കണ്ടെത്തി അവ ൎക്കാവശ്യമുള്ള വസ്തുക്കൾ ഏതു മാൎഗ്ഗമുപയോഗിച്ചും തി രിച്ചെടുക്കാൻ ശ്രമിക്കുന്നതു് ഇക്കാരണത്താലാണു്. ഇതിനുവേണ്ടി ധനവാന്മാർ ഏൎപ്പെടുത്തുന്ന ഏതു നി ബന്ധനയും അവർ സ്വീകരിക്കുന്നു. ധനികരുടെ എല്ലാ അഭിലാഷങ്ങളും സാധിക്കുന്നതിനു് സഹായിക്കുന്നു,

അവരുടെ സ്ത്രീകളോ സ്വയം അവർ തന്നെയുമോ ഹോട്ടലുകളിൽ കൂലിപ്പണിക്കും വീടുകളിൽ വീട്ടുവേലക്കും നിൽക്കുന്നു. വേശ്യാവൃത്തിയും സ്വീകരിക്കുന്നു. വാഹനങ്ങളും വിവിധ വേഷവിധാനങ്ങളും തയാറാക്കുകയും ധനവാന്മാരിൽനിന്നും അവരെപ്പോലെ ജീവിക്കാൻ പഠിക്കുകയും ചെയ്യുന്നു. അതായതു് അവർ സ്വയം അദ്ധ്വാനിക്കാതെ, വിവിധ മാർഗ്ഗങ്ങളിൽക്കൂടി അന്യർ ശേഖരിച്ചുവെച്ചിട്ടുള്ള സമ്പത്തു് അപഹരിക്കാൻ പഠിക്കുകയും, ഇങ്ങനെ സ്വയം തകരാറിലെത്തി നശിക്കുകയുംചെയ്യുന്നു. നഗരങ്ങളിൽ, നഗരങ്ങളിലെ തന്നെ സമ്പത്തുകൊണ്ടു് തകന്ന നിർദ്ധനരാണു് താമസിക്കുന്നതു്. അവരെ സഹായിക്കണമെന്നാണു് ഞാനാഗ്രഹിക്കുന്നതു്; പക്ഷേ കഴിഞ്ഞിട്ടില്ല.

വയറു പിഴയ്ക്കുന്നതിനോ ടാക്സു് അടയ്ക്കുന്നതിനോവേണ്ടി പട്ടണത്തിലേയ്ക്കു പോകുന്ന ആ ഗ്രാമീണരെക്കുറിച്ചു് നിങ്ങളൊന്നു് ചിന്തിച്ചു നോക്കൂ! ഒരുവശത്തു് ഓരോ പൈസയ്ക്കും വേണ്ടി രക്തം വെള്ളമാക്കി അവക്കു് പണി ചെയ്യേണ്ടതായി വരുന്നു. മറുവശത്തു്, തങ്ങൾക്കു നാലുചുററും ജനങ്ങൾ ഭ്രാന്തന്മാക്കുതുല്യം ആയിരക്കണക്കിനു രൂപ വെള്ളംപോലെ ചെലവാക്കി തീക്കുന്നു. ഞൊടിയിടക്കുള്ളിൽ നൂറുകണക്കിനു് സമ്പാദിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ അവരിലൊരുത്തൻമാത്രം അത്യദ്ധ്വാനംചെയ്തു് ജീവിക്കാൻ ഇഷ്ടപ്പെടുകയും, മറെറല്ലാവരും പണം സമ്പാദിക്കാനുള്ള എളുപ്പമാർഗ്ഗങ്ങളായ വ്യാപാരം, തെണ്ടൽ, വൃഭി

ചാരം, വഞ്ചന, മോഷണം മുതലായവയെ ആശ്രയി ക്കുകയും ചെയ്താൽ, അതിൽ ആശ്ചര്യത്തിന് യാതൊരു കാരണവുമില്ല.

നഗരങ്ങളിലെ ആനന്ദകരങ്ങളായ സുഖഭോഗങ്ങ ളിൽ മുഴുകി മുഴുകി, അഞ്ചു വൻമുറികളിൽ ഒരാൾമാ ത്രം താമസസിക്കുന്നതു് സർവ്വഥാ സ്വാഭാവികമാ ണെന്നുവരേ ചിന്തിക്കാനുള്ള പ്രത്യേക സ്വഭാവവി ശേഷവുമായി നാം പരിചയപ്പെട്ടുന്നു. ഇരുപതു് കുടും ബങ്ങൾക്കു് ആഹാരം പാകം ചെയ്യുന്നതിനുവേണ്ടത്ര വിറകു് വേണ്ടിവരും, ആ ഓരോ മുറികളും ചൂടുപി ടിപ്പിക്കാൻ. അര മൈൽ യാത്രയ്ക്കു് രണ്ടു കുതിരയെ യും രണ്ടു് കുതിരക്കാരെയും വെയ്ക്കുന്നതിനും, മൊസെ യിക്കു് തറയിൽ പരവതാനി വിരിക്കുന്നതിനും നൃത്ത സംഗീതാദികൾക്കായി അയ്യായിരമോ, ആറായിര മോ റൂബികൾ ചെലവാക്കുന്നതോ പോകട്ടെ, ക്രിസ്തു മസ്സ് ട്രീക്കുവേണ്ടി ഇരുപത്തയഞ്ചു റൂബിൾവരേ ചെല വാക്കുന്നതുക്കൂടി സ്വാഭാവികമാണെന്നു് നമുക്കു് തോ ന്നിത്തുടങ്ങുന്നു. എന്നാൽ, സ്വന്തം കുടുംബത്തിലെ പട്ടിണി പോക്കുന്നതിനു് പത്തു റൂബിൾമാത്രം ആവശ്യപ്പെട്ടുന്ന ഒരാളിനു്, ഏഴു റൂബിൾ നികു തിയടയ്ക്കാൻ നിവൃത്തിയില്ലാതെ തനിക്കു് അവസാ നമായി ശേഷിച്ചിരിക്കുന്ന ഒരാടിനെക്കൂടി വില്ക്കാൻ നിർബ്ബന്ധിതനാകുന്ന ഒരാളിനു്, കഠിനാദ്ധ്വാനം ചെ യ്തിട്ടും ജീവിക്കാനാവശ്യമായ ധനം സമ്പാദിക്കാൻ സാ ധിക്കാത്ത ഒരാളിനു് മുകളിൽ ചേർത്തവിധമുള്ള ജീവി

തവ്യമായി പൊരുത്തപ്പെട്ടുപോകാൻ സാദ്ധ്യമല്ല. ഇതൊക്കെ ദരിദ്രന്മാരെ സംബന്ധിച്ചേടത്തോളം വെറും സ്വാഭാവികം മാത്രമാണെന്നു് നമുക്കു തോന്നാം. നമ്മുടെ സഹാനുഭൂതികൊണ്ടാണു് ദരിദ്രരുടെ പട്ടിണി മാററാൻ കഴിയുന്നതു്, ഇക്കാര്യത്തിൽ അവർ നമ്മോടു് കൃതജ്ഞതയുള്ളവരുമാണു് എന്നുവരേ പറയാൻ മടിക്കാത്ത ചിലരുണ്ടു്. എന്നാൽ നിർദ്ധനരായതുകൊണ്ടുമാത്രം മനുഷ്യരുടെ ബുദ്ധി നശിക്കുന്നില്ല. ആരെങ്കിലും പതിനായിരമോ ഇരുപതിനായിരമോ റൂബിറം നശിപ്പിച്ചു എന്നു കേട്ടാലുടൻ നമ്മുടെ മനസ്സിൽ, ഇത്ര വളരെ പണം നിഷ്പ്രയോജനമായി നശിപ്പിച്ച ഇവൻ എന്തൊരു മനുഷ്യൻ! എന്തു മഹാവിഡ്ഢി! എന്ന വിചാരമുളവാകും. ഈ പണമത്രയും നമ്മുടെ കയ്യിലെത്തിയിരുന്നെങ്കിൽ, കൃഷി പരിഷ്കരിക്കുക, വീടു നന്നാക്കുക തുടങ്ങിയ നല്ല കാര്യങ്ങൾക്കായി അതു മുഴുവൻ നാം ഉപയോഗപ്പെടുത്തിയേനേ! എത്ര കാലമായി തൻെറ മനസ്സിലുള്ള ആഗ്രഹമാണതു്! ധനം വിഡ്ഢിത്തംകൊണ്ടു്മാത്രം നഷ്ടമാകുന്നതു കാണുമ്പോൾ ദരിദ്രരുടെ മനസ്സിലും ഇങ്ങനെയുള്ള വിചാരങ്ങളാണു് ഉയൎന്നുവരാറുള്ളതു്, സത്യം പറഞ്ഞാൽ ഈവിധ വാദപ്രതിവാദങ്ങൾ അവരുടെ മനസ്സിലാണധികമുണ്ടാവുക. കാരണം, എന്തെങ്കിലും അത്യാഗ്രഹം സാധിക്കുന്നതിനല്ല അവരാ പണം ആഗ്രഹിക്കുക; പ്രത്യുത, ജീവിതത്തിനു് ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യങ്ങൾ സാധിക്കുന്നതിനാണു്. ഈവക കാര്യങ്ങളിലൊന്നും

KOTTAYAM PUBLIC LIBRARY KOTTAYAM

ദരിദ്രർ ശ്രദ്ധിക്കുന്നില്ലെന്നും, തങ്ങളുടെ നാലുചുററും കാണുന്ന ആർഭാടങ്ങളൊക്കെ സമാധാനബുദ്ധിയോടു കൂടി നോക്കിക്കാണാൻ അവക്കു കഴിയുമെന്നും നാം ധരിക്കുന്നതു് വലിയ വിഡ്ഢിത്തമാണു്.

കുറേയാളുകറം ഒരുവശത്തു അമിതമായ സുഖഭോഗങ്ങളിൽ മുഴുകിയിരിക്കുക, മറുവശത്തു് ബഹുഭൂരിപക്ഷം എല്ലുമുറിയെ പണി ചെയ്തിട്ടുകൂടി വിശന്നുവലഞ്ഞു് ചത്തു മണ്ണടിയുക—ഇതുചിതമാണെന്നു് ദരിദ്രർ ഒരിക്കലും കരുതിയിട്ടില്ല; കരുതുകയുമില്ല. ഈ അന്യായം കണ്ടിട്ടു് ആദ്യമായി ആശ്ചര്യത്തോടൊപ്പം അവക്കു ക്രോധവുമുണ്ടാവുന്നു. കുറേക്കഴിഞ്ഞാൽ അവരതിൽ പഴകിപ്പോവുകയും, പ്രസ്തുത സാമൂഹ്യക്രമം ശരിയെന്നു് ജനങ്ങറം കരുതുന്നു എന്നു കണ്ടു് സ്വയം അദ്ധ്വാനഭാരത്തിൽനിന്നു് രക്ഷപ്പെട്ടു് "ആനന്ദകോലാഹലങ്ങളിൽ ലയിച്ചുചേരാൻ ശ്രമിക്കുകയും ചെയ്യും. ചിലരതിൽ വിജയികളായി, ആനന്ദാനുഭവങ്ങളിൽ മുഴുകുന്നു. ചിലർ ഇങ്ങനെയുള്ള ജീവിതത്തിലെത്തിച്ചേരാൻ സാവധാനം വ്യക്തമായ ഭാവനയോടുകൂടി പരിശ്രമിക്കുന്നു. ലക്ഷ്യത്തിലെത്തിച്ചേരാൻ പരാജയപ്പെടുന്ന ചിലർ നിരാശരായി പിൻതിരിയുകയും, അദ്ധ്വാനിക്കുന്ന സ്വഭാവം തന്നെ നഷ്ടപ്പെട്ടു് വേശ്യാലയങ്ങളിലും അനാഥശാലകളിലും ആശ്രയമന്വേഷിച്ചു് എത്തിച്ചേരുകയും ചെയ്യുന്നു.

രണ്ടുവഷങ്ങൾക്കുമുമ്പ് ഗ്രാമത്തിൽനിന്ന് ഒരു കഷകബാലനെ ജോലിക്കായി ഞങ്ങൾ കൊണ്ടുവന്നു. ദ്വാരപാലകനുമായി അവൻ യോജിച്ചില്ല. അതിനാൽ അവൻ പുറത്താക്കപ്പെട്ടു. അതിനുശേഷം ഒരു വ്യാപാരിയുടെയടുത്തു് അവനു് ജോലികിട്ടി. അവൻ വ്യാപാരിയെ സന്തോഷിപ്പിച്ചു. ഇപ്പോൾ മിനുങ്ങുന്ന ബൂട്ട്സും ചെയിൻ തൂക്കിയ വേസ്റ്റ്കോട്ടും ധരിച്ച് നടക്കുകയാണു്. അവൻെറ സ്ഥാനത്തുഗൃഹസ്ഥനായ ഒരു കൃഷിക്കാരനെ ഞങ്ങൾ ജോലിക്കാരനായി നിയമിച്ചു. അയാൾ കുടിതുടങ്ങി. കുറേ പണവും കളഞ്ഞുകുളിച്ചു. ഞങ്ങൾ മൂന്നാമതൊരുവനെ വരുത്തി. അയാൾ മുഴുക്കുടിയനായിരുന്നു. വസ്ത്രങ്ങൾക്കൂടി വിററ് അവൻ കുടിച്ചു. പിന്നീട് വളരെക്കാലത്തേയ്ക്കു് അനാഥാലയങ്ങൾ കയറിയിറങ്ങി കാലം കഴിച്ചു. മറെറാരു വൃദ്ധനായ അരിവെപ്പുകാരൻ ഗ്രാമത്തിൽനിന്നും നഗരത്തിലെത്തി, വൻകുടിയനായും, തുടന്നു രോഗിയായും മാറി. ആദ്യകാലങ്ങളിൽ മുഴുക്കുടിയനായിരുന്ന ഒരു ദ്വാരപാലകൻ, നാലഞ്ചു വഷമായി ഗ്രാമത്തിൽ പാത്തു ലഹരിപദാത്ഥങ്ങളിൽനിന്നു തികച്ചും മുക്തനായി കഴിയുകയായിരുന്നു. കഴിഞ്ഞവഷം അയാൾ മോസ്കോയിലെത്തി. കുടി തുടങ്ങി. കുടി അയാളുടെ ജീവിതം അപഹരിക്കുകയും ചെയ്തു. ഗ്രാമത്തിൽ അയാളുടെ ഭാര്യ, കുടിയിൽനിന്നും അയാളെ പിൻതിരിപ്പിച്ചു കൊണ്ടിരുന്നു. നഗരത്തിൽ ഏകനായയാണയാൾ കഴിഞ്ഞിരുന്നതും. അവിടെ അയാളെ 'ആരു് നിയന്ത്രിക്കാൻ? ഞങ്ങളുടെ

ഗ്രാമത്തിലെ ഒരു പയ്യൻ എൻെറ സഹോദരൻെറ വീ
ട്ടിൽജോലിക്കു നിന്നിരുന്നു. ഞാനൊരിക്കൽ ഗ്രാമത്തിൽ
ചെന്നപ്പോഠം അവൻെറ അച്ഛൻ എൻെറടുത്തുവന്നു പ
റയുകയാണു്—'സാർ, എൻെറ മോനെ എന്തെങ്കിലും
പറഞ്ഞു് സമ്മതിപ്പിച്ചു് നികുതിയടയ്ക്കാനുള്ള പത്തു
റുബിഠം എനിക്കു് അയപ്പിച്ചുതരണം. ഇല്ലെങ്കിൽ
എനിക്കു് എൻെറ പശുവിനെ വിൽക്കേണ്ടതായിവ
രും. ആ വൃദ്ധൻ തുടന്നു:- 'നഗരത്തിൽ നല്ല വസ്ത്രം
ധരിക്കേണ്ടതായിവരുന്നു, അവൻ ബൂട്ട്സ് വാങ്ങി. അ
തുതന്നെ അധികം. ഇനി ഇപ്പോഠം വാച്ചു വാങ്ങാനു
ള്ള പരിശ്രമത്തിലാണവൻ എന്നു് എനിക്കു തോ
ന്നുന്നു. വാച്ചു വാങ്ങുന്നതിൽ കവിഞ്ഞു് കിറുക്കു് മററൊ
ന്നില്ല എന്ന അത്ഥം ധ്വനിപ്പിക്കുന്ന സ്വരത്തിലാ
ണാവൃദ്ധനിത്രയും പറഞ്ഞതു്. സുഖമായി ഒരുനേര
ത്തെ ഭക്ഷണം കഴിക്കാൻപോലും ഇല്ലാതിരിക്കെ, ഒരു
റൂബിളും പതിനെട്ടു കോപ്പക്സും കൊടുത്തു് കടം തീർ
ക്കാൻ കഴിയാതിരുന്നതിനാൽ അയാഠം മുറിച്ചിട്ട തടി
കൂടി നമസ്കാരകുമ്പോഠം, സംശയമില്ല, ഒരു വാച്ചുവാ
ങ്ങാനുള്ള കൊച്ചുമകൻെറ ആഗ്രഹം നിശ്ചയമായും
ഒരു കിറുക്കായേ ആ വൃദ്ധനു് തോന്നൂ. ആ വൃദ്ധൻെറ
പരാതി ശരിയായിരുന്നുവെന്നു് പിന്നീടു് മനസ്സിലാവു
കയും ചെയ്തു. മേൽത്തരം തുണികൊണ്ടുള്ള കറുത്ത ഓ
വർക്കോട്ടും ബൂട്ട്സും ധരിച്ചു് അയാളുടെ മകൻ
എൻെറയരികിൽ വന്നു. എട്ടു റൂബിളിനാണാ ബൂട്ട്
സ് അവൻ വാങ്ങിയതു്. കുറച്ചു ദിവസങ്ങഠംക്കുമുമ്പു്

എൻെറ സഹോദരനോട്ട് പത്തു റൂബിൾ അവൻ അഡ്വാൻസ് വാങ്ങിയിരുന്നു. അതിൽനിന്നാണവനാ ബൂട്ട്സ് വാങ്ങിയതു്. ചെറുപ്പം മുതലേ അവനെ പരിചയമുള്ള എൻെറ കുട്ടികൾ, വാച്ചു വാങ്ങുന്നതിനെക്കുറിച്ച് അവൻ ആലോചിച്ചുകൊണ്ടിരിക്കുന്നുവെന്ന് എന്നോട്ട് പറയുകയും ചെയ്തു. വാച്ച് തനിക്ക് അത്യാവശ്യമെന്നാണ് അവൻെറ വിചാരം. സൽസ്വഭാവിയായ ഒരു പയ്യനാണവൻ. ഒരു വാച്ച് ഇല്ലാത്ത കാലത്തോളം ജനങ്ങൾ അവനെ കളിയാക്കും. അതിനാലൊരു വാച്ച് അടിയന്തിരാവശ്യമെന്ന് അവൻ വിശ്വസിക്കുന്നു. ഈ വർഷം ഞങ്ങളുടെ വീട്ടിലെ ഏകദേശം പതിനെട്ടു വയസ്സു പ്രായമുള്ള വേലക്കാരിക്ക് കുതിരകെട്ടുകാരനുമായി വേഴ്ചയുണ്ടായി. അതിനാൽ ഞങ്ങൾ അവളെ ഇറക്കിവിട്ടു. ഞങ്ങളുടെ വൃദ്ധയായ വളത്തമ്മയുമായി ഞാനിക്കാര്യം സംസാരിച്ചപ്പോൾ, ഞാൻ മറന്നുകിടന്നിരുന്ന ഒരു സാധു പെൺകുട്ടിയുടെ കഥ അവരെന്നെ ഓർമ്മിപ്പിച്ചു. പത്തുവർഷം മുമ്പ് ഞങ്ങൾ മോസ്കോയിലായിരുന്നപ്പോൾ, ഒരു ദ്വാരപാലകനുമായി അവൾക്ക് അവിഹിതവേഴ്ചയുണ്ടായി. അവളെയും ഞങ്ങൾ അന്ന് ജോലിയിൽനിന്ന് പിരിച്ചുവിട്ടു. അവസാനം അവളൊരു വേശ്യാലയത്തിൽ ചെന്നുചേർന്നു. ഇരുപതു വയസ്സു തികയുന്നതിനു മുമ്പുതന്നെ ഉഷ്ണരോഗത്തിനിരയായി. ആസ്പത്രിയിൽവെച്ച് അകാലത്തിൽ അവൾ മരണമടയുകയും ചെയ്തു. നമുക്ക് അലങ്കാരവസ്തുക്കൾ നിർമ്മിക്കുന്നതിൽ നിരന്തരമായി ഏർപ്പെട്ടിരിക്കുന്ന

മില്ലുകളെയും ഫാക്ടറികളെയും ഒഴിച്ചു നിൎത്തിയാൽ ക്കൂടി നമ്മുടെ നാലു ചുററും വ്യാപിച്ചിരിക്കുന്ന ആ പകർച്ചവ്യാധി കണ്ടാൽ നാം ഞെട്ടിപ്പോകും. സമീപ് ഭാവിയിൽ നാം സഹായിക്കാനാഗ്രഹിക്കുന്ന ആ സാധാരണക്കാരിലാണ് ഈ രോഗം കാണുക.

ഞാൻ ദൂരീകരിക്കാനാഗ്രഹിച്ച് പരാജയപ്പെട്ട പട്ടണത്തിലെ ദാരിദ്ര്യത്തിന്റെ രൂപവും ഭാവവും പഠിച്ചപ്പോൾ രണ്ടു കാര്യങ്ങൾ വ്യക്തമായി. ഒന്ന്—എന്നെപ്പോലുള്ളവർ ഗ്രാമീണൎക്കാവശ്യമുള്ള സാധനങ്ങൾ ശേഖരിച്ചു പട്ടണത്തിലേയ്ക്കു് കൊണ്ടുപോരുന്നു. രണ്ടു്—ഗ്രാമങ്ങളിൽനിന്നും കൊണ്ടുപോന്ന സാധനങ്ങൾ ഉപയോഗിച്ച് എന്നെപ്പോലുള്ളവർ നഗരങ്ങളിൽ അലസവും ആർഭാടവുമായ ജീവിതം നയിക്കുന്നു. ഇതു് ഗ്രാമീണരെ ഹരം പിടിപ്പിക്കുന്നു. എന്നെപ്പോലുള്ളവർ ഗ്രാമങ്ങളിൽനിന്നു കൊണ്ടുപോന്ന സാധനങ്ങൾ ഏതെങ്കിലും വിധത്തിൽമടക്കിക്കൊണ്ടുപോകാൻ മോഹിച്ച് നഗരങ്ങളിലേയ്ക്കു വരുന്ന ഗ്രാമീണൎക്കു് മാർഗ്ഗഭ്രംശം സംഭവിക്കുകയും ചെയ്യുന്നു.

★

## ധനവാൻെറയും നിദ്ധനൻെറയും ഇടയ്ക്കുള്ള ഭിത്തി

തികച്ചും വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിൽക്കൂടി ചിന്തിച്ചിട്ടും ഞാൻ ഇതേ നിഗമനത്തിലാണു എത്തിയതു്. ഇതിനിടയ്ക്കു് പട്ടണത്തിലെ ദരിദ്രന്മാരുമായി എനിക്കുണ്ടായ ബന്ധത്തെക്കുറിച്ചു് ചിന്തിച്ചപ്പോൾ, അവരെ സഹായിക്കാൻ കഴിയാത്തതിൻെറ ഒരു കാരണം, അവർ എന്നോടു് കാപട്യം കാണിക്കുകയും കള്ളം പറയുകയും ചെയ്തതാണെന്നു് മനസ്സിലായി. എന്നെ ഒരു മനുഷ്യനായല്ല; ഒരുപകരണമായി മാത്രമാണവർ കണക്കാക്കിയതു്. അവരുമായി സമ്പക്കപ്പെടാൻ എനിക്കു് കഴിഞ്ഞില്ല. ഒരു പക്ഷേ അതെനിക്കു് സാദ്ധ്യമല്ല എന്നുതന്നെ ഞാൻ വിചാരിച്ചുപോയി. എന്നാൽ മററൊരു കാര്യം എനിക്കു് വ്യക്തമായി— സത്യസന്ധമായി അവർ പ്രവത്തിക്കാത്ത കാലത്തോളം അവർ സഹായം അർഹിക്കുന്നില്ല എന്നു്. ഒരാൾ സ്വന്തം സ്ഥിതിഗതികൾ യഥാതഥം അറിയിക്കാ

കാലത്തോളം എങ്ങനെ അയാളെ സഹായിക്കാൻ! ആദ്യം ഇതിൻെറ കുററം ആ ദരിദ്രരുടെ തലയിൽ തന്നെ ഞാൻ അടിച്ചേല്പിച്ചു. അന്യരിൽ അപരാധം ചുമത്തുക സ്വാഭാവികമാണു്. എന്നാൽ അക്കാലങ്ങളിൽ എന്നോടൊപ്പം താമസിച്ചിരുന്ന സുതായഫ്* എന്ന ആ അസാധാരണ വ്യക്തിപ്രതിഭാസം ഉപയോഗിച്ച ഒരു വാക്കു് എല്ലാ സ്ഥിതി വിശേഷങ്ങളും സ്പഷ്ടവുമാക്കി. അദ്ദേഹം എൻെറ പരാജയ കാരണങ്ങൾ വ്യക്തമാക്കിത്തന്നു. അന്നുതന്നെ സുതായഫിൻെറ വാക്കുകൾ എന്നിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നുവെന്നു് ഞാൻ ഓക്കുന്നു. പക്ഷേ പൂർണ്ണമായും അതിൻെറ മഹത്വം ഞാൻ മനസ്സിലാക്കിയതു് പിന്നീടാണു്. എൻെറ ആത്മവഞ്ചന അതിൻെറ പരമകാഷ്ഠയിൽ എത്തിയിരുന്നപ്പോഴത്തെ സംഭവമാണിതു്. ഞാൻ എൻെറ സഹോദരിയുടെ വീട്ടിൽ താമസമാണു്. സുതായഫ് അവിടുണ്ടു്. എൻെറ സഹോദരി എൻെറ പദ്ധതികളെക്കുറിച്ചു് എന്നോടു് ചില വിവരങ്ങൾ ചോദിക്കുകയായിരുന്നു. ഞാനതൊക്കെ വിവരിക്കാനാരംഭിച്ചു—പ്രവൃത്തിയിൽ പൂർണ്ണ വിശ്വാസമില്ലാത്തതു കൊണ്ടു് എല്ലായ്പ്പോഴും സംഭവിക്കുന്നതുപോലെ—ഞാൻ എൻെറ പ്രവൃത്തികളെയും

*ടോൾസ്റ്റായിയുടെ വീട്ടിൽ വന്നു കുട്ടിയെ വേല ചെയ്യുന്നതിനു് ഗ്രാമത്തിലേക്കു് പറഞ്ഞയച്ചിരുന്ന കൃഷിക്കാരനായിരുന്നു സുതായഫ്. എന്നാൽ ആ കുട്ടി ടോൾസ്റ്റോയിയുടെ ഉദ്യോഗമുപേക്ഷിച്ച് ഒരു സക്കസ് കമ്പനിയിൽ ചേർന്നു. ഈ കൃഷിക്കാരനെ ടോൾസ്റ്റോയി വളരെ ബഹുമാനിച്ചിരുന്നു.

അതിൻെറ പരിണാമണങ്ങളെയും കുറിച്ച് വളരെ തന്മയത്വമായും ഉത്സാഹത്തോടു കൂടിയും പൊടിപ്പും തൊങ്ങലും വെച്ച് വർണ്ണിച്ചുകൊണ്ടിരുന്നു. ഏതു വിധത്തിൽ വൃദ്ധന്മാരെയും അനാഥരെയും ഞങ്ങൾ സംരക്ഷിക്കും, നഗരങ്ങളിൽ ജീവിക്കാൻ ബുദ്ധിമുട്ടുന്ന കൃഷിക്കാരെ എങ്ങനെ ഗ്രാമങ്ങളിലേക്ക് പറഞ്ഞയയ്ക്കും, അധഃപതിച്ച ആ വർഗ്ഗത്തെ ഉന്നമിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ എങ്ങനെ മെച്ചപ്പെടുത്തും, ഞങ്ങളുടെ പദ്ധതി വിജയിച്ചാൽ മോസ്ക്കോ മുഴുവൻ നിസ്സഹായരായി ഒററൊരാളും എങ്ങനെ അവശേഷിക്കാതിരിക്കും എന്നൊക്കെ ഞാൻ അവരോട് വാചാലമായി വിശദീകരിച്ചു. എൻെറ സഹോദരി എന്നോട് വലിയ സഹാനുഭൂതി പ്രദർശിപ്പിച്ചു. ഞങ്ങൾ ഈ വിഷയത്തിൻെറ വിശദാംശങ്ങളെക്കുറിച്ച് തുടന്ന് സംസാരിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്ക് ഞാൻ സുതായഫിനെ നോക്കി. അയാൾ ഒരു പക്കാ ക്രിസ്ത്യാനിയാണെന്നും ദാനപ്രവൃത്തികൾക്ക് വലിയ പ്രാധാന്യം നൽകുന്നയാളാണെന്നും എനിക്കറിയാമായിരുന്നു. അയാൾ എന്നെ അനുകൂലിക്കും എന്ന് സ്വാഭാവികമായും ഞാൻ ആശിച്ചു. അതിനാൽ അയാൾ കൂടി എൻെറ ആശയം ഗ്രഹിക്കട്ടെ എന്നു കരുതി ആ വിധത്തിൽ ഞാൻ സംസാരം നീക്കിക്കൊണ്ടിരുന്നു. എൻെറ സഹോദരിയോടായിട്ടാണ് ഞാൻ കാര്യങ്ങളൊക്കെ പറഞ്ഞിരുന്നതെങ്കിൽക്കൂടി വാസ്തവത്തിൽ സുതായഫിനുവേണ്ടിയായിരുന്നു സംസാരിച്ചതു്. ആട്ടിൻതോലുകൊണ്ടുള്ള

കറുത്ത ഉടുപ്പുമിട്ട്—കൃഷിക്കാരെപ്പോലെ വീട്ടിനുള്ളി ലും പുറത്തും ആ ഒരേ ഉടുപ്പാണയാൾ ധരിക്കാറ്—ശി ലാപ്രതിമപോലെ അചഞ്ചലനായി അയാൾ അവിടെ യിരുന്നു. ഞങ്ങളുടെ സംസാരമൊന്നും കേൾക്കാതെ സ്വന്തം ചിന്തകളിൽ മുഴുകി ഇരിക്കുകയാണെന്ന് തോ ന്നും, ആ ഇരിപ്പു കണ്ടാൽ. അയാളുടെ കണ്ണുകൾ അട ഞ്ഞിരുന്നു, ഉള്ളിലേക്കു് നോക്കുന്നതുപോലെ. ഞാൻ സംസാരമവസാനിപ്പിച്ചു് അയാളെ വിളിച്ചുചോദിച്ചു —'നിങ്ങളുടെ അഭിപ്രായമെന്താണ്.'

'ഇതൊക്കെ വെറുതെ'—അയാൾ അലസമായി മറുപടി പറഞ്ഞു.

'എന്തുകൊണ്ടു്?'

'അങ്ങ് ഒരു സംഘടന ഉണ്ടാക്കാൻ പോവുകയ ല്ലേ? അതു് തികച്ചും വ്യർത്ഥമായിരിക്കും. അതുകൊണ്ടു് ഒരു പ്രയോജനവുമുണ്ടായിരിക്കില്ല.' ആത്മവിശ്വാസ ത്തോടുകൂടി അയാൾ അതു് തറപ്പിച്ചു പറഞ്ഞു.

'എന്തുകൊണ്ടു് പ്രയോജനമുണ്ടാവില്ല? അധിക മാർക്കുമില്ലെങ്കിലും, ആയിരമാളുകൾക്കോ അഥവാ നൂറ പേർക്കോ മാത്രമായാലും ശരി, സഹായിക്കുന്നതെങ്ങി നെ വ്യർത്ഥമാകാൻ? നഗ്നന്മാർക്ക് വസ്ത്രം നൽകുന്നതും വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നതും എന്താ ചീത്ത യാണോ? ബൈബിൾ അതല്ലേ അനുശാസിക്കുന്നതു്?'

'ബൈബിൾ അനുശാസിക്കുന്നതതാണെന്ന് എ നിക്കറിയാം. പക്ഷെ നിങ്ങളുടെ പോക്കു് ശരിയായില്ല,

സഹായിക്കുന്നതിനിതാണോ രീതി? നിങ്ങൾ നടക്കാനിറങ്ങുമ്പോൾ വഴിയിലൊരാൾ ഇരുപതു് കോപ്പെക്സ് ചോദിച്ചാൽ നിങ്ങളതു് നൽകുന്നു—ഇതാണോ ദാനം? നിങ്ങൾക്കു് കൊടുക്കാൻ കഴിയുമെങ്കിൽ ആവശ്യപ്പെടുന്നവനു് ആദ്ധ്യാത്മികദാനം നൽകൂ. അയാൾക്കു് വിദ്യാഭ്യാസം നൽകൂ. ഇതല്ലാതെ നിങ്ങൾ എന്താണു് ചെയ്യുന്നതു്? പിച്ചക്കാശു നൽകി ദരിദ്രന്മാരിൽനിന്നും രക്ഷപ്പെടുകയല്ലേ നിങ്ങൾ?' സുതായഫ് ചോദിച്ചു.

'അല്ല, ഞാൻ അതേക്കുറിച്ചല്ല സംസാരിക്കുന്നതു്. ദരിദ്രരുടെ ആവശ്യങ്ങളറിയാൻ ഞാനാഗ്രഹിക്കുന്നു. അത്യാവശ്യമുള്ളവക്കു് ധനവും ജോലിയും നൽകാൻ ഞാനാഗ്രഹിക്കുന്നു. അവർക്കുവേണ്ടി ഉദ്യോഗമന്വേഷിക്കാനും എനിക്കാഗ്രഹമുണ്ടു്.'

'ഈ വിധത്തിൽ അവക്കുവേണ്ടി നിങ്ങൾക്കു് ഒന്നും ചെയ്യാൻ കഴിയില്ല.'

'എന്നു പറഞ്ഞാൽ? വിശന്നുതണുത്തു് നശിക്കാൻ അവരെ വിട്ടേക്കണമെന്നോ?'

'അവരെന്തിനു് മരിക്കണം? എണ്ണത്തിൽ അവർ അത്രയധികമൊന്നുമില്ലല്ലോ?'

'എന്തുകൊണ്ടു് ഇല്ല? റഷ്യയിൽ' ദരിദ്രന്മാരുടെ സംഖ്യ എത്രയെന്നു് അറിയാത്തതിനാലാണു് ഈ ചർച്ച ഇത്ര നിസ്സാരമെന്നു് സുതായഫ് കരുതിയിരിക്കുന്നതു് എന്നു വിചാരിച്ചാണു് ഞാൻ ഇങ്ങനെ പറഞ്ഞതു്—'മോസ്കോയിൽ മാത്രം വിശന്നു് തണുത്തു മരിച്ചു കഴിയുന്ന ഇരുപതിനായിരം നിർഭാഗ്യവാന്മാരു

ണ്ടെന്ന് നിങ്ങൾക്കറിയില്ലേ? ഇതിനു പുറമേയാണ് പിററ്സ് ബർഗ്ഗിലെയും മററു പട്ടണങ്ങളിലേയും ദരിദ്രന്മാർ.'

ഇതുകേട്ട് സുതായഫ് ഒന്ന് ഊറി ചിരിച്ചുകൊണ്ട് ചോദിച്ചു—'ഇരുപതിനായിരമോ ? അപ്പോൾ റഷ്യയിൽ എത്ര വീടുകളുണ്ടാവും ?'

"പത്തുലക്ഷമുണ്ടാവുമോ? അതെ, പത്തുലക്ഷമെന്ന് കരുതിക്കൊള്ളു. അതുകൊണ്ടെന്താ?"

'അതുകൊണ്ടെന്താ?'...അയാളുടെകണ്ണുകൾ പ്രകാശിച്ചു. ആവേശത്തോടുകൂടി അയാൾ തുടർന്നു—'അവരെക്കൂടി നമുക്ക് നമ്മുടെ കൂടെ കൂട്ടിയാലെന്താ? ഞാൻ ധനികനല്ല, എങ്കിൽകൂടി രണ്ടുപേരുടെ ചുമതല ഏല്ക്കാൻ ഞാൻ തയാറാണ്. നിങ്ങളുടെ അടുക്കള ജോലിക്കാരനായ ആ പയ്യനില്ലേ, എൻെറ കൂടെ വരാൻ അവനോട് ഞാൻ ആവശ്യപ്പെട്ടതാണ്. പക്ഷേ അവൻ സമ്മതിച്ചില്ല. ഇന്നത്തേതിലും പതിരട്ടി ദരിദ്രന്മാരുണ്ടെങ്കിൽത്തന്നെ, അവർക്കൊക്കെ അഭയം നൽകാൻ നമുക്ക് കഴിയും എന്ന് ഞാൻ പറയുന്നു. ഒരാളെ നിങ്ങൾ താമസിപ്പിച്ചോളൂ, ഒരാളെ ഞാൻ താമസിപ്പിക്കാം. എൻെറ കൂടെ താമസിക്കുന്നയാളുമൊന്നിച്ച് ഞാൻ ജോലിക്കു പോകും. എൻെറ ജോലി ചെയ്യുന്ന രീതി അവൻ കാണും. അങ്ങനെ ജീവിത നിർവ്വഹണത്തിനുള്ള മാർഗ്ഗം അവൻ പഠിക്കും. ഒരു മേശപ്പുറത്തു തന്നെ നാമെല്ലാം ആഹാരം കഴിക്കും. ചിലപ്പോഴൊക്കെ എന്നിൽനിന്നോ താങ്കളിൽനിന്നോ ചില ഉപ

ദേശങ്ങളും അവക്ക് ലഭിക്കും. അതാണ് യഥാർത്ഥദാനം. താങ്കളുടെ പദ്ധതി തികച്ചും നിഷ്പ്രയോജനം തന്നെ!'

അയാളുടെ ലളിതമായ ഈ സംസാരം എൻെറ ഹൃദയത്തിൽത്തറച്ചു. യുക്തിസഹമായ ആ സമീപനം എനിക്ക് സ്വീകരിക്കേണ്ടതായി വന്നു. എന്നിട്ടും, സുതായഫ് പറഞ്ഞ കാര്യങ്ങൾ ശരിയാണെങ്കിൽ കൂടി ഞാൻ ആരംഭിച്ചിട്ടുള്ള പ്രവൃത്തികളും ഉപയോഗപ്രദം തന്നെയെന്ന് എനിക്കുതോന്നി. എന്നാൽ എൻെറ ജോലിയുമായി ഞാൻ മുന്നേറുംതോറും, ദരിദ്രരുമായുള്ള എൻെറ സമ്പർക്കം ഏറിയേറിവരുന്തോറും സുതായഫിൻെറ വാക്കുകൾ ഞാൻ അധികമധികം ഓർമ്മിക്കാൻ തുടങ്ങി. അയാളുടെ വീക്ഷണം എത്ര യുക്തിസഹമായിരുന്നു എന്നും എനിക്ക് ബോദ്ധ്യമാവാൻ തുടങ്ങി. ഞാൻ വീട്ടിൽനിന്നു് പുറത്തിറങ്ങുമ്പോഴൊക്കെ വിലയേറിയ ഒരു രോമക്കുപ്പായവും ധരിച്ച് തീർച്ചയായും എൻെറ വണ്ടിയിൽ തന്നെയാണ് പുറപ്പെട്ടിരുന്നതു്. സ്വന്തമായി ഒരു ചെരിപ്പുപോലുമില്ലാത്ത ഒരാൾ, രണ്ടായിരം റൂബിൾ ചെലവാക്കി ഞാൻ പണിതുയർത്തിയ എൻെറ മാളിക കാണുമ്പോഴും, എനിക്കു തോന്നുമ്പോഴൊക്കെ യാതൊരു ഖേദവും കൂടാതെ ആർക്കും അഞ്ച് റൂബിൾ ദാനം ചെയ്യുന്നതു കാണുമ്പോഴും, അവൻ വിചാരിക്കുന്നതു്, ഞാനിങ്ങനെ കണക്കില്ലാതെ അന്യരിൽനിന്നും അപഹരിച്ച് റൂബിൾ സംഭരിച്ചിരിക്കുന്നതിനാൽ ഉപയോഗമില്ലാത്തതുകൊണ്ടു ഇങ്ങനെ വിതരണം ചെയ്യുന്നു

എന്നായിരിക്കും. അവന്ന് അവകാശമുണ്ടായിരുന്ന സമ്പത്ത് ഞാൻ അപഹരിച്ചെടുത്തു കയ്യടക്കി വെച്ചിരിക്കുന്നു എന്നല്ലാതെ സ്വാഭാവികമായും ആ മനുഷ്യൻ എന്തു വിചാരിക്കാൻ! അയാളിൽനിന്നും അയാളെപ്പോലുള്ളവരിൽനിന്നും ഞാൻ കയ്യടക്കിയിരുന്നതു് ഏററവും വർദ്ധമാനമായ തോതിൽ തിരിച്ചെടുക്കണം എന്നല്ലാതെ എന്നെക്കുറിച്ച് അയാൾക്ക് മറെറന്തു ഭാവനയുണ്ടാവാൻ! അയാളുമായി സമ്പക്കം പുലത്തുകയും, അയാൾ വ്യക്തമായും സ്പഷ്ടമായും സംസാരിക്കുന്നില്ല എന്നു് പരാതിപ്പെടുകയും ചെയ്യണമെന്നാണാഗ്രഹം. എന്നാൽ അയാളുടെ വിരിപ്പിൽ ഇരിക്കാൻ കൂടി ഞാൻ ഭയപ്പെടും. കാരണം, അതിൽനിന്നും എൻെറ വസ്ത്രങ്ങളിൽ അഴുക്കുപിടിക്കുമോ എന്നാണെൻെറഭയം. എന്തെങ്കിലും സാംക്രമികരോഗം പകരുമോ എന്നും എനിക്ക് സംശയമുണ്ടാവും. എൻെറ മുറിയിൽ കടക്കാൻകൂടി ഞാനവനെ സമ്മതിക്കില്ല. വിശന്നു പൊരിഞ്ഞു് കരഞ്ഞുവിളിച്ച് വരുമ്പോൾ കൂടി അവൻ പുറത്തു് തൊഴുത്തിൽ എന്നെ കാത്തു് നിൽക്കേണ്ടതായി വരുന്നു. അതും എൻെറ സമയം നല്ലതാണെങ്കിൽ മാത്രം. ഇതൊക്കയായിട്ടും, എനിക്ക് അയാളുമായി സമ്പക്കം പുലത്താൻ കഴിയാതിരുന്നാലും, എന്നോടു തുറന്നു് സംസാരിക്കുന്നില്ല, കുററം അയാളുടേതു തന്നെ എന്നാണു് ഞാൻ പറയുക.

ആഹാരത്തിനൊന്നും കിട്ടാത്തവരുടെയിടയിൽ അഥവാ ഉണക്ക റൊട്ടിമാത്രം തിന്നു് വിശപ്പടക്കാൻ

നിർബന്ധിതരായവരുടെയിടയിൽ വിവിധ വിഭവങ്ങളും സംഭരിച്ച് അതു കഴിക്കാൻ നാം ഇരിക്കുകയാണെങ്കിൽ, നാം എത്ര കഠിനഹൃദയരായിരുന്നാലും അവർ നോക്കിയിരിക്കെ നമുക്കതു് തിന്നാൻ കഴിയില്ല തന്നെ. അതിനാൽ വിശന്നു പൊരിയുന്നവരുടെയിടയിലിരുന്നു് രുചികരമായ ഭക്ഷണം കഴിക്കുന്നതിനുള്ള ഏകമാർഗ്ഗം, അവർ കാണാത്തവിധത്തിൽ ഒളിഞ്ഞിരിക്കുക മാത്രമാണു്. സത്യം പറഞ്ഞാൽ നാം ഇന്നു് അനുവർത്തിച്ചു വരുന്നതുമതുതന്നെ.

സാമൂഹ്യജീവിതത്തെക്കുറിച്ച് കുറേക്കൂടി ലളിതമായി ചിന്തിച്ചതിന്റെ ഫലമായി ദരിദ്രന്മാരുമായി സമ്പർക്കം പുലർത്താൻ നമുക്കു തോന്നുന്നു. ബുദ്ധിമുട്ട് കേവലം യാദൃച്ഛികമല്ലെന്നും, നേരേമറിച്ചു് നാം നമ്മുടെ ജീവിതം ബോധപൂർവ്വം ആ വിധത്തിൽ കരുപ്പിടിപ്പിച്ചെടുത്തിട്ടുള്ളതാണെന്നും അതിനാലാണു് ആ അരുതായ്ക തോന്നുന്നതു് എന്നുമുള്ള നിഗമനത്തിലാണു് ഞാൻ എത്തിയിട്ടുള്ളതു്. മാത്രമല്ല, നിഷ്പക്ഷമായി ഞാൻ ധനികരുടെ ജീവിതത്തെക്കുറിച്ച് ചിന്തിച്ചപ്പോൾ, ജീവിതത്തിൽ സുഖം എന്നു് വ്യവഹരിക്കപ്പെടുന്ന ആ പ്രതിഭാസം, ദരിദ്രരിൽനിന്നും നമ്മെ അകററി നിർത്തുന്ന ആ ഭാവം മാത്രമാണെന്നും എനിക്കു് വ്യക്തമായി. സത്യം പറഞ്ഞാൽ നമ്മുടെ സമൃദ്ധമായ ജീവിതത്തിന്റെ വിഭിന്ന പ്രയത്നങ്ങളും, നമ്മുടെ ആഹാരക്രമം, വേഷവിധാനങ്ങൾ, കെട്ടിടം, നമ്മുടെ ശുചിത്വം മുതൽ വിദ്യാഭ്യാസം വരേയുള്ള വ്യത്യസ്തഘടകങ്ങളുടെ പ്രധാന ലക്ഷ്യവും ദരിദ്രരിൽ

നിന്നും നമ്മെ അകററി നിൎത്തുക മാത്രമാണു്. ഇങ്ങനെ നമ്മുടെയും ദരിദ്രരുടെയും ഇടയിൽ ഒരു കനത്ത ഭിത്തി കെട്ടി ഉയൎത്തുന്നതിനും കാത്തുസൂക്ഷിക്കുന്നതിനും നമ്മുടെ സമ്പത്തിൻെറ കുറഞ്ഞതു് പത്തിലൊമ്പതു ഭാഗവും ചെലവാക്കിക്കളെയുന്നു. ധനവാനായി മാറിക്കഴിഞ്ഞാൽ അന്യരുമായി ഒന്നിച്ചിരുന്നു് ആഹാരം കഴിക്കുന്ന പതിവു് നിൎത്തിക്കളെയുകയാണു് ആദ്യമായി നാം ചെയ്യാറു്. നമുക്കുവേണ്ടി വിലയേറിയ പാത്രങ്ങഠം സംഭരിക്കുകയും മഹാനസത്തിൽനിന്നും ഭൃത്യന്മാരുടെയിടയിൽ നിന്നും നമ്മെ അകററിയെടുക്കുകയും ചെയ്യുന്നു.

ഭൃത്യന്മാൎക്കു് നാം വയറു നിറച്ചു് ആഹാരം കൊടുക്കും. കാരണം, നമ്മുടെ മധുരഭോജ്യങ്ങഠം കണ്ടു് അവരുടെ വായിൽ വെള്ളമൂറരുതു്. നാം മാറിയിരുന്നു് തനിയെ കഴിക്കും. അത്ര പന്തിയാവുകയില്ല. അതിനാൽ ആഹാരം മെച്ചപ്പെടുത്താനും തീൻമേശ അലങ്കരിക്കാനും പലതും ചെയ്യും.—നമ്മുടെ ആഹാരക്രമം അഭിമാനത്തിൻെറയും ആഭിജാത്യത്തിൻെറയും വിഷയമാക്കി മാററുന്നതുഠംപ്പെടെ. ഏതെങ്കിലുമൊരു ദരിദ്രനെ വിരുന്നിനു വിളിക്കുക ധനികന്മാരെ സംബന്ധിച്ചിടത്തോളം ഭാവിക്കാൻകൂടി കഴിയാത്ത കാര്യമാണു്. വിരുന്നിൽ പങ്കെടുക്കുന്നതിനു് ഏതെല്ലാം വിധത്തിലുള്ള ആചാരക്രമങ്ങളാണു് അറിഞ്ഞിരിക്കേണ്ടതു്! സ്ത്രീകളെ തീൻമേശയിലേക്കു് ആനയിക്കുക, ഒരു പ്രത്യേകതരത്തിൽ കുനിയുക, ഇരിക്കുക, ആഹാരം കഴിക്കുക, ആ പ്ലേററിൽ തന്നെ കൈ കഴുകുക തുടങ്ങി.

ഈ ആചാരക്രമങ്ങളൊക്കെ ധനവാന്മാർക്ക് മാത്രമേ അറിയൂ. വേഷവിധാനങ്ങളുടെ കാര്യവുമിതുതന്നെ. ധനികനായൊരാൾ തണുപ്പിൽനിന്ന് തൻെറ ശരീരത്തെ രക്ഷിക്കുന്നതിനാണു വസ്ത്രം ധരിക്കുന്നതെങ്കിൽ അയാൾക്ക് വളരെയധികം വസ്ത്രങ്ങൾ ആവശ്യമില്ല. ഒരു ഓവർകോട്ട്, ആട്ടിൻതോൽകൊണ്ടുള്ള ഒരുടുപ്പ്, ഫേൽട് ചെരിപ്പുകൾ ഒരു ജോടി, തോൽചെരിപ്പ് ഒരു ജോടി, കൃഷിക്കാരുടേതുമാതിരിയുള്ള ഒരു കോട്ട്. പൈജാമ, പിന്നൊരു ഷർട്ട്—ഇത്രയും മതി. ആട്ടിൻതോലിൻെറ രണ്ടുടുപ്പ് കൈവശമുള്ളൊരാൾ, അതിലൊരു കോട്ട് ഇല്ലാത്ത മററൊരാൾക്ക് കൊടുക്കാൻ അലോഹ്യം വിചാരിക്കരുത്. എന്നാൽ ധനികന്മാർ വിശേഷാവസരങ്ങളിലേക്കുവേണ്ടി പ്രത്യേക തരത്തിലുള്ള കോട്ടുകൾ തയാറാക്കുന്നു. അവ ദരിദ്രന്മാരുടെ ഉപയോഗത്തിനൊട്ട് പററുകയുമില്ല. ധനവാന്മാർക്ക് ഡ്റസ് കോട്ട്, ജാക്കററ്, പേററൻറ് ലതർകൊണ്ടുള്ള ചെരിപ്പ്, ഇങ്ങനെ പലതും വേണം. ദാരിദ്ര്യത്തിൽനിന്നും വളരെയകലെ കഴിയുന്നവർക്കേ ഈ വസ്ത്രങ്ങളൊക്കെ ഉപയോഗപ്രദമാകൂ. അങ്ങനെ ദരിദ്രരിൽനിന്നും നമ്മെ വേർതിരിച്ചുനിർത്താൻ വസ്ത്രവും ഒരു കാരണമാകുന്നു. ഫാഷനുവേണ്ടിയുള്ള താല്പര്യമാണ് ധനികരെ ദരിദ്രരിൽനിന്നും ദൂരെ നിർത്തുന്നതു്. ഇതേ കാര്യം കുറേക്കൂടി വ്യക്തമായി നമ്മുടെ ഗൃഹങ്ങളിൽനിന്നും മനസ്സിലാവുന്നു. ഒരു മുറിയിൽ തിക്കിത്തിരക്കി പത്തുവീതം കഷ്ടപ്പെട്ടു താമസിക്കുന്നവർ, വലിയ മുറികളിൽ സുഖസൗകര്യങ്ങളോടുകൂടി താമസിക്കുന്നവരെ

കാണാതിരിക്കേണ്ടതു് ആവശ്യമാണു്. മനുഷ്യൻ എത്രയധികം ധനവാനാകുന്നുവോ അയാളെ സമീപിക്കുന്നതിനു് സാധാരണക്കാൎക്കു് അത്രയധികം ബുദ്ധിമുട്ടുകളുണ്ടാവുന്നു. എന്നു പറഞ്ഞാൽ, ധനികരുടെയും ദരിദ്രരുടെയുമിടയിലുണ്ടാവുന്ന വിടവു് വളരെ വലുതായിരിക്കും. അപ്പോൾ ആ ധനികന്റെ വരാന്തകൾ കടന്നു കയറി അയാളുടെ കുഷിൻ കസാലകളിലിരിക്കുകതികച്ചും അസാദ്ധ്യമായി മാറുന്നു. വാഹനങ്ങളെക്കുറിച്ചും അതുതന്നെയാണു് സംഭവിക്കുക. കാളവണ്ടിയിൽ കയറിപ്പോകുന്ന ഒരു കൃഷിക്കാരൻ, നടന്നുപോകുന്നൊരു കൃഷിക്കാരനെ കൂടി തന്റെ വണ്ടിയിൽ കയററിക്കൊണ്ടു പോകാൻ കൂട്ടാക്കുന്നില്ലെങ്കിൽ നിശ്ചയമായും അയാൾ കഠിനഹൃദയനായിരിക്കും, തീൎച്ച. അയാളുടെ വണ്ടിയിൽ സ്ഥലമുണ്ടായിരിക്കുകയും, നടന്നുപോകുന്നയാളിനെക്കൂടി കയററിക്കൊണ്ടു പോകാനുള്ള സന്ദൎഭം ലഭിക്കുകയും ചെയ്താലും, കയററിക്കൊണ്ടു പോകാനുള്ള സാദ്ധ്യത, വണ്ടി എത്ര മെച്ചമായിരിക്കുമോ, അത്ര കുറഞ്ഞുമിരിക്കും. അതിനാൽ ഏററവും സുന്ദരമായ പല വണ്ടികളും ഒരാൾക്കു് യാത്രചെയ്യാനുള്ള വണ്ടികൾ എന്നറിയപ്പെടുന്നവയാണു്.

'സ്വച്ഛത' ശബ്ദം സൂചിപ്പിക്കുന്ന ജീവിതക്രമത്തെക്കുറിച്ചും ഇതുതന്നെ പറയാവുന്നതാണു്. സ്വച്ഛത ഒരു മഹത്തായ സൽഗുണമായി അംഗീകരിക്കുന്ന മനുഷ്യരെ, വിശേഷിച്ചു് സ്ത്രീകളെ ആക്കാണറിഞ്ഞുകൂടാത്തതു്. 'സ്വച്ഛത' എന്ന യുക്തിയെപ്പററി അറിയാ

ത്തവരാരാണുള്ളതു്? ഈ യുക്തികളൊക്കെ അന്യരുടെ അദ്ധ്വാനത്തിൻെറ ബലത്തിൽ ഉപയോഗിക്കുന്ന കാല ത്തോളം അവ ഉന്നതമായിരിക്കും. ധനവാന്മാരായിട്ടുള്ള വരിൽ, ഇതൊക്കെ അറിയാത്തവരാരാണുള്ളതു്. ശുചീ കരണ സ്വഭാവം എത്ര ബുദ്ധിമുട്ടിയും കഷ്ടപ്പെട്ടുമാണു് കരുപ്പിടിപ്പിക്കുന്നതെന്നു് സ്വന്തം അനുഭവത്തിലൂടെ അറിയാത്തവരാരാണു്? 'വെള്ള കൈകൾക്കു് അന്യ രുടെ അദ്ധ്വാനം മെച്ചമായി തോന്നും' എന്ന പഴ ഞ്ചൊല്ലു് ഇവിടെ യോജിക്കുമെന്നു് തോന്നുന്നു.

എന്നും ഉടുപ്പു മാറുന്നതിലാണു് സ്വച്ഛത എന്നു് ഇന്നു് അംഗീകരിക്കപ്പെട്ടിട്ടുള്ളതുപോലെ തോന്നുന്നു. നാളെ മുതൽ അതു് ഒരു പക്ഷേ ദിവസം രണ്ടു പ്രാവശ്യം ഉടുപ്പു മാറുന്നതാണെന്നു് വിചാരി ക്കാനും മതി. ദിവസംപ്രതി കൈയ്യും മുഖവും കഴുകു ന്നതിലാണു് ഇന്നു് ശുചീകരണം കാണുന്നതെങ്കിൽ *നാളെ, കാലുംകൂടി പതിവായി കഴുകുന്നതിലും, മററെ ന്നാൾ പതിവായി ഒരു പ്രത്യേകവിധം ശരീരം തേച്ചു കുളിക്കുന്നതിലുമായിരിക്കും അതു കാണുക. ഇന്നു് ഒരു മേശവിരിപ്പു് രണ്ടു ദിവസത്തേക്കു മതി. നാളെ ദിവസം പ്രതി അതു് മാറിയെന്നുവരും. മററെന്നാൾ ദിവസം രണ്ടു നേരവും. ഇന്നു് സ്വച്ഛതയ്ക്കു് വേലക്കാരൻെറ കൈകൾ ശുചിയായിരിക്കുന്നതു് മതി. നാളെ അയാൾ കയ്യുറകൾ ധരിക്കേണ്ടതു് അനിവാര്യമായി വരും.

*സാധാരണക്കാർക്കു് പതിവായി കുളിക്കാൻ സാധിക്കാത്തവിധം അത്ര കടുത്ത ശൈത്യമാണു് റഷ്യയിൽ. അതിനുള്ള സൗകര്യം അവിടെ ധനികന്മാർക്കു മാത്രമേയുള്ളു.

വൃത്തിയുള്ള കയ്യുറകൾ ധരിച്ച് വൃത്തിയുള്ള തളികക ളിൽ കത്തുകൾ കൊണ്ടുവരണം എന്നു് നാളെ അയാൾക്ക നിർദ്ദേശം കൊടുക്കും. ഇങ്ങനെ അന്യരെ ക്കൊണ്ടു് ശുചീകരണം നടത്തിക്കുകയാണെങ്കിൽ അതി നൊരവസാനവും കാണില്ല. അന്യരിൽനിന്നും നമ്മെ അകററിനിത്തുന്നതിനുള്ള ഒരു കാരണമാവുകയും, അ തിനാൽ അന്യരുമായി സമ്പക്കപ്പെടാൻ അസാദ്ധ്യമാ വുകയും ചെയ്യും എന്നതൊഴിച്ചാൽ അതുകൊണ്ടൊരു പ്രയോജനവും ലഭിക്കാൻ പോകുന്നില്ല.

മാത്രമല്ല, ഈ വിഷയത്തെക്കുറിച്ചു് ആഴത്തി ലിറങ്ങി ചിന്തിച്ചപ്പോൾ, സാധാരണഗതിയിൽ നാം വിദ്യാഭ്യാസമെന്നു പറയുന്ന ആ പ്രതിഭാസത്തെക്കു റിച്ചും ഇതുതന്നെ പറയാമെന്നു് എനിക്കു വിശ്വാസ മായി.

ഭാഷ നമ്മെ ചതിക്കില്ല. ഒരു പ്രത്യേക വസ്തു വിനു് ജനങ്ങൾ എന്തു് അത്ഥം കല്പിക്കുന്നുവോ, അതു തന്നെയാണു് ഭാഷയും ചെയ്യുന്നതു്. സാധാരണ ജന ങ്ങൾ വിദ്യാഭ്യാസമെന്നു പറയുന്നതു് ഫാഷനനുസരി ച്ചുള്ള വേഷവിധാനങ്ങൾ, സംസ്കാരപൂണ്ണമായ സം സാരം, വൃത്തിയുള്ള കൈകൾ, ഒരു പ്രത്യേക തര ത്തിലുള്ള ശുചിത്വം ഇതെല്ലാംകൂടി ചേത്ത ഭാവത്തി നാണു്. ഈ ഗുണങ്ങളെല്ലാം ഇണങ്ങിച്ചേന്ന വ്യക്തി, അന്യരുമായി താരതമ്യപ്പെടുത്തിയാൽ വിദ്യാസമ്പന്ന നായിരിക്കും. ഉയന്നവഗ്ഗത്തിലുള്ള വ്യക്തികളിലും ഈ ഗുണങ്ങളെല്ലാം ഒത്തുചേന്ന വ്യക്തികളിലും വിദ്യാഭ്യാ

സമെന്നതിന്ന് ഈ അൎത്ഥമാണ് കല്പിക്കുന്നതു്. എന്നാലവിടെ പിയാനോ പാടാനുള്ള കഴിവും ഫ്രഞ്ചുഭാഷയിലുള്ള ജ്ഞാനവും, അക്ഷരത്തെററുകൂടാതെ റഷ്യൻ ഭാഷയിൽ കത്തെഴുതാനുള്ള കഴിവും പിന്നെ ബാഹ്യമായ ചില ശുചിത്വങ്ങളുമൊക്കെ 'വിദ്യാസമ്പന്നത'യ്ക്കുള്ള ലക്ഷണങ്ങളുടെകൂടെ ചേക്കാറുണ്ടു്. കുറച്ചുകൂടി ഉയൎന്ന വൎഗ്ഗമാണെങ്കിൽ ഇംഗ്ലീഷ് ഭാഷയിലുള്ള അറിവും, ഏതെങ്കിലും ഉയൎന്ന വിദ്യാഭ്യാസ സ്ഥാപനത്തിൻെറ ഒരു ഡിഗ്രിയും കുറേക്കൂടി മെച്ചമായ ശുചിത്വവും കൂടി മേൽചേൎത്ത ഗുണങ്ങളോടൊപ്പം വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളിക്കും. സത്യം പറഞ്ഞാൽ ഈ മൂന്നു വിധത്തിലുള്ള വിദ്യാഭ്യാസവും ഒന്നുതന്നെ. ഒരാളെ മററൊരാളിൽനിന്നും വ്യതിരിക്തനാക്കുന്ന ആ ആചാരമൎയ്യാദകളും അറിവുമാണ് വാസ്തവത്തിൽ വിദ്യാഭ്യാസമെന്നു പറയുന്നതു്. ശുചിത്വത്തിൻേറതുതന്നെയാണ് ഇതിൻെറയും ഉദ്ദേശം—അതായതു് ധനവാന്മാരായ നമ്മളെ നിൎദ്ധനരിൽനിന്നും മാററിനിൎത്തുക. കാരണം, വിശന്നുപൊരിയുന്ന ആ അൎദ്ധനഗ്നർ, നാം എങ്ങനെ ധാരാളിത്തത്തിൽ മദിച്ചു രസിക്കുന്നുവെന്നു് മനസ്സിലാക്കരുതു്. എന്നാലും നമ്മുടെ നിറവും ഗുണവും ഒളിക്കാൻ കഴിയില്ല. അതവർ കണ്ടെത്തുകതന്നെ ചെയ്യും.

ധനികന്മാൎക്കു് നഗരങ്ങളിലെ ദരിദ്രന്മാരെ സഹായിക്കാൻ കഴിയില്ലാത്തതിൻെറ കാരണവും എനിക്കു് വ്യക്തമായി. അവൎക്ക് ആ ദരിദ്രരുമായി ഏതെങ്കിലും

വിധത്തിൽ സമ്പക്കം പുലത്തുക സാദ്ധ്യമല്ല. അവരുടേയും നമ്മുടെയും ഇടയ്ക്കുള്ള ഈ ആഴമേറിയ പിളർപ്പ് നാം നമ്മുടെ ജീവിതക്രമംകൊണ്ടും സാമ്പത്തികമേന്മകൊണ്ടും ബോധപൂർവ്വം പടച്ചുവിട്ടതാണ്. ധനവാന്മാരായ നമ്മുടെയും ദരിദ്രരുടെയും ഇടയ്ക്ക് ശുചിത്വത്തിൻെറയും വിദ്യാഭ്യാസത്തിൻേറതുമായ ഒരു കനത്ത ഭിത്തിയുണ്ട്. അതു് നാം നമ്മുടെ സാമ്പത്തികവൈഭവംകൊണ്ട് പടുത്തുയർത്തിയതും ബലപ്പെടുത്തിയതുമാണ്. അതിനാൽദരിദ്രരെ സഹായിക്കാനുള്ള യോഗ്യത സമ്പാദിക്കുന്നതിനാദ്യമായി നമുക്ക് ആ കനത്ത ഭിത്തി തട്ടിമാറേറണ്ടതുണ്ട്. അപ്പോഠം ഒന്നോ രണ്ടോ അനാഥക്ക് ശരണം നൽകുന്നതിന് സുതായഫ് സൂചിപ്പിച്ച യുക്തി പ്രായോഗികമാക്കാം. ഈ കാഴ്ച്ചപ്പാടിൽക്കൂടി ചിന്തിച്ചിട്ടും ഞാൻ ചെന്നെത്തി നിൽക്കുന്നതു്, നഗരത്തിലെ ദാരിദ്ര്യത്തെക്കുറിച്ച് ചിന്തിച്ചപ്പോഠം ചെന്നെത്തിയ അതേ നിഗമനത്തിലാണ്—നഗരങ്ങളിലെ ദാരിദ്ര്യത്തിന് കാരണം നമ്മുടെ സമ്പാദ്യമാണ് എന്നതിൽത്തന്നെ!

★

# വേലക്കള്ളന്മാരുടെ കൂട്ടം

'പഞ്ചഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ടതാണ് നിൻെറ ശരീരം. അതുകൊണ്ടു് നിൻെറ ഈ ശരീരം പഞ്ചഭൂതങ്ങളിൽ വിലയിച്ചു ചേരുന്ന കാലത്തോളം നീ പതിവായി അദ്ധ്വാനിച്ചു് വയറുനിറച്ചു് ആഹരിക്കുക.' — ജിനേസിസ്.

ഭാഗം–3, അദ്ധ്യായം-19.

ടി. മിഹാലോവിച്ചു് ബോൺഡാരിഫ് * ഒരു പുസ്തകമെഴുതിയിട്ടുണ്ടു്. അതിൻെറ പേരാണ് "അദ്ധ്വാനവും അലസതയും'. അതിൽ മുകളിൽ ചേർത്ത ബൈ

*1820-ൽ ഒരു അടിമകുടുംബത്തിലാണ് ബോൺഡാരിഫിൻെറ ജനനം. 1858-ൽ 25 വർഷം സൈനികസേവനത്തിനായി അദ്ദേഹം നിയോഗിക്കപ്പെട്ടു. അവിടെ അദ്ദേഹം 'സബാരേരിയൻ' മതവിശ്വാസിയായി മാറി. അതിൻെറ ഫലമായി 1867-ൽ സൈബീരിയായിലുള്ള 'ഊദിനാ' എന്ന സ്ഥലത്തേയ്ക്കു് അയയ്ക്കപ്പെട്ടു. അവിടെ ഒരു കൃഷിക്കാരനെപ്പോലെ അത്യധികം അദ്ധ്വാനിച്ചു് ഒരു കുടുംബം നിലനിർത്തി. അവിടെയും അദ്ദേഹം 'ആഹാരത്തിനു വേണ്ടി അദ്ധ്വാനം' എന്ന സിദ്ധാന്തം പ്രചരിപ്പിക്കാൻ പരിശ്രമിച്ചു. അതിനാൽ വീണ്ടും അദ്ദേഹം ദരിദ്രനായി മാറി. ഉദ്യോഗസ്ഥന്മാരുടെ കോപത്തിനു് പാത്രമാവുകയാൽ അദ്ദേഹത്തിൻെറ പ്രസ്തുത പുസ്തകം റഷ്യയിൽ പ്രസിദ്ധപ്പെടുത്താൻ കഴിഞ്ഞില്ല. എന്നാൽ ഫ്രഞ്ചു ഭാഷയിലും മററു ചില ഭാഷകളിലും അതിൻെറ വിവർത്തനം പ്രസിദ്ധീകൃതമായി. ബോൺഡാരിഫ് തൻെറ പുസ്തകത്തിനു് മറെറാരുപനാമവും നൽകി-കർഷകൻെറ വിജയം.

ബിൾവാക്യം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അതിൻെറ കയ്യെഴുത്തുപ്രതി ഞാൻ കണ്ടിട്ടുണ്ട്. ഭാഷാഭംഗി, വ്യക്തമായ വർണ്ണനാചാതുര്യം, ഓജസ് എന്നീക്കാരണങ്ങളാൽ എനിക്കതു് വളരെഇഷ്ടമായി. അതിലെ ഓരോ വരിയും ഗ്രന്ഥകർത്താവിൻെറ വിശ്വാസത്തിലുള്ള സത്യസന്ധത വ്യക്തമായും പ്രഖ്യാപിക്കുന്നുണ്ട്. ആ പുസ്തകത്തിലുള്ള മൗലികമായ ചിന്താഗതി വളരെ മഹത്താണു്, ആഴമേറിയതാണു്, സത്യമാണു് എന്നുള്ളതു് ഏററവും വലിയ കാര്യമായി ഗണിക്കേണ്ടതുണ്ട്.

ആ പുസ്തകത്തിൻെറ മൗലികമായ ചിന്താഗതി ഇപ്രകാരമാണു്. ഏതാണു് നന്മ, ഏതാണു് തിന്മ എന്ന അറിവു് ജീവിതത്തിലെ ഓരോ കാര്യങ്ങളെക്കുറിച്ചും ആവശ്യമുള്ളതല്ല. എന്നാൽ അറിയേണ്ട ഒരു കാര്യമുണ്ട്. അതിതാണു്, ലോകത്തുള്ള നല്ലതും ആവശ്യവുമായ കാര്യങ്ങളിൽ പ്രഥമപ്രാധാന്യം നൽകപ്പെടേണ്ടതു് ഏതു്, ക്രമാനുഗതമായ പുരോഗതിയിൽ ഏററവും അവസാനത്തേയ്ക്കു നീക്കിവെയ്ക്കേണ്ടതു് ഏതു് എന്നു്.

ലോകപ്രശ്നങ്ങളിൽ ഇക്കാര്യം ഇത്ര മഹത്താണെങ്കിൽ ഭക്തി മുതലായ ആദ്ധ്യാത്മിക കാര്യങ്ങളിൽ—അവയിലൂടെയാണു് മനുഷ്യൻ തൻെറ കർത്തവ്യങ്ങൾ നിശ്ചയിക്കുക—ഇതിൻെറ പ്രാധാന്യം വീണ്ടും അധികരിക്കുന്നുണ്ട്.

പ്രാരംഭകാലപള്ളികളിലെ ഉപദേശകനായ 'ടേടിൻെറ' അഭിപ്രായം, ജനങ്ങളുടെ ബുദ്ധിമുട്ടുകൾ

ക്കുള്ള കാരണം ദൈവത്തെ തിരിച്ചറിയായ്കയല്ല, പ്രത്യുത കപടദൈവത്തിൽ വിശ്വസിക്കുന്നതും, ദൈവത്തിനുതുല്യം ആരാധിക്കുന്നതില്ലമാണ്. ഇതുതന്നെയാണ തന്റെ പ്രവൃത്തി സംബന്ധിച്ച കാര്യങ്ങളിലും ബാധിക്കുന്നതു്. ജനങ്ങൾ തങ്ങളുടെ കത്തവ്യങ്ങൾ തിരിച്ചറിയാത്തതല്ല അവക്ക് ആപത്തുണ്ടാകുന്നതിനും അവരിൽ തിന്മ വളൻവരുന്നതിനുമുള്ള കാരണം. പ്രത്യുത, 'കപടകത്തവ്യ'ങ്ങളെ സ്വീകരിച്ചതാണ്. അതൊന്നും അവരിൽ അന്തർലീനമാകാൻ കഴിയില്ല. സത്യത്തിൽ പ്രഥമവും പ്രധാനവുമായ കത്തവ്യങ്ങൾ, കത്തവ്യങ്ങളായി അവർ കണക്കിലെടുക്കുന്നുമില്ല.

ജനങ്ങൾ, വളരെയധികം നഷ്ടമുണ്ടാക്കുന്നതും അത്ഥശൂന്യവുമായ നിയമങ്ങളെ മതപരമായ കത്തവ്യങ്ങളുടെ പുറാവരണം നൽകി വെച്ചിട്ടുള്ളതുകൊണ്ടാണ് അവരുടെ ജീവിതത്തിൽ തിന്മകളും ആപത്തുകളും വരുന്നതെന്ന് ബോൺഡാരിഫ് തന്റെ പുസ്തകത്തിൽ പ്രത്യേകമായും എടുത്തു പറയുന്നുണ്ട്. അതുപോലെതന്നെ പ്രഥമവും അനുപേക്ഷണീയവും വ്യക്തവുമായി ബൈബിളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 'വിയപ്പൊഴുക്കി അദ്ധ്വാനിച്ചുവേണം മനുഷ്യൻ ആഹരിക്കുക' എന്ന ഭാഗം ഒരേസമയം തന്നിൽനിന്നും അന്യരിൽനിന്നും മനുഷ്യൻ മറച്ചുവെയ്ക്കുകയും ചെയ്യുന്നു.

ഈ പുസ്തകത്തിന്റെ ആദ്യം ഉദ്ധരിക്കപ്പെട്ടിട്ടുള്ളതും തന്റെ പുസ്തകത്തിൽ ബോൺഡാരിഫ്

KOTTAYAM PUBLIC LIBRARY KOTTAYAM

വ്യക്തമായും വിശദമായും പ്രതിപാദിച്ചിട്ടുള്ളതുമായ 'ധമ്മവാക്യം' ഈ മാതിരി മതഗ്രന്ഥങ്ങളിലെ മറഞ്ഞു കിടക്കുന്നതും ഉപേക്ഷിക്കപ്പെട്ടിട്ടുള്ളതും തെററിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ളതുമായ ഭാഗമാണ്. ഈ വാക്യവും സ്വർഗ്ഗത്തെക്കുറിച്ചുള്ള കഥയും അതിൻെറ ശബ്ദാത്ഥങ്ങളിൽമാത്രം പ്രചരിച്ചിട്ടുള്ളതും, ഈ കഥയിലെ എല്ലാ സംഭവങ്ങളും ഏതോ കാലഘട്ടത്തിൽ എവിടെയോ സത്യമായും സംഭവിച്ചിട്ടുള്ളതാണോ എന്ന് സംശയിക്കത്തക്കവിധത്തിൽ പ്രചരിച്ചിട്ടുള്ളതുമാണ്. പക്ഷെ ഈ കഥകളുടെയൊക്കെ ഉദ്ദേശം, മനുഷ്യസ്വഭാവത്തിൽക്കാണുന്ന പരസ്പര ഭിന്നങ്ങളായ ഭാവങ്ങളെ ആലങ്കാരികമായി നമ്മെ മനസ്സിലാക്കുക മാത്രമാണ്.

ബോൺഡാരിഫ് ഉദ്ധരിച്ചിട്ടുള്ള വാക്യം വളരെ പ്രധാനപ്പെട്ടതാണ്. അതു് ഒരു സത്യം നമുക്ക് വ്യക്തമാക്കിത്തരുന്നു. മനുഷ്യജീവിതത്തിൻെറ മാററാനരുതാത്ത ഒരു നിയമം പ്രഖ്യാപിക്കുന്നു. ന്യൂട്ടൺ പ്രഖ്യാപിച്ചതുകൊണ്ടാണ് ഗുരുത്വാകർഷണ നിയമം സത്യമാകാതിരുന്നതു്. പക്ഷെ അതു് സത്യമാണ്. എനിക്ക് ന്യൂട്ടനെ അറിയാം. ഒരു പ്രത്യേക തരത്തിലുള്ള എല്ലാ കാര്യങ്ങളുടെയും രഹസ്യം മനസ്സിലാകത്തക്കവിധത്തിൽ ഒരു ശാശ്വത നിയമത്തെക്കുറിച്ച് എന്നെ ബോധവാനാക്കിയതിനു് ഞാനദ്ദേഹത്തോട്ട് കൃതജ്ഞനമാണ്.

'മനുഷ്യൻ സ്വന്തം ശരീരത്തിൽനിന്നും വിയപ്പൊഴുക്കി അദ്ധ്വാനിച്ചുവേണം ആഹരിക്കുക' എന്ന

നിയമത്തിലും ഇക്കാര്യം ബാധകമാണു്. ഒരു പ്രത്യേക തരത്തിലുള്ള മുഴുവൻ കാര്യങ്ങളും അവയുടേതായ തനി രൂപത്തിൽ എന്റെ മുമ്പിൽ വെച്ചുതരുന്നതിനുള്ള നിയമമാണിതു്. ഒരിക്കൽ അതുമായി പരിചയപ്പെട്ടാൽ ഒരു കാലത്തും എനിക്കതു് മറക്കാൻ കഴിയില്ല. അങ്ങിനെ ഒരു സുവർണ്ണനിയമം എനിക്കു് ചൊല്ലിത്തന്നെ ആ മനുഷ്യനോടു് ഞാൻ എന്റെ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ.

വെറുതെ ഉപരിപ്ലവമായി നോക്കുമ്പോൾ ഈ നിയമം വളരെ ലളിതവും ചിരപരിചിതവുമാണെന്നു് തോന്നാം. ഇതിൽ പറയപ്പെട്ട സത്യത്തിനു തെളിവു ലഭിക്കാൻ നാമൊന്നു് നമ്മുടെ നാലുപാടും കണ്ണയയ്ക്കേണ്ടയാവശ്യമേ ഉള്ളു. ഈ നിയമം സ്വീകരിക്കുകയും അതു് പരിപാലിക്കുകയും ചെയ്യുന്നതോ പോകട്ടെ, ജനങ്ങൾ ഇതിനെതിരായി ധരിക്കുകയും ആ ധാരണ പകർത്തുകയും ചെയ്യുന്നതായാണു് കണ്ടുവരുന്നതു്. രാജാവുമുതൽ താഴോട്ടു് പിച്ചക്കാരൻവരെ എല്ലാവരും ഈ നിയമം പാലിക്കുന്നതിനുപകരം അതിൽനിന്നും രക്ഷപ്പെടുന്നതിനു് പരിശ്രമിക്കുകയാണു് എന്നു വിശ്വാസം സാധാരണക്കാരിലുളവായിട്ടുണ്ടു്. ഈ നിയമം അനുപേക്ഷണീയമാണെന്നു് സ്ഥാപിക്കുകയാണു് ബോൺഡാരിഫിന്റെ പുസ്തകം മുഴുവൻ. ഇതിനു പകരമായി ചെയ്യാൻ കഴിയുന്ന യാതൊരു ജോലിയുമില്ല. ഈ നിയമം ഉപേക്ഷിക്കുന്നതുകൊണ്ടു് അനിവാര്യങ്ങളായ ഏതെല്ലാം ബുദ്ധിമുട്ടുകൾ അവക്കു നേരി

ടേണ്ടതായിവരുന്നു എന്നു് ജനങ്ങളോടു പറയേണ്ട തുണ്ടു്. മററെല്ലാ നിയമങ്ങളിലുംവെച്ചു് മെച്ചവും പ്രഥമവും എന്നു് ബോൺഡാരിഫു് ഈ നിയമത്തെ വിശേഷിപ്പിച്ചിട്ടുണ്ടു്.

നാം ഈ നിയമം ഉപേക്ഷിക്കുന്നതാണു് നമ്മുടെ തെററുകളുടെയും തിന്മകളുടെയും മൂലകാരണം എന്നു് ബോൺഡാരിഫു് പറയുന്നു. മനുഷ്യനു് നിശ്ചയിക്കപ്പെട്ടിട്ടുള്ള കടമകളിൽ, അദ്ധ്വാനിച്ചു് ആഹാരം സമ്പാദിക്കുക എന്നതു് പ്രഥമവും പ്രധാനവുമാണെന്നു് ബോൺഡാരിഫു് കരുതുന്നു. ഇവിടെ ആഹാരത്തിനു വേണ്ടിയുള്ള അദ്ധ്വാനം എന്നു പറയുന്നതിൻെറ താല്പര്യം; വിശപ്പും ദാഹവും കൊണ്ടുണ്ടാകാവുന്ന മരണത്തിൽനിന്നും രക്ഷപെടുന്നതിനു് മനുഷ്യനു് ചെയ്യേണ്ടിവരുന്ന എല്ലാ വിധത്തിലുമുള്ള കഠിനവും ഭാരിച്ചതുമായ ജോലികഠം ഉഠംപ്പെടും. ആഹാരം എന്ന ശബ്ദം ധാന്യങ്ങഠം, ജലം, മററുപേയ പദാൎത്ഥങ്ങഠം, വസ്ത്രങ്ങഠം, വീടുകഠം വിറകു് തുടങ്ങി എല്ലാം ഉഠംക്കൊള്ളുന്നതാണു്.

'ജീവിച്ചിരിക്കുന്നതിനു് മനുഷ്യനു് അദ്ധ്വാനിക്കേണ്ടതുണ്ടു്' എന്നാണു് ബോൺഡാരിഫിൻെറ മൗലികമായ ആശയം. നാം ഇതേവരെ ജീവിതത്തിനു് അത്യാവശ്യമായ ഒരു നിയമം എന്ന നിലയ്ക്കു ഇതിനെ കണക്കിലെടുത്തിരുന്നുള്ളു. എന്നാൽ ഭാവിയിൽ, അതു് ജീവിതത്തിനുള്ള ഒരു ലാഭകരമായ നിയമമെന്നു് അംഗീകരിക്കുകയും, ഓരോ മനുഷ്യനും ഒഴി

ച്ചുകൂടാൻ പാടില്ലാത്ത ഒരു ജീവിതവ്രതമാക്കി മാററ കയും വേണ്ണം.

ഇതു സമൂഹത്തിൻെറ ഒരു ധാമ്മിക നിയമമായി ത്തീരേണ്ടതുണ്ടു്. ഞായറാഴ്ച ഒഴിവുദിവസമാക്കിയിരിക്കുന്നതുപോലെ, പള്ളിയിൽ ക്രിസ്ത്യാനികൾ ദൈവപ്രസാദം സ്വീകരിക്കുന്നതുപോലെ, പ്രഭാതത്തിലും പ്രദോഷത്തിലും ഹിന്ദുക്കൾ പ്രാത്ഥന നടത്തുന്നതുപോലെ, ചില വിശേഷാവസരങ്ങളിൽ ഉപവസിക്കുന്നതുപോലെ ഈ നിയമവും ജനങ്ങളുടെ നിത്യജീവിതത്തിൽ ഒരു ധാമ്മിക കടമയായി അംഗീകരിക്കപ്പെടണം. 'ആഹാരത്തിനു് അദ്ധ്വാനം' എന്ന നിയമം ഒരു ധാമ്മിക ചുമതലയായി ജനങ്ങൾ സ്വീകരിക്കുന്നപക്ഷം തങ്ങളുടെ സ്വാതന്ത്ര്യവും പ്രത്യേകവുമായ ജോലികൾക്കു് യാതൊരു വിഘ്നവും വരുത്താതെ ശരിയായും കൃത്യമായും ഈ നിയമം പാലിക്കാൻ കഴിയുമെന്നു് ബോൺഡാരിഫ് ഒരിടത്തു പറയുണ്ടു്. പള്ളിമതാനുയായികൾക്കു് അവരുടെ ചില വിശേഷദിവങ്ങളിൽ ഒഴിവെടുക്കുന്നതിനു് തടസ്സമില്ലാത്തതുപോലെ ഈ നിയമവും അവക്കു് തടസ്സങ്ങളുളവാക്കുകയില്ല. ഓരോ വഷവും ഏതാണ്ടു് 80 ദിവസങ്ങൾ ജനങ്ങൾ ഒഴിവെടുക്കുന്നുണ്ടു്. എന്നാൽ ബോൺഡാരിഫിൻെറ കണക്കനുസരിച്ചു് 'ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുക' എന്ന നിയമം പാലിക്കുന്നതിനു് വെറും 40 ദിവസം പര്യാപ്തമാണു്. ഒട്ടു കുത്തഴിഞ്ഞ സാമൂഹ്യവ്യവസ്ഥയാണു് വാസ്തവത്തിൽ ഇന്നു് നിലവിലിരി

ക്കുന്നതു്. നമ്മിലൊരാൾ അമ്പലത്തിൽ ആരാധ നയ്ക്കു പോകും; അപരൻ പട്ടാളത്തിന്റെ ശക്തി വർദ്ധി പ്പിക്കാനോ, അല്ലെങ്കിൽ പട്ടാളത്തിനുവേണ്ടി ജനങ്ങ ളിൽനിന്നും കരംപിരിക്കാനോ പോകും, മൂന്നാമൻ ന്യായാധിപന്റെ ജോലിചെയ്യും. നാലാമതൊരുത്തൻ പുസ്തകം വായിക്കും. അഞ്ചാമൻ ജനങ്ങളെ ചികി ത്സിക്കും. ആറാമതൊരാൾ കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ ഏർപ്പെട്ടും. ഇവരൊക്കെ ഇങ്ങനെ ഓ രോന്നു ചെയ്യുന്ന ഭാവത്തിൽ 'ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുക' എന്ന കൃത്യത്തിൽനിന്നും സ്വയം തല വലിക്കും. ആ പണി അന്യരുടെ ചുമലിൽ അടിച്ചേ ല്പിക്കും. അസംഖ്യമാളുകൾ അമിതാദ്ധ്വാനംകൊണ്ടു് ശക്തി ക്ഷയിച്ചു് വിശന്നു പിടഞ്ഞു് ഓരോ ദിവസവും മൃത്യുവക്ത്രത്തിലേയ്ക്കു് നിപതിക്കുന്നുവെന്നു് നാം പാടെ മറന്നുപോവുകയും ചെയ്യുന്നു. അമ്പലങ്ങളിൽ പൂജിക്കുന്നവരും പട്ടാളത്തിൽ ചേർന്നു് നാടിനെ രക്ഷി ക്കുന്നവരും, അപരാധങ്ങളെക്കുറിച്ചുള്ള അന്ത്യതീരുമാ നമെടുക്കുന്നവരും, രോഗികളെ ചികിത്സിക്കുന്നവരും, കുട്ടികൾക്കു് വിദ്യാഭ്യാസം നൽകുന്നവരും ജീവനോ ടെ നിലനിൽക്കുന്നതിന്നു് ഒന്നാമതായി വേണ്ടതു് പട്ടിണി കിടന്നു് ചാവാതെ നോക്കുകയാണു് എന്ന കാര്യവും അവർ വിസ്മരിച്ചുകളയുന്നു. ജനങ്ങളുടെ അന വധി കർത്തവ്യങ്ങളിൽ ഒന്നാംസ്ഥാനം അവയുടെ മഹ ത്വംകൊണ്ടും ഉപയോഗക്രമംകൊണ്ടും നിശ്ചയിക്കപ്പെ ട്ടുകയും ചിലതൊക്കെ ഏററവും അവസാനത്തേയ്ക്കു്

നീക്കിവെയ്ക്കപ്പെടുകയും ചെയ്യുന്നു എന്ന കാര്യവും നാം ചിന്തിക്കുന്നില്ല, പലപ്പോഴും. വയൽ ഉഴുതുമറിക്കുന്നതിനുമുമ്പു നിരത്താറില്ല. അതുപോലെ പ്രാഥമിക കടമകൾ പൂർത്തിയാക്കാതെ അവസാന കടമകൾ ചെയ്തുതീർക്കാനും പരിശ്രമിക്കരുതാത്തതാണു്.

ബോൺഡാരിഫിൻെറ മുഴുവൻ ശിക്ഷണത്തിൻെറയും എസ്സെൻസ്, സത്ത ഇതുതന്നെയാണു്. പ്രതിദിന പ്രായോഗികജീവിതത്തിലേയ്ക്കു് നമ്മുടെ ശ്രദ്ധ ആകർഷിക്കുകയാണു് ബോൺഡാരിഫിൻെറ ആഗ്രഹം. ഈ കടമകൾ നിർവ്വഹിക്കുന്നതുകൊണ്ടു് മറേറതെങ്കിലും കാര്യങ്ങൾക്കു് ഹാനി തട്ടുന്നതിനോ ആരുടെയെങ്കിലും മാർഗ്ഗത്തിൽ ബുദ്ധിമുട്ടുണ്ടാവുന്നതിനോ കഴിയില്ല എന്നും അദ്ദേഹം ഏററുപറയുന്നുണ്ടു്. പ്രത്യുത, ദരിദ്രരും ദുഃഖിതരുമാവുന്നതിൽ നിന്നും ജനങ്ങളെ അതു് രക്ഷിക്കുകയും ധനത്തിൻെറ മോഹത്തിലും അത്യാഗ്രഹത്തിലും അകപ്പെടാതെ സൂക്ഷിക്കുകയും ചെയ്യും. ഈ കടമ പൂർത്തിയാക്കുന്നതിൻെറ ഏററവും വലുതും, ഏററവും മഹത്വപൂർണ്ണവും എററവും ക്ഷേമകരവുമായ ഫലം; നാട്ടു മുഴുവൻ ധനികരെന്നും, ദരിദ്രരെന്നും, കൃഷിക്കാരെന്നും, ജന്മിമാരെന്നും, ഭരണാധികാരികളെന്നും, ജനങ്ങളെന്നും പരസ്പരം വെറുക്കുന്ന രണ്ടു തട്ടുകളാക്കി വേർതിരിച്ചു നിർത്തിയിട്ടുള്ള ആ ഭാവം, ആ അസമത്വം മാറിക്കിട്ടും എന്നുള്ളതാണു്. ആഹാരത്തിനുവേണ്ടി അദ്ധ്വാനം എന്ന നിയമം എല്ലാവരെയും തുല്യനിലയിൽ

എത്തിക്കുകയും ആർഭാടത്തിനുള്ള പ്രവണത ഇല്ലാതാക്കുകയും ചെയ്യുമെന്നും ബോൺഡാരിഫ് പറയുന്നു.

ആ സാഹചര്യത്തിൽ എല്ലാവരും സ്വശരീരം കൊണ്ടദ്ധ്വാനിക്കുകയും ആ അദ്ധ്വാനം കൊണ്ടുണ്ടായ ഉല്പന്നങ്ങൾ ഉപയോഗിക്കുകയും ചെയ്യും. അപ്പോൾ ധാന്യങ്ങളും മററു് പ്രാഥമികാവശ്യങ്ങൾക്കുള്ള ഇതര സാധനങ്ങളും വില്പനചരക്കുകളായിരിക്കില്ല. എന്തായിരിക്കും ഇതിന്റെ പരിണതഫലം?

ഭാവിയിൽ ജനങ്ങൾ വിശന്നു പൊരിഞ്ഞു് നഗ്നതയും ദാരിദ്ര്യവും അനുഭവിക്കുന്നവരാവില്ല എന്നതു തന്നെ. ഇല്ലായ്മകൊണ്ടു് മൃത്യുവിനിരയാവുകയില്ല. പ്രകൃതികോപത്താലോ മററു് ദുർഭാഗ്യങ്ങൾ കാരണമായോ ആണു് ആകട്ടെ എങ്കിലും തന്റെയോ തന്റെ കുടുംബത്തിന്റേയോ ആവശ്യത്തിനുള്ള മുഴുവൻ ധാന്യങ്ങളും ഉല്പാദിപ്പിക്കാൻ കഴിയാതെ വരുന്നതെങ്കിൽ അനുകൂലമായ സാഹചര്യങ്ങളിൽ വേണ്ടത്ര ധാന്യം ഉല്പാദിപ്പിച്ചിട്ടുള്ള അയാളുടെ അയൽക്കാർ ആരെങ്കിലും അയാളുടെ ആവശ്യത്തിനു വേണ്ടതു് നൽകുക തന്നെ ചെയ്യും. കാരണം, ധാന്യങ്ങൾ വില്ക്കപ്പെടുകയില്ലെങ്കിൽ അതുകൊണ്ടു് മറെറന്തെങ്കിലും ഉപയോഗം നടക്കേണ്ടേ? അപ്പോൾ ഇല്ലായ്മ കാരണമായി സൂത്രത്തിൽ അഥവാ നിർബ്ബന്ധിച്ചും ബലം പ്രയോഗിച്ചും തനിക്കു് ആഹാരം സമ്പാദിക്കണം എന്ന അത്യാർത്തിയും ജനങ്ങൾക്കുണ്ടാവില്ല. അങ്ങനെയൊരത്യാർത്തിയില്ലെങ്കിൽ അവിടെ പിന്നെ കപടതന്ത്രങ്ങളു

ടെയും ഹിംസയുടെയും സഹായം തേടേണ്ടയാവശ്യവും വരുന്നില്ല. ഇന്നു് ദുർമ്മാർഗ്ഗങ്ങളിൽക്കൂടി സമ്പാദിക്കാൻ പ്രേരിപ്പിക്കുന്ന ഇല്ലായ്മയും അപ്പോഠ ഉണ്ടാവില്ല.

അദ്ധ്വാനിക്കുന്നവരുടെ അദ്ധ്വാനഭാരം ഏതു വിധം ലഘൂകരിക്കാം എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കാൻ ഈയിടെ ആരും ബദ്ധപ്പെട്ടു കാണുന്നില്ല. പ്രത്യുത, അലസന്മാരുടെ ആലസ്യം കൂടുതൽ ലഘുവും സുന്ദരവുമാക്കാനുള്ള വഴികളെക്കുറിച്ചാണവരുടെ ചിന്ത. അന്നു് മനുഷ്യരുടെ ശീലം ഇതായിരിക്കില്ല. ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുകയും അപ്രകാരം ചെയ്യുക പ്രഥമവും പ്രധാനവുമായ മാനുഷിക നിയമമായി അംഗീകരിക്കുകയും ചെയ്താൽ പിന്നെ നമ്മുടെ വണ്ടി സുഗമമായി നീങ്ങിക്കൊള്ളും. വിഡ്ഢികഠ വണ്ടിയെ മറിച്ചിട്ടു. എന്നിട്ട് അങ്ങ മിങ്ങും വലിക്കുകയാണു്. നാം ഈ വണ്ടി വീണ്ടും ചക്രങ്ങളിൽ ഘടിപ്പിക്കും. വണ്ടി തകൻപോകുന്നതിൽ നിന്നും രക്ഷപ്പെടുകയും എളുപ്പത്തിൽ ചലിക്കാൻ തുടങ്ങുകയും ചെയ്യുമെന്നുള്ളതാണ്തിൻെറ പരിണതഫലം.

സത്യത്തിൻെറ ഉപാസകനായിരുന്നു ക്രിസ്തു. അദ്ദേഹം നൽകിയ സത്യത്തെക്കുറിച്ചുള്ള ശിക്ഷണം രാജകല്പനകളിലോ മതനിയമങ്ങളിലോ കണ്ടെത്തുകയില്ല. ഒരു പ്രത്യേക വസ്തുവിലേ അതു് കണ്ടെത്താൻ നമുക്കു് കഴിയൂ. ആ പ്രത്യേക വസ്തു, നമ്മുടെ മുമ്പിൽ വെച്ചിജീവിതത്തെക്കുറിച്ചുള്ള നൂതനാദർശങ്ങളാണു്. ആ നൂതനാദർശങ്ങളുടെ സത്ത ഇതാണു്, സാധാരണ ജന

ങ്ങളുടെ ധാരണപോലെ സ്വകാര്യസുഖങ്ങളിലൂടെ ജീവിതത്തെയും അതിൻെറ നന്മയുടെ ഫലങ്ങളെയും പ്രാപിക്കാൻ കഴിയില്ല. ദൈവത്തെയും മനുഷ്യനെയും സേവിക്കുന്നതിലൂടെയല്ലാതെ അതു് നേടിയെടുക്കാൻ സാദ്ധ്യമല്ല. ഏതെങ്കിലും പ്രതിഫലത്തിനുള്ള ആശയോടുകൂടി പാലിക്കാൻ കഴിയുന്ന രാജകീയകല്പനയൊന്നുമല്ലതു്. ഏതെങ്കിലും ഗുപ്തവും അപരിചിതവുമായ പദാൎത്ഥങ്ങളുടെ രഹസ്യമയമായ അഭിവ്യക്തിയുമല്ലതു്. പ്രത്യുത, മനുഷ്യജീവിതത്തിൻെറ പണ്ടുമുതലേ മങ്ങിമറഞ്ഞുകിടക്കുന്ന ഒരു നിയമത്തിൻെറ പ്രകാശമാനമായ രൂപം മാത്രമാണു്. എപ്പോഠം ഈ യാഥാൎത്ഥ്യം നാം മനസ്സിലാക്കുന്നുവോ അപ്പോഠം ജീവിതം നമ്മെ സംബന്ധിച്ചേടത്തോളം ഒരു വരദാനമായി അനുഭവപ്പെടുമെന്നുള്ളതാണു് നമുക്കതിൽനിന്നുള്ള നേട്ടം. അതിനാൽ ക്രിസ്തുവിൻെറ അംഗീകൃതയോഗ്യമായ എല്ലാ ശിക്ഷണവും താഴെ ചേൎക്കുന്ന ഒരു വാചകത്തിൽ വ്യക്തമാക്കിയിട്ടുള്ളതു് നോക്കുക:—'നീ നിന്നെ സ്നേഹിക്കുന്നതുപോലെയും, നിൻെറ കുടുംബത്തിലുള്ളവരെ സ്നേഹിക്കുന്നതുപോലെയും ഈശ്വരനെയും അയല്ക്കാരനെയും സ്നേഹിക്കുക'. ഇതേക്കുറിച്ചെന്തെങ്കിലും എഴുതുകയോ ഇതിനെ വിശദീകരിച്ചു് എന്തെങ്കിലും പറയുകയോ അസാദ്ധ്യമാണു്. ഈ ഉപദേശം സമ്പൂൎണ്ണമാണു്. കാരണം ഇതിൽ എല്ലാം ഉഠക്കൊള്ളുന്നുണ്ടു്. യഹൂദമതത്തിലേയോ ബുദ്ധമതത്തിലേയോ ആദൎശങ്ങളും ധാൎമ്മികനിയമങ്ങളുംപോലെ യേശുക്രി

സ്തുവിൻെറ ആദർശങ്ങളും ധാമ്മികനിയമങ്ങളും ഭൗതിക ലോകത്തിലെ മായാമോഹങ്ങൾ മനുഷ്യനെ ജീവിതത്തിൻെറ യഥാത്ഥ ലക്ഷ്യങ്ങളിൽനിന്നു് മാർഗ്ഗഭ്രംശം വരുത്തുന്നുവെന്നു് കാണിച്ചുകൊടുക്കുക മാത്രമാണു് ചെയ്യുന്നതു്. ഇതേ കാരണം കൊണ്ടുതന്നെ ധിമ്മികനിയമങ്ങളും ലോകത്തിൽ വളരെയധികമാകാൻ വഴിയുണ്ടു്. അതിനാൽ മനുഷ്യജീവിതം സംബന്ധിച്ചു് സ്വീകാര്യമായ ശിക്ഷണം, മനുഷ്യൻ എന്തു ചെയ്യണം എന്നു് അവനെ പഠിപ്പിക്കുന്നതിനുള്ള ശിക്ഷണ ഒന്നുമാത്രമാകാനേ കഴിയൂ.

ഓരോരുത്തരുടെയും ജീവിതം എങ്ങോട്ടോ പൊയ്ക്കൊണ്ടിരിക്കുകയാണു്. അവനു് ആഗ്രഹമുണ്ടെങ്കിലും ഇല്ലെങ്കിലും ആടിയും ഉലഞ്ഞും പ്രവൃത്തികൾ ചെയ്തുകൊണ്ടു് അവനങ്ങനെ നിലനിൽക്കുന്നുവെന്നുമാത്രം. യേശുക്രിസ്തു മനുഷ്യനു് ജീവിതത്തിൻെറ രാജപാത കാട്ടിക്കൊടുത്തിട്ടുണ്ടു്. ഒപ്പംതന്നെ, ആ മാർഗ്ഗങ്ങളിൽനിന്നും തെററിതെറിപ്പിച്ചുകൊണ്ടുപോകാനിടയുള്ള മററു വഴികളെക്കുറിച്ചും സൂചനകൾ നൽകിയിട്ടുണ്ടു്. അങ്ങനെയുള്ള സൂചനകൾ വളരെയധികമാവാം. ധാമ്മികമായ രാജശാസനം എന്നു പറയുന്നതു് ഇവയെയാണു്. ഇപ്രകാരമുള്ള അഞ്ചു് ശാസനങ്ങളാണു് യേശുക്രിസ്തു നൽകിയിട്ടുള്ളതു്. ഇന്നും അവയിലൊന്നിനെക്കുറിച്ചും ഏറിയോ കുറഞ്ഞോ യാതൊന്നും പറയാൻ കഴിയാത്തവിധമാണവ. ജീവിതത്തിലെ രാജപാതയുടെ ലക്ഷ്യം ഒന്നുമാത്രമാണെന്നാണു്,

പറയപ്പെട്ടിട്ടുള്ളതു്. കാരണം ശരിയായൊരു ദിക്കിനെ ക്കുറിക്കുന്ന നേരായ രേഖ ഒന്നു മാത്രമേ ആയിരിക്കാൻ ഇടയുള്ളു.

സമൂഹത്തിലെ ബഹുഭൂരിപക്ഷം അപകടത്തിലായിരിക്കെ, അവർ പട്ടിണിക്കാരും നഗ്നരുമായിരിക്കെ, ജീവിതവിഭവങ്ങളുടെ അഭാവം പരിഹരിക്കാൻ കഠിനയത്നം ചെയ്തുകൊണ്ടിരിക്കെ, തന്നെയും മററുള്ളവരെയും ചതിക്കാൻ ആഗ്രഹിക്കുന്നവക്കു മാത്രമേ അതൊക്കെ കണ്ടുകൊണ്ടു്, വേദനയും കടിച്ചിറക്കി കഴിയുന്ന ആ സമൂഹത്തെ നോക്കി രസിച്ചുല്ലസിച്ചിരിക്കാൻ കഴിയൂ. അങ്ങനെയുള്ളവക്കു മാത്രമേ അന്യരുടെ ജീവിതഭാരം വദ്ധിപ്പിച്ചുകൊണ്ടു്, തങ്ങളുടെതന്നെ കൺമുമ്പിൽ നശിച്ചുകൊണ്ടിരിക്കുന്നവരെയും തങ്ങളെതന്നെയും, അവരുടെ. രക്ഷയ്ക്കും മോചനത്തിനുമുള്ള മാൎഗ്ഗം അന്വേഷിച്ചു കണ്ടെത്താൻ വാചാ മനസ്സാ കമ്മണാ അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്നുവെന്നു് ബോദ്ധ്യപ്പെടാൻ കഴിയൂ.

സത്യത്തിൻെറതായ ശിക്ഷണം സ്വീകരിച്ച, തൻെറ ജീവിതോദ്ദേശം തന്നെ അന്യരെ സേവിക്കുകയാണെന്നു് നിശ്ചയിച്ചുറച്ചിട്ടുള്ള മനുഷ്യൻെറ ജീവിതം; തൻെറ വിയപ്പൊഴുക്കി അദ്ധ്വാനിച്ചു ജീവിക്കണം എന്നു് ബൈബിളിൻെറ ആരംഭത്തിൽ ചേൎത്തിട്ടുള്ള ആ പ്രാഥമികനിയമത്തിലേയ്ക്കു് നയിക്കും. ഈ നിയമമാണു് ഒന്നാമത്തെ നിയമമെന്നു് ബോൺഡാരിഫ് അവകാശപ്പെടുന്നു. സാധാരണ ജനങ്ങളുടെ

മുമ്പിൽ അവക്ക് സ്വീകാര്യയോഗ്യമായി അതിനെ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്, അദ്ദേഹം.

മുകളിൽനിന്നുമിറങ്ങി താഴെ വരിക,—താഴെ അഗാധമായ കിടങ്ങായി നിങ്ങൾ കാണുന്നതു് ഉപരിതലമാണു്.—ക്ഷുധാർത്തന്മാക്ക് ആഹാരം പാകം ചെയ്യുന്നവരോടും നഗ്നന്മാക്ക് വസ്ത്രം തയാറാക്കുന്നവരോടും തോളോടുതോൾ ചേന്നു നിൽക്കൂ. അതിൽ ഭയപ്പെട്ടിട്ടു കാര്യമില്ല. സങ്കോചം കാണിച്ചിട്ടും കാര്യമില്ല. അങ്ങനെ ചെയ്യുന്നതുകൊണ്ടു് നിങ്ങൾക്കൊരു നഷ്ടവുമുണ്ടാവാൻ പോകുന്നില്ല. നേരെമറിച്ചു് എല്ലാ വിധത്തിലും നിങ്ങൾക്കു് ലാഭമുണ്ടാവാനേ ഇടയുള്ളു. സാധാരണക്കാരുടെ ലിസ്ററിൽ സ്വന്തം പേരെഴുതി ചേക്കുക, മെലിഞ്ഞതും ദുർബലവും അവിദഗ്ദ്ധവുമായ കരങ്ങൾകൊണ്ടു് ക്ഷുധാർത്തക്ക് ആഹാരവും നഗ്നന്മാക്ക് വസ്ത്രവും നൽകുന്ന ആ പ്രാഥമിക ജോലിയിൽ ഏപ്പെടുക. ആഹാരത്തിനുവേണ്ടി അദ്ധ്വാനിക്കുക. പ്രകൃതിയുമായി സമരംചെയ്യുക. അപ്പോൾ ജീവിതത്തിലാദ്യമായി നിങ്ങൾക്കു മനസ്സിലാകും, നിങ്ങൾ ഉറച്ച മതിലിലാണു് നിൽക്കുന്നതെന്നു്. ഒപ്പം, യഥാത്ഥമായ സമാധാനം മനസ്സിനുണ്ടെന്നും കാണാൻ കഴിയും. നിങ്ങൾ സ്വതന്ത്രനും, സ്വാവലംബിയുമാണെന്നു് നിങ്ങൾക്കു് ബോദ്ധ്യമാവും. ഉറച്ച കാൽവെയ്പാണു് സാധിച്ചിട്ടുള്ളതു്, യാത്രയുടെ അന്ത്യഘട്ടത്തിലാണു് എത്തിനിൽക്കുന്നതെന്നു് നിങ്ങൾക്കു വിശ്വാസമാവും. ഇതിനുപുറമേ പരിപൂർണ്ണവും വ്യക്തവും അതുല്യവുമായ

ആനന്ദവും നിങ്ങൾ അനുഭവിക്കും. അതു് മറെറങ്ങും ലഭിക്കുകയില്ല. വീട്ടിൽ പുത്തനായി വാതലുകളും ജനാലകളും നിർമ്മിക്കുന്നതുകൊണ്ടോ അതിലൊക്കെ വർണ്ണ ഭംഗിയേറുന്ന കർട്ടനുകൾ തൂക്കുന്നതുകൊണ്ടോ ആ ആനന്ദം നിങ്ങൾക്കു ലഭിക്കാൻ പോകുന്നില്ല.

മുമ്പെങ്ങും അനുഭവിച്ചിട്ടില്ലാത്ത മനഃസന്തോഷം നിങ്ങൾക്കു ലഭിക്കും. ജീവിതത്തിലാദ്യമായി ആ നിഷ്കളങ്കരായ, ഉറപ്പുള്ള ജനങ്ങളുമായി—മനുഷ്യബന്ധുക്കളുമായി—നിങ്ങൾ പരിചയപ്പെടും. ഇന്നുവരെ അകലെ നിൽക്കുകയും നിങ്ങളുടെ വിശപ്പടക്കാൻ സഹായിച്ചവരുമാണവർ. അവരിൽ നിങ്ങൾ മറെറങ്ങും കണ്ടിട്ടില്ലാത്ത സൽഗുണങ്ങൾ കാണുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ ആശ്ചര്യത്തിനതിരുണ്ടാവില്ല. നിങ്ങളെ അത്ഭുതപ്പെടുത്തുമാറു് വിനയത്തോടും മര്യാദയോടും ദയവോടുംകൂടി അവർ നിങ്ങളോടു പെരുമാറും. ഈ വിശിഷ്ടമായ പെരുമാററങ്ങൾക്കൊന്നും തനിക്കു് അർഹതയില്ലെന്നു് നിങ്ങൾക്കപ്പോൾ ബോദ്ധ്യമാവും.

ജീവിതം അവരിൽ അവലംബിച്ചിരിക്കുകയും ജീവിതം മുഴുവൻ അവരെ വെറുക്കുകയും ചെയ്തതിനുശേഷം അവസാനം തിരിച്ചറിയുകയും സ്വന്തം അപകടമായ കൈകൾകൊണ്ടു് അവരെ സഹായിക്കുന്നതിനു് പരിശ്രമിക്കുകയും ചെയ്യുന്നതിനുപകരം, അവർ നിങ്ങളെ സംബന്ധിച്ചേടത്തോളം ദയയും കൃതജ്ഞതയും ആദരവും പ്രകടപ്പിക്കും. നിങ്ങൾ പ്രതീക്ഷിച്ചിരുന്ന

അവഹേളനത്തിനും ശകാരത്തിനും പകരം അവിടെ തികച്ചും മറിച്ചുള്ള അനുഭവമാണ് നിങ്ങൾക്കുണ്ടാവുക.

നിങ്ങൾ ദ്വീപ് എന്നു ധരിച്ചിരുന്നതും, സമുദ്രത്തിലെ കൊടുങ്കാററിൽ മുങ്ങി നശിച്ചുപോകാതെ രക്ഷപെട്ട് നിൽന്നുവെന്ന് പ്രതീക്ഷിച്ചിരുന്നതുമായ ആ ഭാഗം വെറുംചെളിപ്രദേശമാണെന്നും അവിടെ നിങ്ങൾ വീണ്ടും വീണ്ടും മുങ്ങി മുങ്ങി താണുകൊണ്ടേ ഇരിക്കുകയായിരുന്നു എന്നും അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. മറിച്ച്, മറുഭാഗത്തു നിങ്ങൾ എന്താണു കാണുക? അത്യഗാധമായ സമുദ്രമെന്നു കരുതി നിങ്ങൾ ഭയപ്പെട്ടിരുന്ന ആ ഭാഗം ഉണങ്ങി വരണ്ട ഭൂമി മാത്രമാണെന്നു വ്യക്തമാവും. അവിടെ ആനന്ദമായും ഉത്സാഹമായും നിശ്ചിന്തരായും നിങ്ങൾക്ക് ഉലാത്താൻ കഴിയും. ഇല്ലാതെ മറെറാരു ഫലവും അവിടെ ഉണ്ടാവാൻ കഴിയില്ല. കാരണം. അസത്യത്തെയും മായാമോഹങ്ങളെയും (നിങ്ങൾ സ്വന്ത ഇഷ്ടപ്രകാരമല്ല; അന്യരുടെ നിർബന്ധത്തിലാണവിടെ വന്നുകപ്പെട്ടിരുന്നതു്) തകർത്തു മറിച്ച് സത്യത്തിൻെറ സഹായം സ്വീകരിച്ചിരിക്കും. ഇസ്ലാം ശരീഅത്തിനെ അവഹേളിക്കുന്നതിനു പകരം പൂർണ്ണമായും അതിൻെറ പരിപാലനത്തിനു അരയും തലയും മുറുക്കി തയ്യാറെടുത്തിരിക്കും.

★

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M07 Tol. V Acc. No. 45280

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 1 JUL 1989 | | |
| 0 OCT 1989 | | |
| 28 OCT 1989 | | |
| 14 AUG 1990 | | |

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

~~ML~~-1407
Tol-V
45280

ടോൾസ്റ്റായി
വിശ്വാപകഥകളിൽ

Indic Digital Archive Foundation
gpura.org